KNANAYADEEPAM

# ക്നാനായദീപം

Vol: 37 / Issue: 6 June 2026 ₹:20/-



ക്നാനായ സമുദായത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ

## പുണ്യശ്ലോകനായ ഗീവറുഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ

# 5-ാം ചരമവാർഷികം
## (23rd ജൂൺ 2026)



# എ. സി. ഏലിയാമ്മ

(Retd. District Nursing Officer)

W/o Late Mr. ഈ .ജെ .കുറിയാക്കോസ് ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി

"[illegible]"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ ( ഐസക് ,റേച്ചൽ, കുറിയാക്കോസ് & എൽസ).

Advt -O

# ക്നാനായ ദീപം

2026 ജൂൺ പുസ്തകം 37 ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 07
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

കുർബ്ബാനവീഥിയിൽ 10
ഫാ. ജേക്കബ് കല്ലുകുളം

സ്കൂളുകൾ കുട്ടികളെ കൂടുതൽ പഠിക്കണം 15
സുനിൽ ഡി. കുരുവിള

സ്വന്തം ജനതയ്ക്ക് മിസ്രയിമിൽ ദൈവം... 17
സണ്ണി ജേക്കബ് കാട്ടുവേലിൽ

വിശുദ്ധ മാർത്തോമ്മാശ്ലീഹായും ക്നാനായക്കാരും 18
വെരി. റവ. റോയ് മാത്യു മുളമൂട്ടിൽ കോർ–എപ്പിസ്കോപ്പ

ജീവിതയാത്ര 19
അമ്മാൾ രാജൻ പുളിമൂട്ടിൽ

ഏവൻഗേലിയോൻ ദീപം 20
നോബിൻ ചെറിയാൻ ബിനു, കോട്ടൂർ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 24

പ്രത്യാശയോടും ദൃഢവിശ്വാസത്തോടും അന്ത്യയാത്ര 37
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

38 ജീവിത കൊടുങ്കാറ്റുകളെ....
ഡോ. അഖിൽ മനോജ് പുന്നുച്ചേരിൽ

39 വിശ്വാസികൾ സൂക്ഷിക്കണം...
ജയ്നമ്മ മർക്കോസ് നടുവിലെപറമ്പിൽ

44 മല്പാനോട് ചോദിക്കാം

45 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**വേഗം വരുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രിയ ദീപം വായനക്കാർക്ക് സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

എളിയ ജീവിതവും ഉന്നതമായ ലക്ഷ്യവും എന്ന ആശയത്തിന് ഇന്ന് ആരും വില കല്പിക്കുന്നില്ല. ഒരു കാലത്ത് ക്രിസ്ത്യാനികളും ക്രിസ്തീയ പ്രവർത്തകരും വളരെ ത്യാഗത്തോടെ പ്രവർത്തിച്ചിരുന്നു. ഈ കാഴ്ചപ്പാടൊക്കെ മാറി സുഖലോലുപ ജീവിതത്തിലേക്ക് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദൈവീക ബന്ധത്തിൽ വചനാടിസ്ഥാനത്തിൽ ജീവിക്കാനും പ്രവർത്തിക്കാനും വിശ്വാസികൾക്കും കർത്താവിന്റെ വേലക്കാർക്കും കഴിയണം. വിദ്യാഭ്യാസ മേഖലയിൽ നടമാടുന്ന കലുഷിതമായ പ്രവൃത്തികൾ എത്ര യുവാക്കളുടെയാണ് ജീവനും ഭാവിക്കും ഭീഷണിയായി തീരുന്നത്. ഇത് മനുഷ്യനന്മയെക്കുറിച്ച് പറയുന്ന ഒരു സിദ്ധാന്തത്തിലും പറയാത്ത കാര്യങ്ങളാണ്. ഇത് ലോകത്തിലെ സാമൂഹ്യ വിരുദ്ധരുടെയും ഭീകരവാദികളുടെയും പ്രവർത്തനങ്ങളേയും സ്വഭാവങ്ങളേയും അനുകരിക്കുന്നതുകൊണ്ട് സംഭവിക്കുന്ന കാര്യങ്ങളാണ്. ഈ ലോകം പിശാചിന്റെ ആധീനതയിലാണ് എന്ന് ഓർത്തു വേണം ലൗകിക കാര്യങ്ങളിൽ ഏർപ്പെടുവാൻ. സ്നേഹം കൂടി പെൺകുട്ടികളെ വശീകരിച്ച് നശിപ്പിക്കുകയോ വിൽക്കുകയോ ചെയ്യുന്നു. ഇത്തരം ചതിക്കുഴികളെക്കുറിച്ചുള്ള തിരിച്ചറിവില്ലാതെ എത്രയോ പേർ നശിക്കുന്നു.

ഇന്ന് ലഹരി മാഫിയ എത്ര ശക്തമെന്ന് ചിന്തിക്കേണ്ടതാണ്. ഞാനിതിലൊന്നും വീഴില്ലെന്ന വാക്കു പറഞ്ഞ് പലരും ഉപദേശങ്ങളെ തള്ളിക്കളയുന്നു ണ്ട്. അങ്ങനെയുള്ളവർ വല്ലപ്പോഴും ഒഴുകിപ്പോകുന്നത് കാണാൻ കഴിയും.

ന്യൂജൻ (പുതിയ തലമുറക്കാർ) അവർക്ക് പുതുമ നിറഞ്ഞ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നതു നല്ല കാര്യമാണ്. അത് സ്വന്തം ജീവന് നാശം വരുത്തുന്നതായാൽ അത് അനുകരിക്കുന്നത് അപകടമെന്ന് മനസ്സിലാക്കാനുള്ള വിവേചനശക്തി ആവശ്യമാണ്. ഈവക കാര്യങ്ങളിൽനിന്നും ജനത്തെ പിൻതിരിപ്പിക്കുവാൻ ദൈവം കഴിഞ്ഞ കാലങ്ങളിൽ തന്റെ ദാസരിലൂടെയും വചനത്തിലൂടെയും സംസാരിച്ചപ്പോൾ അതിനെ പുച്ഛിച്ചു തള്ളുവാൻ മാത്രമേ സഭാ നേതൃത്വത്തിനും കഴിഞ്ഞുള്ളൂ. ഇന്ന് തെരുവുകൾ തോറും, മാദ്ധ്യമങ്ങളിലൂടെയും മെത്രാന്മാർ, വൈദികർ അവഹേളിക്കപ്പെടുന്നു. വായിൽ തോന്നുന്നതെന്തും വിളിച്ചുപറയാൻ ലോകത്തിന്റെ മനുഷ്യർക്ക് ബുദ്ധിമുട്ടില്ല. എന്നാൽ ദൈവരാജ്യത്തിന്റെ വക്താക്കളായിരിക്കേണ്ട മെത്രാന്മാർക്ക് അവരുടെ നിലയിലേക്കിറങ്ങാനും അധ:പതിക്കാനും സാധിക്കില്ല. സഭയെ പീഡിപ്പിക്കാൻ തനിക്ക് കിട്ടിയ സന്ദർഭം സാത്താൻ ശരിക്കും വിനിയോഗിക്കുക തന്നെ ചെയ്യും. സഭാസ്ഥാപനങ്ങൾ, ആശുപത്രികളും സ്കൂളുകളും ഒക്കെ ബ്ലേഡ് കമ്പനികളെപ്പോലെ സമ്പത്തിനുവേണ്ടി നിലകൊണ്ടപ്പോൾ ഒരു സാധാരണക്കാരന്റെ മനസ്സിൽ സഭാ നേതൃത്വത്തോടുള്ള സ്നേഹവും ബഹുമാനവും മരിച്ചു കഴിഞ്ഞിരുന്നു. ഇന്ന് പള്ളിപ്പെരുന്നാളുകൾപോലും ചൂഷണത്തിന്റെ വേദികളാണ്. ഉദാഹരണത്തിന് തൃശൂർ ഒരു പള്ളിയിൽ മാതാവിന്റെ തലയിൽ കിരീടം വയ്ക്കുക എന്നൊരു ചടങ്ങുണ്ട്. കിരീടം വയ്ക്കാൻ പണം കൊടുക്കണം. അതുപോലെ പുണ്യവാന്മാരുടെയും മാലാഖമാരുടെയും യേശുവിന്റെയും മാതാവിന്റെയും രൂപങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. ഈ ഇനത്തിൽ എത്ര ആയിരം രൂപയാണ് പള്ളിക്കു വരുമാനം. ഓരോ കാര്യത്തിനും നിശ്ചിത നിരക്കിൽ പണം കൊടുക്കണമെന്ന് പള്ളി മുറ്റത്ത് ബോർഡിൽ പരസ്യപ്പെടുത്തുന്നു. എല്ലാത്തിനും പണം കൊടുക്കണം. പണം ഉള്ളവനുവേണ്ടി എന്തും ചെയ്യും. ഇല്ലാത്തവൻ ശബ്ദിക്കരുത് ഇതാണ് ഇന്നത്തെ സ്ഥിതി. തിരുശേഷിപ്പുകൾ സ്ഥാപിച്ച് എത്രയോ പണം സമ്പാദിക്കുന്നു. മെത്രാന്മാരും വൈദികരും പണത്തിനുവേണ്ടി മാത്രമാണ് ജീവിക്കുന്നത് എന്ന് പ്രചരിപ്പിക്കുന്നു. എന്തുകൊണ്ട് സഭയിൽ നിന്ന് ജനങ്ങൾ അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു എന്ന സത്യം മനസ്സിലാക്കണം. എഴുപതുകളിലെ കോളേജ് സമരത്തിന് സഭയുടെ മുഴുവനും പിൻബലം ഉണ്ടായിരുന്നു. ഇന്ന് അപ്രകാരമൊരു സമരമുണ്ടായാൽ ഒരു ന്യൂനപക്ഷം മാത്രമേ സഭയോടൊത്ത് വരികയുള്ളൂ. സഭയിലെ ഇന്നത്തെ വഴക്കുകളും കക്ഷികളും അവസാനിപ്പിച്ച് തെറ്റുതിരുത്താൻ സഭാ നേതൃത്വം തയ്യാറായില്ലെങ്കിൽ നഷ്ടം സംഭവിക്കുക വരും തലമുറക്കായിരിക്കും.

സഭ തെറ്റു തിരുത്തണം, മെത്രാന്മാരും വൈദികരും സുവിശേഷകരും കർത്താവായ യേശുവിലേക്കു തിരികെ വരണം. ദൈവ വചനത്തിനു നിരക്കാത്ത രീതിയിൽ അന്യമതങ്ങളെ അനുകരിക്കാൻ പോയതും അവയിലെ മാലിന്യങ്ങൾ ക്രിസ്തീയ വിശ്വാസത്തിൽ കൂടിചേർത്തതും സഭ അക്രമിക്കപ്പെടാൻ കാരണമാണ്. സഭയിൽ ഇന്ന് കക്ഷിവഴക്കുകൾ രൂക്ഷമായിരിക്കുകയാണ്. ഇതിൽ ഒരു പക്ഷത്തും ഇല്ലാത്ത നിഷ്പക്ഷമതികൾ വളരെയാണ്. അവർ സഭയ്ക്ക് എതിരായ നിലപാട് സ്വീകരിച്ചാൽ സഭാ നേതൃത്വം ഒറ്റപ്പെടും. സഭ തിന്മയെ തിരിച്ചറിഞ്ഞ് അതിനെ ചെറുക്കണം. ദാസന്റെ മനോഭാവത്തിലേക്ക് ഇറങ്ങിവരാനും തയ്യാറാവണം. ദൈവ വചനത്തിന് അനുസരിച്ച് ജീവിക്കാൻ ഓരോരുത്തരും തയ്യാറാകണം. സഭയെ വിശുദ്ധീകരിക്കുക. കർത്താവ് തന്റെ സർവ്വശക്തിയോടും കൂടെ കടന്നുവരും. ശത്രുക്കളെ ചിതറിക്കും. സഭ തെറ്റു തിരുത്തിയാൽ പള്ളികൾക്കും സഭാ സ്ഥാപനങ്ങൾക്കും സ്വർഗ്ഗം ഏറ്റവും വലിയ സംരക്ഷണം നൽകും. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവീൻ. (റോമ.12:2).

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**പ്രാർത്ഥനയിലും, ഉപവാസത്തിലും, ആത്മസമർപ്പണത്തിലും വളർന്ന്, "ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികൾ" ആകുവാൻ വിശ്വാസിയെ പ്രേരിപ്പിക്കുന്ന അനുഗ്രഹീതമായ ഒരു വിശുദ്ധകാലമായി നമ്മുടെ ഈ വർഷത്തെ ശ്ലീഹാനോമ്പ് ആചരണം വഴി സാധിക്കട്ടെ.**

വർഷത്തിന്റെ പാതിയിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ലഭ്യമായ ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിച്ച് ദൈവം നടത്തുമെന്ന പ്രത്യാശയോടെ ദൈവം ദാനമായി നൽകുന്ന ദിനങ്ങളിൽ യാത്ര ചെയ്യാം. ജൂൺ മാസത്തിൽ പരിശുദ്ധ സഭ ആചരിക്കുന്ന ശ്ലീഹാ നോമ്പ്, വിശ്വാസ ജീവിതത്തെ ആത്മീയമായി പുതുക്കുന്ന മഹത്തായ ഉപവാസദിനങ്ങളാണ്. പരിശുദ്ധ ശ്ലീഹന്മാരായ പത്രോസിന്റെ യും പൗലോസിന്റെയും പെരുന്നാളിൽ സമാപിക്കുന്ന ഈ നോമ്പ്, അപ്പസ്തോലിക സഭയുടെ ആത്മാവിനെയും ദൗത്യബോധത്തെയും വിശ്വാസികളുടെ ഹൃദയത്തിൽ പുതുക്കി സ്ഥാപിക്കുന്നു. ശ്ലീഹാ നോമ്പ് ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കാൻ വിശ്വാസിയെ ഒരുക്കുന്ന ആത്മീയ പരിശീലന കാലമാണ്. ശ്ലീഹന്മാർ സുവിശേഷത്തിനുവേണ്ടി കഷ്ടതകളും പീഡനങ്ങളും മരണവും വരെ സഹിച്ചു. പത്രോസ് ദൈവകൃപയിൽ ശക്തനായ വിശ്വാസസാക്ഷിയായി മാറിയപ്പോൾ, പൗലോസ് തന്റെ മുഴുവൻ ജീവിതവും ക്രിസ്തുവിന്റെ ദൗത്യത്തിനായി സമർപ്പിച്ചു. ഈ മഹത്തായ ജീവിതസാക്ഷ്യങ്ങളെയാണ് സഭ ശ്ലീഹാ നോമ്പിലൂടെ വിശ്വാസികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. അതിനാൽ ഈ നോമ്പ് വിശ്വാസജീവിതത്തിൽ ആത്മപരിശോധനയ്ക്കും ആത്മനിയന്ത്രണത്തിനും ദൈവസന്നിധിയിലേക്ക് കൂടുതൽ അടുക്കുന്നതിനും സഹായകമാകുന്നു. അതുകൊണ്ട് ശ്ലീഹാനോമ്പ് ഒരു പതിവ് ആചാരമെന്നതിലുപരി, സഭയുടെ ദൗത്യചൈതന്യം പുതുക്കുന്ന ആത്മീയ അനുഭവമാകണം. ശ്ലീഹന്മാരെപ്പോലെ ക്രിസ്തുവിനെ സ്നേഹിക്കുകയും സുവിശേഷത്തിനായി ജീവിക്കുകയും ചെയ്യാൻ ഓരോ വിശ്വാസിയെയും ഇത് ആഹ്വാനം ചെയ്യുന്നു. പ്രാർത്ഥനയിലും, ഉപവാസത്തിലും, ആത്മസമർപ്പണത്തിലും വളർന്ന്, " ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികൾ" ആകുവാൻ വിശ്വാസിയെ പ്രേരിപ്പിക്കുന്ന അനുഗ്രഹീതമായ ഒരു വിശുദ്ധകാലമായി നമ്മുടെ ഈ വർഷത്തെ ശ്ലീഹാനോമ്പ് ആചരണം വഴി സാധിക്കട്ടെ.

ജൂൺ മാസം പ്രകൃതിയിലും ജീവിതത്തിലും പുതുമയുടെ സന്ദേശവുമായി എത്തുന്ന കാലഘട്ടമാണ്. മഴയുടെ ശീതളതയോടൊപ്പം പുതിയ അദ്ധ്യയന വർഷവും ആരംഭിക്കുമ്പോൾ, അത് കുട്ടികൾക്ക് പുതിയ പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും പഠനയാത്രയുടെയും തുടക്കമാകുന്നു. വിദ്യാലയം വെറും പാഠപുസ്തകങ്ങൾ പഠിക്കുന്ന ഇടമല്ല; ശീലങ്ങളും മൂല്യങ്ങളും ഉത്തരവാദിത്വവും സ്നേഹവും സഹകരണവും അഭ്യസിക്കുന്ന ജീവിത പാഠശാലയാണ്. അതുകൊണ്ട് കുട്ടികൾ പഠനത്തിൽ ശ്രദ്ധയോടെയും അദ്ധ്യാപകരോടുള്ള ആദരവോടെയും മാതാപിതാക്കളുടെ നിർദ്ദേശങ്ങളോടുള്ള അനുസരണയോടെയും വളരേണ്ടത് അത്യാവശ്യമാണ്. സമയക്രമം പാലിക്കുക, നല്ല സുഹൃത്തുക്കളെ തിരഞ്ഞെടുക്കുക, മൊബൈൽ ഫോണിന്റെയും

സമൂഹ മാധ്യമങ്ങളുടെയും അമിത ഉപയോഗം ഒഴിവാക്കുക. ദിവസേന പ്രാർത്ഥനക്കും വായനയ്ക്കും സമയം കണ്ടെത്തുക എന്നിവ കുട്ടികളുടെ ജീവിതത്തെ കൂടുതൽ ശുഭകരമാക്കും. മത്സരമല്ല, വ്യക്തിത്വ വികസനമാണ് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ന് മനസ്സിലാക്കണം. ദൈവഭക്തിയും നല്ല സ്വഭാവവും കഠിനാദ്ധ്വാനവും ചേർന്നാൽ ഓരോ കുട്ടിക്കും സമൂഹത്തിന് പ്രകാശമാകാൻ കഴിയും. പുതിയ അധ്യയന വർഷം അറിവിൽ മാത്രമല്ല, നന്മയിലും വിശ്വാസത്തിലും മാനവികതയിലും വളരാനുള്ള അനുഗ്രഹീതമായ അവസരണമാണെന്ന ബോധ്യത്തോടെ മുന്നോട്ട് പോകാം.

കേരളത്തിൽ പുതിയ മന്ത്രിസഭ അധികാരമേറ്റിരിക്കുന്ന ഈ അവസരം ജനാധിപത്യത്തിന്റെ പുതു പ്രതീക്ഷയുടെയും നിമിഷമാണ്. ജനങ്ങളുടെ ക്ഷേമവും സംസ്ഥാനത്തിന്റെ സമഗ്ര വികസനവും മുൻനിർത്തി പ്രവർത്തിക്കുവാൻ ദൈവം ഈ ഭരണ സംവിധാനത്തിന് ജ്ഞാനവും, ദർശനവും നൽകട്ടെയെന്ന് ആശംസിക്കുന്നു. രാഷ്ട്രീയ ഭേദങ്ങൾക്കതീതമായി ജനങ്ങളെ സേവിക്കാനുള്ള മനസ്സും, സത്യസന്ധതയും, ഉത്തരവാദിത്വബോധവും ഭരണാധികാരികൾക്കുണ്ടാകേണ്ടത് അത്യാവശ്യമാണ്. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുന്ന കരുണയുള്ള ഭരണവും, യുവജനങ്ങൾക്കും, കർഷകർക്കും, തൊഴിലാളികൾക്കും, സ്ത്രീകൾക്കും, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രത്യാശ നൽകുന്ന വികസനപരമായ തീരുമാനങ്ങളും ഈ സർക്കാരിലൂടെ നടപ്പാകട്ടെ. സമാധാനവും നീതിയും സഹോദര്യവും സംരക്ഷിക്കുന്ന ജനക്ഷേമഭരണം കേരളത്തിന് അനുഗ്രഹമാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പുതിയ മന്ത്രിസഭയ്ക്ക് ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

മെയ് 29, 30, 31 തീയതികളിൽ ക്നാനായ കോൺഗ്രസ് നേതൃത്വത്തിൽ നീലംപേരൂർ സെന്റ് ജോർജ്ജ് വലിയപള്ളിയിൽ സംഘടിപ്പിക്കപ്പെട്ട സിറിയൻ കുടിയേറ്റ വാർഷികാഘോഷങ്ങൾ ആത്മീയതയുടെയും പാരമ്പര്യ ബോധത്തിന്റെയും കൂട്ടായ്മയുടെയും മഹത്തായ സാക്ഷ്യമായി അനുഗ്രഹകരമായി സമാപിച്ചു. ക്നാനായ സമൂഹത്തിന്റെ വിശ്വാസപാരമ്പര്യവും സാംസ്കാരിക തനിമയും പുതുതലമുറയ്ക്ക് പകർന്നു നൽകുവാൻ ഈ മഹാസംഗമം വലിയ പങ്കുവഹിച്ചു. ഈ മഹത്തായ പരിപാടി അത്യന്തം ക്രമീകൃതമായും ഭക്തിനിർഭരമായും സംഘടിപ്പിച്ച സംഘാടക സമിതിയെയും, ക്നാനായ കോൺഗ്രസ് ഭാരവാഹികളെയും ഹൃദയം നിറഞ്ഞ് അനുമോദിക്കുന്നു. ദിവസങ്ങളോളം അഹോരാത്രം പ്രയത്നിച്ച് ക്രമീകരണങ്ങൾ നിർവ്വഹിച്ച പ്രവർത്തകരുടെയും, ആത്മാർത്ഥമായി സഹകരിച്ച വൈദികരുടെയും, ദൈവാലയ ഭാരവാഹികളുടെയും, യുവജനങ്ങളുടെയും, വനിതാസമാജ പ്രവർത്തകരുടെയും, എല്ലാ സന്നദ്ധ സേവകരുടെയും സമർപ്പണ മനോഭാവം പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. ആഘോഷ വിജയത്തിനായി പ്രാർത്ഥനയാലും, സാന്നിദ്ധ്യത്താലും, സാമ്പത്തിക സഹായത്താലും വിവിധ രീതികളിലുള്ള പിന്തുണയാലും സഹകരിച്ച എല്ലാ വിശ്വാസികളെയും നന്ദിയോടെ ഓർക്കുന്നു. പൂർവ്വികർ വിശ്വാസത്തിലും പാരമ്പര്യത്തിലും കാത്തുസൂക്ഷിച്ച മഹത്തായ ആത്മീയ പൈതൃകം ഇന്നത്തെ തലമുറയിൽ പുതുജീവനോടെ നിലനിർത്തുവാൻ ഇത്തരം വാർഷികാഘോഷങ്ങൾ ശക്തമായ പ്രചോദനമാകുന്നു. സമൂഹ ഐക്യവും, വിശ്വാസദൃഢതയും പരസ്പരസ്നേഹവും കൂടുതൽ വളർത്തിയ ഈ അനുഗ്രഹീത സംഗമം ക്നാനായ സമുദായ ചരിത്രത്തിൽ സ്മരണീയമായ ഒരു അദ്ധ്യായമായി നിലനിൽക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മത്സരമല്ല, വ്യക്തിത്വ വികസനമാണ് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ന് മനസ്സിലാക്കണം. ദൈവഭക്തിയും നല്ല സ്വഭാവവും കഠിനാദ്ധ്വാനവും ചേർന്നാൽ ഓരോ കുട്ടിക്കും സമൂഹത്തിന് പ്രകാശമാകാൻ കഴിയും.**

കോട്ടയം വലിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത പുണ്യശ്ലോകനായ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മയുടെ ശതാബ്ദി ആഘോഷങ്ങളുടെ പ്രാരംഭം ജൂൺ 10,11 തീയതികളിൽ അതീവ ഭക്തിനിർഭരമായും ആത്മീയ ഗൗരവത്തോടെയും സംഘടിപ്പിക്കപ്പെട്ടത് ക്നാനായ സമൂഹത്തിന് അഭിമാനവും, ആത്മീയ പ്രചോദനവും പകരുന്ന അനുഗ്രഹീത അനുഭവമായി മാറി. ദീർഘ വീക്ഷണവും, ആത്മീയതയും, ദാനശീലവും കൊണ്ട് ക്നാനായ സമൂഹത്തിന്റെ വളർച്ചയ്ക്ക് അടിത്തറ പാകിയ മഹാനായ ഇടയന്റെ സ്മരണയെ യോഗ്യമായ രീതിയിൽ ആചരിക്കുവാൻ മുന്നിട്ടിറങ്ങിയ വലിയപള്ളി വികാരിയച്ചനും, ഭരണസമിതിയംഗങ്ങളും, ഇടവകജനങ്ങളും പ്രത്യേക പ്രശംസയും അഭിനന്ദനവും അർഹിക്കുന്നു. തിരുമേനിയുടെ മഹത്തായ സേവനങ്ങളെയും സഭയ്ക്കും സമൂഹത്തിനും നൽകിയ ആത്മീയ നേതൃത്വത്തെയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ ഈ ആഘോഷങ്ങൾ വലിയ അവസരമായി മാറി. ഈ ഓർമ്മപെരുന്നാൾ വിജയകരമാക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. പ്രഥമ മെത്രാപ്പോലീത്ത തിരുമേനിയുടെ വിശുദ്ധ സ്മരണയും, അനുഗ്രഹീത മാതൃകയും ക്നാനായ സമൂഹത്തെ ഐക്യത്തിലും വിശ്വാസത്തിലും സേവനാത്മകതയിലും കൂടുതൽ ശക്തിപ്പെടുത്തട്ടെയെന്ന് പാർത്ഥിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**

**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

പുതുവർഷത്തിന്റെ അക്ഷരമുറ്റത്തേക്ക്: പ്രതിഭകളും പ്രതിബദ്ധതയുമുള്ള ഒരു തലമുറ വളരട്ടെ. വേനലവധിയുടെ ആഹ്ലാദ ദിനങ്ങൾക്ക് വിരാമമിട്ട് പുത്തൻ പ്രതീക്ഷകളോടെയും ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ വീണ്ടും വിദ്യാലയങ്ങളിലേക്ക് ചുവടുവെക്കുകയാണ്. അറിവിന്റെയും സൗഹൃദത്തിന്റെയും പുതിയൊരു അദ്ധ്യയന വർഷത്തിന് തുടക്കമാകുമ്പോൾ എല്ലാ പ്രിയപ്പെട്ട വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. പഠനത്തിലൂടെ നിങ്ങളുടെ ഭാവി ഏറ്റവും മനോഹരമാക്കുവാൻ സർവ്വശക്തനായ ദൈവം തമ്പുരാൻ നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. വിദ്യാഭ്യാസം എന്നത് കേവലം പുസ്തകവിജ്ഞാനം നേടലോ പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങലോ മാത്രമല്ല; അത് വ്യക്തിത്വ രൂപീകരണത്തിന്റെ കൂടി പ്രക്രിയയാണ്. മാറുന്ന ലോകത്ത് അറിവിനൊപ്പം നന്മയും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു തലമുറയായി വളരാൻ നമ്മുടെ കുട്ടികൾക്ക് സാധിക്കേണ്ടതുണ്ട്. പ്രത്യേകിച്ച്, ക്നാനായ സമുദായത്തിലെ പ്രിയപ്പെട്ട കുട്ടികളോട് എനിക്ക് പങ്കുവെക്കാനുള്ളത് വലിയൊരു സ്വപ്നമാണ്. നമ്മുടെ സമുദായത്തിലെ കുട്ടികൾ തങ്ങളുടെ കഴിവുകൾ പരമാവധി പ്രയോജന പ്പെടുത്തി ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കണം. അതോടൊപ്പം തന്നെ, രാജ്യം ഭരിക്കുന്ന സിവിൽ സർവ്വീസിന്റെ ഉന്നത പദവികളിലേക്കും, നാടിന്റെ ദിശ നിർണ്ണയിക്കുന്ന രാഷ്ട്രീയ- സാമൂഹിക രംഗങ്ങളിലേക്കും സമുദായത്തിലെ പുതിയ തലമുറ സധൈര്യം കടന്നുവരേണ്ടതുണ്ട്. ഭരണ നേതൃത്വത്തിലും സാമൂഹിക സേവനരംഗത്തും സജീവ സാന്നിധ്യമായി മാറാൻ നമ്മുടെ കുട്ടികൾ ഇന്നുതൊട്ടേ സ്വയം സജ്ജരാകണം. ജാതി-മത ചിന്തകൾക്കതീതമായി സ്നേഹത്തിലും സാഹോദര്യത്തിലും ഒന്നിച്ച് വളരാൻ ഈവിദ്യാലയകാലം എല്ലാവർക്കും പ്രചോദനമാകട്ടെ. കുട്ടികളെ സ്നേഹത്തോടെയും കരുതലോടെയും വഴി നടത്തുന്ന മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ഈ പുതിയ അധ്യയനവർഷം ഏറെ അനുഗ്രഹീതമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു. അഭിമാന നിമിഷം: നമ്മുടെ ഓതറ നസ്രേത്ത് ഫാർമസി കോളേജിന് ഉജ്ജ്വല വിജയം! നമ്മുടെ സമുദായത്തിന്റെ കീഴിലുള്ള നസ്രേത്ത് ഫാർമസി കോളേജിന് അഭിമാനകരമായ നേട്ടം. കേരള ആരോഗ്യ സർവ്വകലാശാല പ്രസിദ്ധീകരിച്ച 2026-ലെ പരീക്ഷാ ഫലങ്ങളിൽ, ബി.ഫാം (B.Pharm) ഫൈനൽ ബാച്ച് വിദ്യാർത്ഥികൾ 100% വിജയം കരസ്ഥമാക്കിയെന്ന സന്തോഷവാർത്ത ഏവരേയും അറിയിക്കുന്നു. ബി.ഫാമിന് പുറമേ, Pharm D, എം.ഫാം M.Pharm കോഴ്സുകളിലും കോളേജ് 100% വിജയം നിലനിർത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന തലത്തിൽ നടന്ന ഫാർമസി കോളേജ് കലാമത്സരങ്ങളിൽ നമ്മുടെ കോളേജ് നാലാം സ്ഥാനം കരസ്ഥമാക്കി കലാരംഗത്തും മികവ് തെളിയിച്ചു. ഈ ഉജ്ജ്വല വിജയത്തിനായി കഠിനപ്രയത്നം ചെയ്ത പ്രിയ വിദ്യാർത്ഥികളെയും, അവർക്ക് മാർഗ്ഗ നിർദ്ദേശം നൽകിയ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഒപ്പം കോളേജിന്റെ ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച മാനേജർ സെക്രട്ടറി, ഗവേണിംഗ് ബോഡി അംഗങ്ങൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തെയും സ്മരിക്കുന്നു. വരും വർഷങ്ങളിലും നമ്മുടെ സ്ഥാപനത്തിന് ഇതിലും മികച്ച വളർച്ചയും വിജയങ്ങളും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. നമ്മുടെ സമുദായത്തിലെ കുട്ടികൾക്ക് ഫാർമസി കോളേജിൽ എല്ലാ രീതിയിലും വലിയ പരിഗണന ലഭിക്കും. കുട്ടികളെ കോളേജിൽ ചേർക്കാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കൾ മാനേജുമെന്റുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു. ക്ലീമീസ്സ്കൂൾ ക്നാനായ സമുദായത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റ ചരിത്രത്തിൽ സുവർണ്ണാക്ഷരങ്ങൾ ചാർത്തിക്കൊണ്ട്, ഈ അധ്യയന വർഷത്തെ പത്താം ക്ലാസ്, ഹയർ സെക്കൻഡറി പരീക്ഷകളിൽ ഉജ്ജ്വല വിജയം കൈവരിച്ച നമ്മുടെ പ്രിയപ്പെട്ട ക്ലീമീസ്സ്കൂളിന് ഹൃദയംഗമായ അഭിനന്ദനങ്ങൾ!

കഠിനാദ്ധ്വാനത്തിന്റെയും കൃത്യമായ ആസൂത്രണത്തിന്റെയും ഫലമായി ഈ ഉന്നത വിജയം സമ്മാനിച്ച നമ്മുടെ പ്രിയപ്പെട്ട വിദ്യാർത്ഥികളെ ഓർത്ത് സമുദായം ഏറെ അഭിമാനിക്കുന്നു. ഈ വലിയ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച വിദ്യാലയത്തിന്റെ ചാലശക്തികളായ ബഹുമാനപ്പെട്ട പ്രിൻസിപ്പാളിനും, ത്യാഗമനസ്കരായ അദ്ധ്യാപകർക്കും, സ്തുത്യർഹമായ സേവനം കാഴ്ചവെച്ച മറ്റ് ജീവനക്കാർക്കും, വിദ്യാലയത്തിന് കരുത്തുറ്റ നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മാനേജർക്കും, ദീർഘവീക്ഷണത്തോടെ വഴികാട്ടുന്ന ഗവേണിംഗ്ബോഡി അംഗങ്ങൾക്കും, പിന്തണയു

മായി ഒപ്പമുണ്ടായിരുന്ന രക്ഷകർത്താക്കൾക്കും മാനേജ്മെന്റിന്റെയും സമുദായത്തിന്റെയും പേരിൽ സ്നേഹാദരങ്ങൾ നിറഞ്ഞ അഭിനന്ദനങ്ങളും കൃതജ്ഞതയും രേഖപ്പെടുത്തുന്നു. നമ്മുടെ ഈ അക്കാദമിക് മികവ് വരുംവർഷങ്ങളിലും കൂടുതൽ കരുത്തോടെ തുടരുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിജയത്തിന്റെ ഈ ദീപ്തിയിൽ പങ്കു ചേരുന്ന എല്ലാ പ്രിയപ്പെട്ടവർക്കും ഒരിക്കൽക്കൂടി മംഗളങ്ങൾ നേരുന്നു! ക്ലീമീസ് സ്കൂളിന്റെ മാനേജരായിരിക്കുന്ന റവ.ഫാ.എം.സി. സ്ക്കറിയാ മതുരം കോട്ട് അവധിയിൽ പ്രവേശിക്കുന്നതിനാൽ, റവ.ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുപുറം ക്ലീമീസ് സ്കൂൾ മാനേജരായി ചുമതലയേറ്റു."

നൂറ്റാണ്ടുകളുടെ വിശ്വാസ പാരമ്പര്യവും തനിമയും കാത്തു സൂക്ഷിക്കുന്ന ക്നാനായ സമുദായത്തിന്റെ ആത്മീയ ചൈതന്യവും ഐക്യവും വിളംബരം ചെയ്തുകൊണ്ട്, 1681-ാം മത് സുറിയാനി ക്നാനായ സംഗമവും ക്നാനായ കോൺഗ്രസ് വാർഷിക സമ്മേളനവും നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയ പള്ളിയിൽ പ്രൗഢഗംഭീരമായി നടന്നു. ആചാരപരമായ തനിമയും ആഘോഷപ്പൊലിമയും ഒത്തു ചേർന്നു മൂന്നു ദിവസത്തെ ഈ സംഗമം സമുദായ ചരിത്രത്തിലെ സുവർണ്ണ അദ്ധ്യായമായി മാറി. സംഗമത്തിന് തുടക്കം കുറിച്ചുകൊണ്ട് നീലംപേരൂർ സെന്റ്ജോർജ് ക്നാനായ വലിയ പള്ളിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് പതാക ഉയർത്തി. സമുദായത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെയും വൈദികരുടെയും സാന്നിധ്യത്തിൽ നടന്ന കൊടിയേറ്റ് ചടങ്ങ് ആത്മീയ ഉണർവേകുന്നതായിരുന്നു. ഒന്നാം ദിവസം നടന്ന വി. കുർബ്ബാനയ്ക്കും കലാമത്സരങ്ങൾക്കുശേഷം യുവജന സംഗമം, ചരിത്ര സെമിനാർ എന്നിവയും സംഘടിപ്പിച്ചു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു ഉദ്ഘാടന സമ്മേളനം ആന്റോ ആന്റണി എം.പി. ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. വിശ്വാസപാരമ്പര്യങ്ങളിൽ അടിയുറച്ചുനിന്ന് ജീവിതവിജയത്തിലേക്ക് മുന്നേറുന്ന സമൂഹമാണ് ക്നാനായ സമുദായമെന്ന് അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു പ്രൗഢഗംഭീരമായ സാംസ്കാരിക സമ്മേളനം തലമുറകളിലൂടെ കൈമാറുന്ന അനുഗൃഹീത പാരമ്പര്യവും മൂല്യമാണ് ക്നാനായ സമുദായത്തിന്റെ കരുത്തെന്ന് അദ്ധ്യക്ഷപ്രസംഗം നടത്തിയ ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ് ഓർമ്മിപ്പിച്ചു. സാംസ്കാരിക സമ്മേളനത്തിന്റെ മുഖ്യ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അനൂപ് ജേക്കബ് നിർവ്വഹിച്ചു.

ചടങ്ങിൽ ഡോ. തോമസ് സാമുവേൽ അനുഗ്രഹപ്രഭാഷണം നടത്തി. സമുദായത്തിന്റെ അഭിമാനകരമായ ഭവന നിർമ്മാണ പദ്ധതിയായ 'സേവേറിയോസ് ഹൗസിങ്ങ് പ്രോജക്ട്' സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ സമ്മേളനത്തിൽ അവതരിപ്പിച്ചു. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത്, ജനറൽ സെക്രട്ടറി റോയി ചാക്കോ പുത്തൻ പുരയ്ക്കൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ലിനു ചെറിയാൻ വരാത്ര വൈസ് പ്രസിന്റ്, അനു കുര്യൻ പാടകശ്ശേരി, വലിയ പള്ളി വികാരി ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത്, ലിൻസോ ഏലിയാസ് ഇളവംകുളം തുടങ്ങിയവർ പ്രസംഗിച്ചു. ആവേശകരമായ സമാപനം മൂന്നാം ദിവസം ഭക്തിനിർഭരമായ വിശുദ്ധ കുർബ്ബാനയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. കുട്ടികളുടെ ആവേശകരമായ കലാ മത്സരങ്ങളും വാണിജ്യ-വസ്ത്ര പ്രദർശനങ്ങളും ഫുഡ് സ്റ്റാളുകളും സംഗമത്തിന് ജനകീയ മുഖം നൽകി. വൈകിട്ട് നടന്ന സമാപന സമ്മേളനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആചാരപരമായും ആഘോഷപരമായും വ്യക്തിത്വം നിലനിർത്തി മുന്നോട്ടു പോകുന്ന സമൂഹമാണ് ക്നാനായ സമുദായമെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു. ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, സാമൂഹിക സാംസ്കാരിക ജീവിതത്തിലും ക്നാനായ സമുദായം നൽകിയ പങ്കിനെ ആർക്കും നിഷേധിക്കാനാവില്ലെന്ന് ചൂണ്ടിക്കാട്ടി. ദൈവാലയങ്ങളിൽ പകൽവീട് പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. ചാണ്ടി ഉമ്മൻ എം. എൽ. എ., ഡോ.സാമുവൽ മാർ തിയോഫിലോസ് മെത്രാപ്പോലീത്ത, ഫാ.ഡോ. എബ്രഹാം ചാക്കോ, ബിഷപ്പ് ഡോ. ഉമ്മൻ ജോർജ്, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, മഞ്ചു ഏബ്രഹാം വലിയപറമ്പിൽ, ലിൻസോ ഏലിയാസ് ഇളവംകുളം, ജനറൽ കൺവീനർ, ലിനു ചെറിയാൻ വരാത്ര, സജി താന്നിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. വനിതാ പൈലറ്റ് കാളിശ്ശേരിൽ മേഴ്സി തോമസിനെ ആദരിച്ചു. ക്നാനായ സുറിയാനി സമുദായ സംഗമം നടക്കുന്നതിന് വഴിയൊരിക്കിത്തന്ന നീലംപേരൂർ സെന്റ് ജോർജ് ദൈവാലയത്തിലെ ഇടവക ജനങ്ങളെയും കമ്മിറ്റി അംഗങ്ങളെയും വികാരിയെയും അഭിനന്ദിക്കുന്നു. ക്നാനായ സമുദായത്തിന്റെ ചരിത്രത്തിലും പാരമ്പര്യത്തിലും വരും തലമുറകൾക്ക് വലിയ ആവേശവും ആത്മവിശ്വാസവും പകർന്നുകൊണ്ടാണ് 1681-ാമത് സുറിയാനി ക്നാനായ സംഗമത്തിന് നീലംപേരൂർ തിരശ്ശീല വീണത്.

പ്രിയപ്പെട്ടവരെ, "സന്തോഷത്തോടെ കൊടുക്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്." (2 കൊരി. 9:7) നമ്മുടെ സമുദായത്തിലെ ഭവനരഹിതരായ പ്രിയപ്പെട്ടവർക്കായി 'സേവേറിയോസ് ഹൗസിങ്ങ് പ്രൊജക്റ്റിന്റെ' ഭാഗമായി നടപ്പിലാക്കുന്ന 'ഏഴില്ലം പദ്ധതി'യെ അകമഴിഞ്ഞ് പിന്തുണച്ച എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ക്നാനായ സമുദായത്തെ നെഞ്ചേറ്റുന്ന, വാട്സാപ്പ് കൂട്ടായ്മയിലെയും അതിന് പുറത്തുള്ളവരുമായ നിരവധി സമുദായസ്നേഹികൾ ഈ മഹത്തായ ലക്ഷ്യത്തിനായി കൈകോർത്തു കഴിഞ്ഞു. 500 രൂപ മുതൽ 10,000, 20,000, 30,000 രൂപ വരെ ഈ പദ്ധതിക്കായി സംഭാവന ചെയ്ത ധാരാളം വ്യക്തികളുണ്ട്. ഇവരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ഇപ്പോൾപ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാരുണ്യ പ്രവർത്തിയിൽ പങ്കാളിയായി ഒരു ലക്ഷം രൂപ നൽകിയ സജി ഫിലിപ്പ് കള

രിത്തറ ചിക്കാഗോയ്ക്കും, 2,64,082 രൂപ നൽകി വലിയ മാതൃക കാണിച്ച NAMKC വുമൺസ് ഫോറം പ്രവർത്തകർക്കും വാക്കുകൾക്ക് അതീതമായ നന്ദിയും കൃതജ്ഞതയും ഹൃദയത്തിന്റെ ഭാഷയിൽ രേഖപ്പെടുത്തുന്നു. കേവലം ഒരാഴ്ചക്കുള്ളിൽ 150 പേർ കൈകോർത്തപ്പോൾ 10 ലക്ഷത്തിലധികം രൂപ സമാഹരിക്കാൻ കഴിഞ്ഞു എന്നത് ചെറിയൊരു കാര്യമല്ല. നമ്മുടെ ഈ ഭവനപദ്ധതിയിൽ വാട്സാപ്പ് കൂട്ടായ്മയുടെ പേര് എന്നേന്നേക്കുമായി ആലേഖനം ചെയ്യപ്പെടുന്നന്നതായിരിക്കും. ഈ നന്മ നിറഞ്ഞ സംരംഭത്തിന് തുടക്കം കുറിക്കുകയും, ഏവരേയും ഒരുമിപ്പിച്ചു നിർത്തി ഇതിന് മുൻകൈ എടുക്കുകയും ചെയ്ത ജോയി ചിറ്റേടത്ത്, ലിജോമോൻ ഇളവംകുളം, സജി ചിക്കാഗോ, റിറ്റു കാലായിൽ ഉൾപ്പെടെയുള്ള എല്ലാ പ്രിയപ്പെട്ടവരുടെയും പ്രയത്നങ്ങൾക്ക് ദൈവം തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ധാരാളം ആളുകൾ മുൻപോട്ടു വരുന്നതിനാൽ അടുത്ത ഒരു ഭവനത്തിനു വേണ്ടിയും ഇതിന്റെ സംഘാടകർ പ്രവർത്തനം തുടങ്ങി എന്നാണ് അറിയുവാൻ കഴിഞ്ഞത്. എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു ഒരു സന്തോഷവാർത്ത കൂടി അറിയിക്കട്ടെ. അമേരിക്കയിലെ ഫിലാഡൽഫിയ സെന്റ്മേരീസ് ദൈവാലയം ഒരു ഭവനം സ്പോൺസർ ചെയ്യാമെന്ന് വികാരി റെന്നി ഏബ്രഹാം അച്ചൻ അറിയിക്കുകയുണ്ടായി. അതുപോലെ അമേരിക്കയിലെ ഹൂസ്റ്റൺ (Houston) സെന്റ് ജെയിംസ് ദൈവാലയം 'സേവേറിയോസ് ഹൗസിങ്ങ് പ്രോജക്റ്റിൽ' ഒരു ഭവനം വാഗ്ദാനം ചെയ്തിരുന്നു. അതിനുപുറമേ, ഇപ്പോൾ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത മറ്റൊരാൾ കൂടി അതേ ദൈവാലയത്തിൽ നിന്ന് ഒരു ഭവനംകൂടി സ്പോൺസർ ചെയ്യാൻ മുന്നോട്ടു വന്നിട്ടുണ്ട് എന്ന വിവരം ഹൂസ്റ്റൺ പള്ളി വികാരി ബഹു. പ്രസാദ് കോവൂർ അച്ചൻ വിളിച്ചറിയിച്ചിരിക്കുന്നു. ഹൂസ്റ്റൺ (Houston) സെന്റ് ജെയിംസ് ദൈവാലയത്തോടും, പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ആ മാന്യവ്യക്തിയോടും നേരത്തെ ഒരു ഭവനം നിർമ്മിച്ചു നൽകുന്നതിന് സ്പോൺസർ ചെയ്ത ശ്രീ. ബാബു പട്ടുകാല ബഹറലിനോടും മാന്നാർ മാലിയിൽ (നിലവിൽ കാനഡ) താമസിക്കുന്ന ബഹുമാന്യനായ ശ്രീ. എം.എം. ചെറിയാനോടും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും സമുദായത്തിനു വേണ്ടി അറിയിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹക്കട്ടെ. "ദരിദ്രനോട് കരുണ കാണിക്കുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ പ്രതിഫലം നൽകും." സദൃ.19:17 ഈ സൽപ്രവർത്തിയിൽ പങ്കാളികളായ എല്ലാവർക്കും ഒരിക്കൽക്കൂടി എന്റെയും സമുദായത്തിന്റെയും പേരിലുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

വേനലവധിക്ക്ശേഷം കേരള ഹൈക്കോടതി വീണ്ടും തുറന്നതോടെ, സമുദായ മെത്രാപ്പോലാത്തായ്ക്കെതിരെയുള്ള കേസിന്റെ വാദ് ഹൈക്കോടതിയിൽ പുനരാരംഭിച്ചു. "റാന്നി വെച്ചൂച്ചിറ സ്വദേശി ടെസ്റ്റൺ തോമസ് കടപ്പനങ്ങാട്ടിന് സമുദായ മെത്രാപ്പോലീത്തയുടെയോ, വൈദിക കൊൺസിലിന്റെയോ സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയുടെയോ അനുമതിയില്ലാതെ ക്നാനായ സമുദായ ഭരണഘടനയ്ക്ക് വിരുദ്ധമായി സഹായ മെത്രാച്ചന്മാർ ശെമ്മാശുപട്ടം കൊടുത്തതിന് എതിരായി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത 2026 മെയ് 16 ന് സമുദായത്തിലെ എല്ലാ ദൈവാലയങ്ങൾക്കും No.61/26 ആയി കല്പന ഇറക്കുകയുണ്ടായി. കല്പനയിൽ പറയുന്നത് സമുദായത്തിന്റെ ഭരണഘടനയും അച്ചടക്കവും ലംഘിക്കുന്ന പ്രവണതകൾക്കെതിരെ ശക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുന്നു. 2026 മെയ് 15 ന് സമുദായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള വള്ളംകുളം ബെത്നഹ്റിൻ ചാപ്പലിൽ വെച്ച് സമുദായ മെത്രാപ്പോലീത്തായുടെ അനുവാദമോ ശുപാർശയോ ഇല്ലാതെ ബാംഗ്ളൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജിലെ രണ്ടാം വർഷ ബി.ഡി. വിദ്യാർത്ഥിയും വെച്ചൂച്ചിറ സെന്റ്മേരീസ് ക്നാനായ പള്ളി ഇടവകാംഗവുമായ ശ്രീ. ടെസ്റ്റൻ തോമസിന് മോർ ഗ്രീഗോറിയോസ് കുറിയാക്കോസ് തിരുമേനി ശെമ്മാശുപട്ടം നൽകിയ നടപടിയെ സമുദായ മെത്രാപ്പാലീത്തായുടെ കല്പനയിൽ പൂർണ്ണമായി തള്ളിക്കളയുന്നു. ഈ പ്രവർത്തി ക്നാനായ സമുദായ ഭരണഘടനയുടെ 92 ബി വകുപ്പിന്റെ നഗ്നമായ ലംഘനമാണെന്നും, സമുദായ അസ്സോസിയേഷൻ തീരുമാനങ്ങളെ പരസ്യമായി തള്ളിപ്പറയുന്നതാണെന്നും മെത്രാപ്പോലീത്ത ചൂണ്ടിക്കാണിക്കുന്നു. നേരത്തെ ബാംഗ്ളൂർ യു.ടി.സി.യിൽ പഠനത്തിനായി സ്കോളർഷിപ്പ് അടക്കമുള്ള ക്രമീകരണങ്ങൾ സമുദായം ചെയ്തുകൊടുത്തിരുന്നിട്ടും, അധികാരികളെ തെറ്റിദ്ധരിപ്പിച്ച് പട്ടം സ്വീകരിക്കാൻ നടത്തിയ മുൻശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ കോളേജ് അധികൃതരെ ബോധ്യപ്പെടുത്തി തിരുത്തിച്ചിരുന്ന കാര്യവും കല്പനയിൽ ഓർമ്മിപ്പിക്കുന്നുണ്ട്. സമുദായ മെത്രാപ്പോലീത്തായുടെ അറിവോ സമ്മതമോ ഇല്ലാതെ തികഞ്ഞ അനുസരണക്കേടോടെ നടത്തിയ ഈ ശുശ്രൂഷയെ തുടർന്ന്, 2026 മെയ് 15 ന് കൂടിയ ക്നാനായ വൈദിക കൗൺസിലിന്റെ ശുപാർശ പ്രകാരം കർശനമായ അച്ചടക്ക നടപടികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ക്നാനായ സമുദായത്തിലെ പള്ളികളിലെ ആരാധനകളിലോ മറ്റ് ആത്മീയ ശുശ്രൂഷകളിലോ ശ്രീ. ടെസ്റ്റൻ തോമസിനെ ഒരു ശെമ്മാശനായി യാതൊരു കാരണവശാലും സഹകരിപ്പിക്കുവാൻ പാടില്ലെന്ന് കല്പനയിലൂടെ കർശനമായി അറിയിച്ചു. ബന്ധപ്പെട്ട വികാരിമാരും ഇടവക നിർവ്വാഹക സമിതി അംഗങ്ങളും സമുദായ ഭരണസമിതി ഭാരവാഹികളും ക്നാനായ സമുദായാംഗങ്ങളും ഈ നിർദ്ദേശം കൃത്യമായി ശ്രദ്ധിക്കണമെന്നും, സമുദായത്തിന്റെ ഐക്യത്തെയും നിയമങ്ങളെയും വെല്ലുവിളിക്കുന്ന ഇത്തരം പ്രവണതകൾ ഇനി മേലിൽ ഒട്ടും അനുവദിക്കുകയില്ലെന്നും മെത്രാപ്പോലീത്ത ചിങ്ങവനം മോർ അപ്രേം സെമിനാരിനിന്നും പുറപ്പെടുവിച്ച കല്പനയിൽ വ്യക്തമാക്കുന്നു. ഭാവിയിൽ ഭരണഘടന ലംഘിക്കുന്ന എല്ലാവർക്കും ഇതൊരു മുന്നറിയിപ്പ് ആയിരിക്കും എന്ന് കരുതുന്നു. നമ്മൾ എല്ലാവരും ഒത്തൊരുമയോടുകൂടി പ്രവർത്തിച്ചാൽ നമ്മുടെ സമുദായം വലിയ അഭിവൃദ്ധിയിലേക്ക് കുതിക്കും എന്നുള്ളതിന് യാതൊരുവിധ സംശയവുമില്ല. സമുദായത്തിന്റെ ഉന്നതിക്കായി എല്ലാവരുടെയും പൂർണ്ണമായ സഹകരണവും പങ്കാളിത്തവും ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു."

സ്നേഹാദരങ്ങളോടെ

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

(സമുദായ സെക്രട്ടറി)

# കുർബ്ബാന വീഥിയിൽ

**ഫാ. ജേക്കബ് കല്ലുകുളം**

**ഏവൻഗേലിയോൻ വായന**-ഏവൻഗേലിയോൻ അഥവാ സുവിശേഷം വയ്ക്കുവാൻ ഉള്ള സ്ഥലമാണ് ഏവൻഗേലിയോൻ മേശ. ത്രോണോസിന്റെ വലതുവശത്തായിട്ടാണ് സാധാരണ ഏവൻഗേലിയോൻ മേശ വയ്ക്കുന്നത്. പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് പുത്രൻ തമ്പുരാൻ ഇരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ചിലപ്പോൾ സൗകര്യാർത്ഥം ത്രോണോസിന്റെ വടക്കുവശത്തും ഇടാറുണ്ട്. ഏവൻഗേലിയോൻ വായന വിശുദ്ധ കുർബ്ബാനയിലെ വചനശുശ്രൂഷയുടെ ഭാഗമാണ്. ഏവൻഗേലിയോൻ മേശ ആഘോഷമായി പടിഞ്ഞാറോട്ട് കൊണ്ടുവരുന്നത്. പിതാവിന്റെ വലതുഭാഗത്ത് ഇരുന്ന മ്ശിഹ താഴേക്ക് ഇറങ്ങി വന്നതിന്റെ സാദൃശ്യമാണ്. വായനയ്ക്ക് മുമ്പ് ശുശ്രൂഷകന്റെ ആഹ്വാനം നാം അടക്കത്തോടും. അതിപ്രാധാന്യത്തോടെ ചെവി കൊടുക്കുക. രണ്ടു വശത്തും മെഴുകുതിരികൾ കത്തിച്ചുപിടിച്ചുകൊണ്ട് ശുശ്രൂഷകർ നിൽക്കുന്നു. യോഹ. 14:27 കർത്താവ് ശിഷ്യന്മാർക്ക് നൽകിയ സമാധാനം ആശംസിക്കുന്നു. സുവിശേഷം വായിക്കുന്നത് മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ എഴുതിയ പുസ്തകങ്ങളിൽ നിന്നുമാണ്. ആഹ്വാനത്തിൽ വിശുദ്ധ കന്യകമറിയാമിൽ നിന്നുള്ള ജനനത്തെയും ഓർമ്മിപ്പിച്ച് അറിയിക്കുന്നു. ഓരോ ആഴ്ചയിലും സഭ ക്രമീകരിച്ചിരിക്കുന്ന വായനകളിൽ നിന്ന് സുവിശേഷം അറിയിക്കുന്നു. സുവിശേഷം അറിയിച്ചതിനു ശേഷം ആ ദിവസത്തിന്റെ പ്രത്യേക ഗീതമോ, വിശുദ്ധ കുർബ്ബാനക്രമത്തിൽ ക്രമീകരിച്ചിരിക്കുന്ന ഗീതങ്ങളിൽ ഏതെങ്കിലുമൊന്ന് ആലപിക്കുന്നു.

**സാധാരണയായി ചൊല്ലുന്ന ഗീതങ്ങൾ**

1. യജമാനൻ വരുമന്നേരത്ത്... ലൂക്കോ.12:37

(യജമാനനായ ദൈവം വരുമ്പോൾ ഉണർന്നും തന്റെ മുന്നിൽ തോട്ടത്തിൽ ജോലി ചെയ്യുന്നവരായി കാണപ്പെടുന്ന എല്ലാവരും അനുഗ്രഹീതരാകുന്നു. പകൽ മുഴുവൻ തന്റെ കൂടെ ജോലി ചെയ്തവർക്ക് അവൻ അര കെട്ടി ശുശ്രൂഷ ചെയ്യും. പിതാവ് ഇരുത്തുന്ന വിഭവസമൃദ്ധമായ മേശയിൽ പുത്രൻ ശുശ്രൂഷിക്കും. ആശ്വാസപ്രദനായ റൂഹാ മെനഞ്ഞെടുക്കുന്ന കിരീടം തലയിൽ അണിയിക്കും.)

**2. നിബിയന്മാരും- മത്താ.10:40**

(പ്രവാചകന്മാരും, ജാതികളോട് സുവിശേഷം അറിയിച്ച ശ്ലീഹന്മാരും, നീതിമാന്മാരും, പുണ്യവാന്മാരും, സഹദേന്മാരും, മൗദ്യാനന്മാരും, ദൈവത്തിന്റെ മാതാവും വിശ്വാസികളായ മരിച്ചുപോയവരും ഓർക്കപ്പെടുന്നു. എല്ലാവരുടെയും പ്രാർത്ഥന ഞങ്ങൾക്ക് എപ്പോഴും കോട്ടയായി തീരണമേ.

**3. മൂശേ അലോഹോ... പുറ.3:2**

(ദൈവം മോശയെ മുൾപ്പടർപ്പിൽനിന്നും വിളിച്ച് അരുളി ചെയ്തു കൂടാരത്തിൻമേലും അതിന്റെ കൂടെ അതിനുള്ളിലും ആചാര്യവേല നടത്തുവാനുള്ള അധികാരം നീ കൈക്കൊള്ളുക.)

**4. പരിശുദ്ധാലയം ഉള്ളിൽ... ലൂക്കോ. 1:10**

(പരി. ദൈവാലയത്തിനകത്ത് സ്കറിയ പുരോഹിതൻ അണച്ച ധൂപത്തെ കൈക്കൊണ്ട കർത്താവേ നിന്റെ ദാസന്മാരെ ഓർത്ത് നിനക്ക് അണയ്ക്കുന്ന ഈ ധൂപവും കൈക്കൊണ്ട് ഈ ജനത്തോട് സ്നേഹമായിരിക്കണമേ).

**5. കർത്താവ് അരുളിചെയ്തു... യോഹ.51**

(ഞാൻ ജീവന്റെ അപ്പം ആകുന്നു എന്ന് കർത്താവ് അരുളി ചെയ്തു. ലോകത്തെ രക്ഷിക്കുന്നതിന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന വചനം ആകുന്ന എന്നെ പിതാവ് അയച്ചു. കർഷകനെപ്പോലെ ഗബ്രിയേൽ എന്നെ വിതച്ചു. നല്ല നിലംപോലെ മറിയാം ഉദരത്തിൽ എന്നെ കൈകൊണ്ടു. ദൂതന്മാരെപോലെ ത്രോണോസിന്മേൽ പട്ടക്കാർ കയ്യിലെടുത്ത് ആഘോഷിക്കുന്നു).

**6. അഖിലം ഞാൻ ആരാഞ്ഞിട്ടും... സങ്കീ.19:9–11**

ലോകത്തിലുള്ളവരെ എല്ലാം ഞാൻ പരിശോധിച്ചിട്ടും ദൈവഭയത്തേക്കാൾ മെച്ചമായ ഒന്നും ഞാൻ കണ്ടില്ല. ദൈവസ്നേഹത്താൽ ധാർമ്മികനായ യൗസേഫ് മെസ്രേമിൽ രാജാവായി. ശ്രേഷ്ഠനായ മോശ വടിയാൽ സമുദ്രത്തെ വിഭാഗിച്ചു. ഹനനിയ സഹോദരന്മാർ അഗ്നിക്കിരയായതിൽ നിന്നും രക്ഷപെട്ടു. തങ്കത്തേക്കാൾ ഇത് വിശിഷ്ടം. തേൻ കട്ടയേക്കാൾ ഇത് മധുരം. ദൈവത്തെ ആരാധിക്കുന്നവർ അനുഗ്രഹീതരാകുന്നു. ●

## അറിയിപ്പ്

S.S.L.C, CBSC, ICSE, Plus Two പരീക്ഷകളിൽ **എല്ലാ വിഷയത്തിനും Full A+** നേടിയ കുട്ടികളുടെ ഫോട്ടോ ക്നാനായ ദീപത്തിൽ ജൂലൈ, ഓഗസ്റ്റ് ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആയതിലേയ്ക്ക് വികാരിമാർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും, ഫോട്ടോയും മേൽവിലാസം സഹിതം ക്നാനായദീപം ഓഫീസിൽ നൽകേണ്ടതാണ്.

E-mail: kna.deepam@gmail.com
whats app No. 8547584440

ഫാ. ജേക്കബ് കല്ലുകുളം
(മാനേജിംഗ് എഡിറ്റർ)

# വിവാഹിതരായി



Advt -O

നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയ പള്ളി ഇടവകയിൽ കുറിച്ചി വാഴൂത്ര പരേതനായ വി. എസ്. ജയിക്കബ്കുട്ടിയുടേയും മഞ്ജു ജയിക്കബിന്റെയും മകൻ **ജോയൽ ജേക്കബും** ചിറയ്ക്കൽ തമ്പി കുര്യാക്കോസിന്റെയും ഓമന തമ്പിയുടെയും മകൾ **റ്റീന തമ്പിയും** തമ്മിലുള്ള വിവാഹം 27-04-2026 -ൽ നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയ പള്ളിയിൽ, **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് അഭിവന്ദ്യ കുര്യാക്കോസ് മാർ സേവേറിയോസ് തിരുമേനിയുടെ** മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.

# 40 – ാം വിവാഹവാർഷികം

19-05-2026



## Jaya Thampy & Thampy P. Thomas

**Punnusseril House, Puthuserimala**
**St. Thomas Knanaya kurishupally, Idakkulam**

Nimi and Rony Nedungattethu (UK), Michel and Melha (UK), Neethu and Reju Jonakaparambil (UK)

Advt - O


1681-ാമത്
സുറിയാനി ക്നാനായ
വാർഷിക സംഗമം
2026 മെയ് 29, 30, 31
(മോർ ക്ലീമിസ് നഗർ)
നീലംപേരൂർ സെന്റ് ജോർജ്ജ്
ക്നാനായ വലിയ പള്ളിയിൽ
ഉദ്ഘാടന സമ്മേളനം
സാംസ്കാരിക സമ്മേളനം
സമാപന സമ്മേളനം
പതാക പ്രയാണം


ബിസിനസ്സ് കോൺക്ലേവ്

# ശതാബ്ദി നിറവിൽ

19-05-2026





## ശോശാമ്മ ചാക്കോ

കരിങ്ങാട്ടിൽ, സാന്താക്രൂസ്, മുംബൈ

"ഇത്രത്തോളം യഹോവ സഹായിച്ചു, ഇത്രത്തോളം ദൈവം നടത്തി"

Advt - O





KNANAYA WEDDINGS.COM


# ക്നാനായ വെഡ്ഡിംഗ്സ്

www.knanayaweddings.com


എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

knanayaweddings@gmail.com







Advt - O



സുനിൽ ഡി. കുരുവിള

# സ്കൂളുകൾ കുട്ടികളെ കൂടുതൽ പഠിക്കണം; മാതാപിതാക്കളെയും പഠിപ്പിക്കണം!

Education is our passport to the future, for tomorrow belongs to the people who prepare for it today.

അവധികഴിഞ്ഞു പുതിയ ഒരു അദ്ധ്യയന വർഷം ആരംഭിച്ചു. കുട്ടികളുടെ വിദ്യാഭ്യാസം - അദ്ധ്യാപനം - പാരന്റിങ് ഒക്കെ ഒന്നുകൂടി ആഴത്തിൽ ചിന്തിക്കാൻ ഇത് നല്ലൊരു മുഹൂർത്തമാണെന്നു കരുതുന്നു.

കുട്ടികളുടെ പഠന - ജീവിത മികവ് വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്. ഇന്ന് മിക്ക മാതാപിതാക്കളും കുട്ടികളുടെ മാർക്കും ഗ്രേഡും റാങ്കും മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. കുട്ടികളെ സ്കൂൾ നോക്കി ക്കോളും എന്ന് ചിന്തിക്കുന്നവരും കുറവല്ല. എന്നാൽ നല്ല വിദ്യാഭ്യാസം ഭവനങ്ങളിൽ ആണ് ആരംഭിക്കേണ്ടത്.

മൂന്നു വയസ്സിലേ സ്കൂളിൽ ചേർത്ത് എല്ലാവരേം പണക്കാരാക്കാനുള്ള പരിപാടിയാണ് ഇന്ന് മിക്കയിടത്തും വിദ്യാഭ്യാസം എന്ന പേരിൽ നടക്കുന്നത്. പറ്റുമെങ്കിൽ LKG യിൽ തന്നെ ട്യൂഷനും തുടങ്ങും. ഇത് കുട്ടികളുടെ സുസ്ഥിര ഭാവി ഉറപ്പുവരുത്താൻ സഹായിക്കുകയില്ല. അവരുടെ ശാരീരിക ആരോഗ്യം, മാനസികനില, വൈകാരിക ബുദ്ധിശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കേണ്ടതുണ്ട്.

കുഞ്ഞുങ്ങൾക്ക് സന്തോഷമായും സമഗ്രമായും വളർന്നു വരാൻ സഹായകരമായ ഒരു ഭവന അന്തരീക്ഷം വളരെ പ്രധാനമാണ്. മാതാപിതാക്കൾ തമ്മിലുള്ള വഴക്ക്, മദ്യപാനം, മാനസിക പ്രശ്നങ്ങൾ ഒക്കെ കുട്ടികളെ പ്രതികൂലമായി ബാധിക്കും.

പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികളുടെ വളർച്ചയ്ക്ക് അതിപ്രധാനം! നല്ല ആഹാരം നല്ല സംസ്കാരം കൂടിയാണ്, ഓർക്കാം! ഒരു നേരമെങ്കിലും വീട്ടിലുള്ള എല്ലാവരും കൂടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നത് കുട്ടികൾക്ക് വലിയ ഗുണം ചെയ്യും. ഭക്ഷണ സമയത്തു പഠന വിഷയങ്ങളൊന്നും ചർച്ചയ്ക്ക് കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

കുട്ടികളെ ചെറിയ പ്രായത്തിലെ ശുചിത്വവും മറ്റും ശീലിപ്പിക്കാം. കുട്ടികൾ നന്നായി ഉറങ്ങേണ്ടത് അവരുടെ സമഗ്ര വളർച്ചക്ക് അനിവാര്യമാണ്. കുട്ടികളുടെ ബുദ്ധി വളർച്ച ആറ്-എട്ടു വയസ്സുവരെയാണ് പ്രധാനമായും നടക്കുന്നത്. ഈ പ്രായത്തിൽ അവരെ നന്നായി കരുതിയാൽ അവരുടെ ഭാവിജീവിതം നന്നാവും. കുട്ടികളുടെ വൈകാരിക പ്രതിഫലനങ്ങൾ ശ്രദ്ധിക്കണം മനോവ്യാപാരങ്ങൾ അറിയണം, അവരെ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കണം. മാനസിക ആരോഗ്യവും കൂടുതൽ പരിപോഷിപ്പിക്കണം. കുട്ടികൾ നന്നായി ഓടിച്ചാടി സമപ്രായക്കാരോടൊത്തു കളിക്കണം. കളികൾ ശാരീരിക ആരോഗ്യത്തിനു മാത്രമല്ല വൈകാരിക - മാനസിക ആരോഗ്യത്തിനും വളരെ ആവശ്യ മാണ്. കൂട്ടുകൂടാനും വഴക്കുകൂടാനും വീഴാനും തോൽക്കാനും തർക്കിക്കാനും ഒക്കെ വേറെ എവിടെയാണ് അവസരം കിട്ടുക?

സ്കൂൾ വിട്ടുവരുന്ന കുട്ടികളെ ട്യൂഷൻ സെന്ററിൽ വെച്ച് പുഴുങ്ങി ഉണക്കി കളയരുത്. അവർ ഓടിച്ചാടി കളിക്കട്ടെ! കുട്ടികൾ ഹാപ്പിയാണെന്നും active ആണെന്നും കുട്ടിക്കാല ത്തേ ഉറപ്പാക്കാം. കളിക്കാത്ത കുട്ടികളിൽ developmental delay ഉണ്ടാകുന്നതായി പഠനങ്ങൾ!

അവരുടെ കഴിവുകളും അഭിരുചിയും ഒക്കെ ചെറിയ പ്രായത്തിലെ കണ്ടെത്താം-പ്രോത്സാഹിപ്പിക്കാം. മാതാ പിതാക്കളുടെ സ്വപ്നങ്ങൾ അവരുടെ മേൽവച്ച് കെട്ടാ തിരിക്കാം! അവരെ ആരുമായും compare ചെയ്യാതിരിക്കാം. അവർ ഓരോരുത്തരും different ആണ്. ഫോട്ടോകോപ്പി ആക്കാൻ ശ്രമിക്കാതിരിക്കാം!

പ്രത്യേകിച്ച് ഒരു മേഖലയിലും ഇനി തൊഴിൽ അവസരങ്ങൾ അമിതമായി ഇല്ല. അവനവന് കഴിവുള്ള മേഖലയിൽ പോയില്ലെങ്കിൽ തോൽവിയായിരിക്കും ഫലം!

സാമൂഹികബോധം, സംസ്കാരം, ചരിത്രബോധം, പരിസ്ഥിതി ബോധം ഒക്കെ ഒരു നല്ല വ്യക്തിത്വത്തിന്റെ അടയാളമാണ്. ഇതൊക്കെ പരിപോഷിപ്പിക്കാൻ സ്കൂളിൽ സമയമില്ല മാതാപിതാക്കൾക്ക് കാഴ്ചപ്പാടില്ല

അനാവശ്യ മത്സരതൃഷ്ണ അവരിൽ വളർത്താതി രിക്കാം. അവർ ആദ്യം സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും പഠിക്കട്ടെ. തോൽക്കാനും പഠിക്കേണ്ട തുണ്ട്. അമിത വാശിയും നിർബന്ധവും ഒന്നും സാധിച്ചു കൊടുക്കേണ്ടതില്ല. വിനയവും എളിമയും ശീലിപ്പിക്കാം.

ഉപദേശമല്ല സ്വയം മാതൃകയാവുകയാണ് മാതാപിതാ ക്കൾ ചെയ്യേണ്ടത്.

ബഹുമാനിക്കാനും സ്നേഹിക്കാനും കരുതാനും ഒക്കെ അവർ പഠിക്കുന്നത് ഭവന അന്തരീക്ഷത്തിൽ നിന്ന് തന്നെയാണ്. അതിനുള്ള ധാരാളം മുഹൂർത്തങ്ങൾ കുഞ്ഞുങ്ങൾക്കായി സൃഷ്ടിക്കാം.

കുട്ടികൾക്കായി മാതാപിതാക്കൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം സമയമാണ്. ഗുണമേന്മയുള്ള സമയം. കഥപറയാനും ആശയങ്ങൾ പങ്കുവെക്കാനും വിജ്ഞാനം നൽകാനും ലക്ഷ്യബോധം സൃഷ്ടിക്കാനും പഠന താല്പര്യം വർദ്ധിപ്പിക്കാനും ഒക്കെ സമയം ഉപയോഗപ്പെടുത്താം. കെട്ടിപ്പിടിക്കാനും ഉമ്മകൊടുക്കാനും അവരോടൊത്തു കളിക്കാനും തമാശ പങ്കിടാനും ഒന്നും ഒട്ടും പിശുക്കു കാട്ടേണ്ട.

ഒരുമിച്ചുള്ള ഭക്ഷണം. പ്രവർത്തനങ്ങൾ. പ്രാർത്ഥന, സംഭാഷണങ്ങൾ. യാത്രകൾ, പരിഭവങ്ങൾ, കളികൾ, കുറുമ്പുകൾ, പിണക്കങ്ങൾ, ജയങ്ങൾ, തോൽവികൾ, വീഴ്ചകൾ... ബന്ധങ്ങൾ, ആഘോഷങ്ങൾ, സംഭവങ്ങൾ ഒക്കെ ഓർമ്മകളുടെ ആഴം കൂട്ടും...

അനുഭവങ്ങൾ ആണ് ജീവിതത്തിനു ഗൃഹാതുരത്വം നൽകുന്നത്. Invest in their memories!

കുട്ടികളുടെ കാര്യത്തിൽ അമിതമായി ധൃതികാട്ടരുത്. അമിത പ്രതീക്ഷ വളരെ അപകടം. കുട്ടികളുടെ താളവും തലവും മനസ്സിലാക്കുക. അവരെ പ്രോത്സാഹിപ്പിക്കുക. അവരെ അംഗീകരിക്കാനും support ചെയ്യാനും മറക്കേണ്ട. മിടുക്കു കുറവുള്ള കുട്ടികളെ കൂടുതൽ കരുതുകയും സ്നേഹിക്കുകയും വേണം. കൂടെയുണ്ട് എന്നുള്ള വിശ്വാസം അവരിൽ സൃഷ്ടിക്കണം. ആത്മവിശ്വാസം നൽകി അവരെ മെച്ചപ്പെടുത്താം. ചെറിയ പ്രായത്തിലെ അവരിൽ ലെഹള confidence വളർത്തണം. അവരെ എന്തിനെല്ലാം കൊള്ളാമെന്നും, അവരുടെ ശക്തിയും മികവും എവിടെയാണെന്നും അവരെ ബോധ്യപ്പെടുത്തണം! കുറവുകളെ ഒരുപാടു project ചെയ്യേണ്ട. സന്തോഷമുള്ള ബാല്യവും, ആത്മ വിശ്വാസമുള്ള കൗമാരവും അവരിൽ ഉറപ്പാക്കുക. അവരെ കണ്ടെത്താൻ (discover) അവരെ സഹായിക്കുക.

കൗൺസിലിംഗും മാർഗനിർദ്ദേശവും ഒക്കെ സമയത്തു നൽകാം. സ്കൂളിലും ആരാധനാലയങ്ങളിലും ഒക്കെ ഇത് ഉറപ്പുവരുത്താം. കുടുംബമായിത്തന്നെ guidance ഒക്കെ എടുക്കുന്നത് വലിയ ഗുണം ചെയ്യും. നല്ല ഗൈഡൻസും കൗൺസിലിംഗും രാജ്യനിർമ്മാണ പ്രവർത്തനം തന്നെയാണ്!

വിദ്യാഭ്യാസം വെറും സാക്ഷരതയല്ല. അത് വെറും എഴുത്തും വായനയും ശാസ്ത്രവും കണക്കും മാത്രമല്ല. അതൊരു വ്യക്തിയുടെ സാംസ്കാരിക രൂപാന്തരമാകണം. നല്ല നൈപുണ്യവും മനോഭാവവും സ്വഭാവവും അച്ചടക്കവും നല്ല വിദ്യാഭ്യാസം ഉറപ്പാക്കും. ഉയർന്ന മൂല്യങ്ങളും ലക്ഷ്യവും നല്ല വിദ്യാഭ്യാസം അവരിൽ ഉറപ്പിക്കും!

കൗമാരത്തിൽ തെറ്റിലും മോശപ്പെട്ട വഴിയിലും ഒക്കെ കുട്ടികൾ വീണുപോകുന്നതിനു പ്രധാനമായി മൂന്നു കാര്യങ്ങൾ ഉണ്ട്. ഒന്ന്, സന്തോഷമില്ലായ്മ. കുട്ടികൾ happy അല്ലെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തണം- പരിഹരിക്കണം. രണ്ട്, നല്ല ബന്ധങ്ങളുടെ/ സൗഹൃദങ്ങളുടെ അഭാവം. Always encourage good friendship. മൂന്ന്, ഭവനങ്ങളിൽ കിട്ടാതെപോകുന്ന respect ഉം അംഗീകാരവും.

കുഞ്ഞുങ്ങൾക്കായി നല്ല അദ്ധ്യാപകരെ കണ്ടെത്താം. അവരെ തിരുത്താനും ക്രമീകരിക്കാനും മോട്ടിവേറ്റ് ചെയ്യാനും ഒക്കെ കഴിയുന്നവർ കുട്ടികളുടെ കണ്ണുകളിൽ അവർക്കുള്ള സിലബസ് കണ്ടെത്താൻ കഴിയുന്നവർ ഒരു ഭാഗ്യമാണ്!!! അങ്ങനെയുള്ളവരെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ബഹുമാനിക്കാനും സമൂഹത്തിനും കഴിയണം. സിലബസ് മാത്രം പഠിപ്പിച്ചു തീർക്കുന്ന അദ്ധ്യാപകരെ അല്ല കാലം ആവശ്യപ്പെടുന്നത്, കുട്ടികളെ പഠിക്കാനും കൂടി കഴിയുന്ന അദ്ധ്യാപകരെയാണ് ആവശ്യം. അദ്ധ്യാപകരുടെ മാനസിക-വൈകാരിക ആരോഗ്യം, മൂല്യബോധം, മാതൃക ഒക്കെ വളരെ പ്രധാനം! അദ്ധ്യാപകരുടെ വ്യക്തിത്വമികവും കുട്ടികളുടെ പഠന താല്പര്യവും തമ്മിൽ വലിയ ബന്ധമുണ്ട്. മറ്റൊരു പണിയും കിട്ടാത്തവർക്ക് വിശ്രമിക്കാനുള്ള ഇടമല്ല അധ്യാപനം എന്ന് സാരം! അദ്ധ്യാപകർക്ക് നിരന്തരവും സമഗ്രവുമായ വ്യക്തിത്വ-നേതൃത്വ പരിശീലനം ഉറപ്പുവരുത്തേണ്ടതും ഈ കാലഘട്ടത്തിൽ അനിവാര്യം!

സ്കൂളുകൾ കൂടുതലായി മാനസിക വൈകാരിക പ്രശ്നങ്ങളുടെ യുദ്ധഭൂമിയായി മാറുകയാണോ?

മാതാപിതാക്കളെ educate ചെയ്യുന്ന ജോലി സ്കൂളുകൾ തന്നെ ഏറ്റെടുത്തേ മതിയാകൂ. ഓരോ പ്രായത്തിലും ഉള്ള കുട്ടികളെ സമഗ്രമായി വളർത്തുന്നതിനും ഭവന അന്തരീക്ഷം ഒരുക്കുന്നതിനും കുട്ടികളുടെ വളർച്ചാ ആവശ്യങ്ങൾ - വൈകല്യങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനും നല്ല ഗൈഡൻസും കൗൺസലിംഗും കൂടിയേതീരൂ.

കുട്ടികൾക്ക് പ്രത്യേകിച്ച് 9-ാം ക്ലാസ്സുമുതൽ ഉള്ളവർക്ക് career മാർഗനിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം ... അതിലേക്കുള്ള വഴിയെന്ത്... എവിടെ പഠിക്കണം... develop ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം...

തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്.

കൂടാതെ ശരിയായ career അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും. ഡിഗ്രികൾ മാത്രം പോരാ, ഉയർന്ന മനോഭാവവും നൈപുണ്യവും തിരിച്ചറിവും കൂടി ഒന്നിച്ചു ചേരുമ്പോഴാണ് സാദ്ധ്യതകൾ പിറക്കുന്നത്.

സ്നേഹം! ആശംസകൾ!!!

(സുനിൽ ഡി കുരുവിള പ്രമുഖ കരിയർ, പാരന്റിങ് കൗൺസിലറും അധ്യാപക പരിശീലകനുമാണ്. മാനവ വിഭവശേഷി രംഗത്ത് പ്രവർത്തിക്കുന്ന ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻകൂടിയാണ്.

Email: Sunil_kuruvilla@rediffmail.com.

സെൽഫോൺ നമ്പർ +91 9656144712/9847400712. കൂടുതൽ parenting guidance Sunil Kuruvilla എന്ന യുട്യൂബിലും കാണാം)

# സ്വന്തം ജനതയ്ക്ക് മിസ്രയിമിൽ ദൈവം കഷ്ടതകൾ നൽകിയതിന്റെ കാരണം

സണ്ണി ജേക്കബ്, കാട്ടുവേലിൽ

കാൽദായരുടെ ഊരിൽനിന്നും അബ്രഹാമിനെ തിരഞ്ഞെടുത്ത് സന്തതികളെ നൽകി, സ്വന്തം ജനതയാക്കി, അവർക്ക് പാലും തേനും ഒഴുകുന്ന കനാൻദേശം അവകാശമായി നൽകുന്ന ദൈവം, അബ്രഹാമിന്റെ സന്തതികൾക്ക് കനാൻ നാട്ടിൽ ക്ഷാമം എന്തുകൊണ്ട് ഒഴിവാക്കുന്നില്ല? കനാൻ നാട്ടിൽ ക്ഷാമം ഉണ്ടാകുമെന്ന് അറിഞ്ഞിരുന്ന ദൈവം കനാൻ നാട്ടിലെ ക്ഷാമം ഒഴിവാക്കുകയല്ല യാക്കോബിനെയും കുടുംബത്തെയും ക്ഷാമം ഇല്ലാത്ത മിസ്രയിമിലേക്ക് അയക്കുന്നു. ദൈവം എല്ലാ പ്രകൃതി ദുരന്തങ്ങളേയും തടഞ്ഞേക്കില്ല എങ്കിലും അത്തരം ദുരന്തങ്ങളിൽനിന്ന് ആശ്വാസവും ശക്തിയും നന്മവരാനുള്ള സാധ്യതയും വാഗ്ദാനം ചെയ്യുന്നു. കനാൻ നാട്ടിലെ ക്ഷാമത്തിൽനിന്നും വിടുതൽ ലഭിക്കുന്ന യാക്കോബിനും കുടുംബത്തിനും, ജോസഫ് എന്ന യാക്കോബിന്റെ മകനിൽകൂടി മിസ്രയേമിൽ വലിയ സൗഭാഗ്യം ലഭിക്കുന്നു.

വേദപുസ്തക പ്രകാരം ജോസഫിനെ അടിമയായി സഹോദരന്മാർ മിസ്രയീമർക്ക് വിൽക്കുന്നത് ദൈവനിശ്ചയം ആയിരുന്നു (ഉൽ. 50:20). അപ്പോൾ ഒരുവന്റെ കഷ്ടത അനേകർക്ക് നന്മയ്ക്കായി ഭവിച്ചു. ജോസഫ് മിസ്രയിമിൽ ഫറവോന്റെ മന്ത്രി ആയി കഴിവ് തെളിയിച്ചു. തന്റെ കുടുംബത്തിന് രക്ഷ ആയിത്തീരുന്നു. ജോസഫിനെ അടിമയാക്കി താഴ്ത്തിയതും മന്ത്രിയായി ഉയർത്തിയതും ദൈവം തന്നെ. ഉയർച്ചയിലും താഴ്ചയിലും ജോസഫ് അതിയായി സങ്കടപ്പെടുകയോ സന്തോഷിക്കുകയോ ചെയ്യുന്നില്ല എന്നത് ജോസഫിന്റെ സ്വഭാവത്തിലെ മേന്മ. കനാൻനാട് ക്ഷാമത്തിൽ കഷ്ടത അനുഭവിക്കുമ്പോൾ യാക്കോബിന്റെ കുടുംബം മിസ്രയിമിൽ സ്വസ്ഥത അനുഭവിക്കുന്നു.

കനാൻ നാട്ടിൽ ക്ഷാമം മാറി എങ്കിലും സാമ്പത്തിക ഉയർച്ചയിൽ ആയിരുന്ന യിസ്രായേൽ ജനം തിരികെ തങ്ങളുടെ നാട്ടിലേക്ക് പോകുന്നില്ല. യാക്കോബിന്റെ സന്തതികൾ വളർന്ന് ഒരു വലിയ സമൂഹമായി മിസ്രയിമിൽ കഴിഞ്ഞു വരുമ്പോൾ ഫറവോനും, ഭരണകർത്താക്കളും യിസ്രായേൽ ജനത്തോട് പഴയ ഫറവോന്റെ കാലത്തെ സൗഹൃദം കാണിക്കുന്നില്ല. മറിച്ച് അവരിൽനിന്നും അകലുന്നതായാണ് കാണുന്നത്. അതിന് കാരണമായത്: ദ്രുതഗതിയിലുള്ള യിസ്രായേൽ ജനതയുടെ ജനസംഖ്യാ വളർച്ച. **രാഷ്ട്രീയ വിദേശീയ വിദ്വേഷം** (മിസ്രയിം ജനത എന്നും ഇസ്രായേൽ ജനതയെ വൈദേശികരായി മാത്രം കരുതിയിരുന്നു). ഒരു വിദേശ അധിനിവേശത്തെ എതിർക്കുവാൻ യിസ്രായേൽ ജനതയുടെ സഹായം ഉണ്ടാകുമോ എന്ന് ഫറവോൻ യിസ്രായേല്യരെ പ്പറ്റി ഭയപ്പെട്ടിരുന്നു. **അന്യമത വിദ്വേഷം**; അതായത് യിസ്രായേൽ ജനത മിസ്രയിമിൽ അവരുടെ തനിമ എന്നും നിലനിർത്തിയിരുന്നു (Endogamy). യിസ്രായേൽ ജനത ഒരിക്കലും മിസ്രയിമ്യരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെട്ടിരുന്നില്ല. മാനസികമായി ഇത് മിസ്രയിമ്യരുടെയും യിസ്രായേല്യരുടയും ഇടയിൽ ഒരു അകൽച്ച ഉണ്ടാക്കിയിരുന്നു. അങ്ങനെ യിസ്രായേല്യരെ ഫറവോൻ രണ്ടാം തരം പൗരന്മാർ എന്ന നിലയിലേക്ക് തരം താഴ്ത്തി. ഊഴിയ വേലക്കാർ എന്ന നിലയിലേക്ക് യിസ്രായേൽ ജനം താഴ്ത്തപ്പെട്ട് അവർ അടിമകൾക്ക് തുല്യർ ആയി.

അവരുടെ കഷ്ടതയിൽ അവർ അവരുടെ ദൈവത്തോട് നിലവിളിച്ചു: അവർ അവരുടെ ദൈവത്തെ ഓർത്തു. അവരുടെ ദൈവം അവർക്ക് നൽകിയ വാഗ്ദത്ത ദേശത്തെ ഓർത്തു. അവർ അവരുടെ സ്വന്തനാട്ടിലേക്ക് തിരിച്ചുപോകുവാൻ ആഗ്രഹിച്ചു. പക്ഷെ അത് അത്ര എളുപ്പം ആയിരുന്നില്ല. കാരണം അവരുടെ നാട് അവർക്ക് അന്യാധീനപ്പെട്ടു കഴിഞ്ഞിരുന്നു. ആത്യന്തികമായി മിസ്രയിമിൽ ഇസ്രായേൽ ജനത അടിച്ചമർത്തപ്പെടുന്നത് യിസ്രായേൽ ജനതയുടെ ചരിത്രത്തിലെ ഒരു വഴിത്തിരിവായി കരുതാം. യിസ്രായേൽ ജനതയെ സ്വന്തദേശത്തേക്ക് തിരിച്ചുപോകാൻ നിർബന്ധിതരാക്കുക അബ്രഹാമിനോടുള്ള ദൈവത്തിന്റ ഉടമ്പടി വാഗ്ദാനം നിറവേറ്റുക എന്ന ലക്ഷ്യം നേടുക എന്നതും ആയിരുന്നു. ഒരു പക്ഷേ ഇസ്രായേൽ ജനതയ്ക്ക് മിസ്രയിമിൽ കഷ്ടതകൾ ഉണ്ടായിരുന്നില്ല എങ്കിൽ അവർ തിരികെ സ്വന്തദേശത്തേക്ക് പോകും എന്ന് ഉറപ്പ് പറയുവാൻ സാധിക്കുന്നില്ല.

എങ്കിലും ദൈവം അവരെ കൈവിടുന്നില്ല അവർക്ക് നായകനെ ദൈവം കണ്ടെത്തി, അവരുടെ ഇടയിൽനിന്നുതന്നെ ഇതുവരെയും ലോകം കണ്ടിട്ടുള്ളതിൽവച്ചു ഏറ്റവും സമർത്ഥനായ ഒരുവനെ രാജ്യം ഇല്ലാത്ത രാജാവ്, സമർത്ഥനായവൻ നാൽപതുവർഷം യിസ്രായേൽ ജനതയെ നയിച്ച സാക്ഷാൽ മോശ തന്നെ. യിസ്രായേൽ ജനത്തെ ഫറവോന്റെ അടിമത്വത്തിൽനിന്നും രക്ഷിച്ചു അവരുടെ സ്വന്തദേശത്തേയ്ക്ക് നടത്തി. മോശയുടെ മുൻപോ മോശയ്ക്ക് ശേഷമോ മോശയെപ്പോലെ ഒരു ഭരണാധികാരി ലോകത്ത് ഉണ്ടായിട്ടില്ല.

ദൈവം യിസ്രായേൽ ജനത്തെ സ്വന്ത ജനമായി തെരഞ്ഞെടുക്കുമ്പോൾ മറ്റുള്ള സകല ജനത്തേയും നിരസിക്കുന്നു എന്നല്ല. യിസ്രായേൽ ജനത്തെ ദൈവം തെരഞ്ഞടുത്തു എന്നതിന് ഉപരിയായി വേർതിരിച്ചെടുത്തു എന്നത് കൂടുതൽ ശരിയാകും. **തെരഞ്ഞെടുക്കുക**: ഒരു വലിയ കൂട്ടത്തിൽ നിന്നും നിർദ്ദിഷ്ടമായവരെ തെരഞ്ഞെടുക്കുക. **വേർതിരിച്ചെടുക്കുക:** ഒരു വലിയ കൂട്ടത്തിൽ നിന്നും ആവശ്യം ഉള്ളവരെ മാത്രം തെരഞ്ഞെടുക്കുക. യിസ്രായേൽ ജനത്തെ വേർതിരിച്ചെടുത്തത് അവരിൽകൂടി സകല മനുഷ്യരാശിയുടെയും രക്ഷ എന്ന മഹത്തായ ദൈവപദ്ധതിയുടെ ആവിഷ്ക്കാരം ആയിരുന്നു. സകലജനവും, ദൈവജനം ആകുമ്പോൾ അബ്രഹാമിന് ദൈവം നൽകുന്ന നിയമം നിറവേറ്റപ്പെടും. നീ ബഹുജാതികൾക്ക് പിതാവാകും. **അബ്രഹാമിന്റെ സന്തതികൾ;** യിസ്രായേൽ ജനത്തിന് എത്രകണ്ട് ഉടമ്പടി നിയമം പാലിക്കുവാൻ സാധിച്ചു? യിസ്രായേൽ ജനത്തിന് അവരുടെ തനിമ കാത്തു സൂക്ഷിക്കുവാൻ നാളിതുവരെയും സാധിച്ചു എന്നത് ശരിയാണ്. എന്നാൽ യേശു കർത്താവ് ഒഴികെ ആർക്കെങ്കിലും ഉടമ്പടി നിയമം പാലിക്കുവാൻ സാധിച്ചു എന്നത് സംശയം ആണ്. ക്നാനായക്കാരുടെ സിറിയൻ കുടിയേറ്റം സുവിശേഷഘോഷണം എന്ന് പറയുന്നു. ക്നാനായക്കാർ തനിമ കാത്തുസൂക്ഷിക്കുന്നു, എന്നാൽ ഈ ഉടമ്പടിയെപ്പറ്റി അറിവുണ്ടോ?

# വിശുദ്ധ മാർത്തോമ്മാശ്ലീഹായും ക്നാനായക്കാരും

വെരി.റവ. റോയ് മാത്യു, മുളമൂട്ടിൽ കോർ എപ്പിസ്കോപ്പ, റാന്നി

*നിലക്കൽ സെന്റ് തോമസ് എക്യുമനിക്കൽ പ്രസ്ഥാനത്തിന്റെ ജൂബിലി സുവനീർ മാർത്തോമ്മാ മാർഗ്ഗം എന്ന പ്രസിദ്ധീകരണത്തിൽ വന്ന ലേഖനം.*

അബ്രഹാമാണ് ഇസ്രായേല്യരുടെ പൂർവ പിതാവ്. ഇന്നത്തെ ഇറാക്കിലെ യൂഫ്രട്ടീസ്, ടൈഗ്രീസ് നദികളുടെ ഇടയിലായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് മെസപ്പൊട്ടോമിയിലെ ഊർ പട്ടണം. അവിടമാണ് അബ്രഹാമിന്റെ ജന്മദേശം. ദൈവം അബ്രഹാമിന് പ്രത്യക്ഷപ്പെട്ടു. പിതൃഭവനത്തെയും ചാർച്ചക്കാരെയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെട്ടുപോകുക എന്നു കല്പിച്ചു. ദൈവം കല്പിച്ചത് അനുസരിച്ച് കനാൻ നാട്ടിൽ എത്തി. അവിടെ വാഗ്ദത്ത പുത്രനായ ഇസഹാക്ക് ജനിച്ചു. ഇസഹാക്കിന്റെ മകനായ യാക്കോബിന് 12 മക്കൾ ഉണ്ടായി. അവർക്ക് യിസ്രയേൽ എന്ന പേര് ദൈവം കല്പിച്ചു നൽകി. യാക്കോബിന്റെ മക്കളിൽ ഒരുവനായ യഹൂദയുടെ സന്തതി പരമ്പരയിൽപ്പെട്ടവരുടെ രാജ്യമാണ് യഹൂദ രാജ്യം. അവർ അഥവ ജൂതന്മാർ എന്ന് അറിയപ്പെട്ടിരുന്നു. യേശുക്രിസ്തുവിന്റെ ഗോത്രമായ യഹൂദഗോത്രത്തിൽപ്പെട്ട ഒരാളായിരുന്നു തോമ്മാശ്ലീഹാ. അദ്ദേഹത്തിന്റെ പിതാവായ ഡയോഫനീസിന്റെയും മാതാവായ റോമാവിന്റെയും ഇരട്ടക്കുട്ടികളായി തോമശ്ലീഹായും ആദായിശ്ലീഹായും ജനിച്ചു ആദ്യപേര് യഹൂദ എന്നായിരുന്നു. ഇരട്ട വിരലുകൾ നിമിത്തം 'ദിദീമോസ്' എന്നും ഗ്രീക്ക്/അറമായ ഭാഷകളിൽ അറിയപ്പെട്ടിരുന്നു. കർത്താവിന്റെ കുടുംബവും തോമശ്ലീഹായുടെ കുടുംബവും തമ്മിൽ അടുത്ത ബന്ധം ഉള്ളവരായിരുന്നു എന്നും തോമശ്ലീഹായും യേശുവും തമ്മിൽ രൂപസാദൃശ്യം ഉണ്ടായിരുന്നു എന്നും സഭാ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

യഹൂദന്മാർ യേശുവിനെതിരെ ഗൂഢാലോചന നടത്തുന്നതിനാൽ യഹൂദയിലേക്ക് പോകുന്നതിന് ശിഷ്യന്മാർ വിലക്കിയപ്പോൾ നമുക്ക് അവനോടുകൂടെ മരിക്കേണ്ടതിന് പോകാം (യോഹ.11:6) എന്നു പറഞ്ഞത് തോമശ്ലീഹാ ആയിരുന്നു. കർത്താവ് ഉയിർത്തെഴുന്നേറ്റ് ആദ്യം പ്രത്യക്ഷപ്പെടുമ്പോൾ തോമസ് അവിടെ ഉണ്ടായിരുന്നില്ല. തോമസിനുവേണ്ടി എട്ടാം ദിവസം വീണ്ടും കർത്താവ് പ്രത്യക്ഷപ്പെട്ട് വിലാപ്പുറവും കൈയും കാണിച്ചു കൊടുത്തു. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തശേഷം പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ട പെന്തിക്കോസ്തു ദിവസം 3,000 പേർ സ്നാനം ഏറ്റ് സഭ ആരംഭിച്ചപ്പോൾ അവരിൽ ഭൂരിഭാഗവും യഹൂദ ഗോത്രത്തിൽപ്പെട്ടവരായിരുന്നു. അതിനുശേഷം മറ്റ് ജാതിയിൽപ്പെട്ടവരും സ്നാനമേറ്റ് സഭയോട് ചേർന്നു എങ്കിലും സ്വജാതികൾ എന്നും അറിയപ്പെട്ടിരുന്നുവെന്ന് യഹൂദ ക്രിസ്ത്യാനികൾ എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

എ.ഡി. 70 ൽ ഭൂരിപക്ഷം യഹൂദന്മാരും ജറുസലേമിൽനിന്ന് സിറിയ, ബാബിലോൺ (ഇറാഖ്) എന്നീ സ്ഥലങ്ങളിലേക്ക് പ്രയാണം ചെയ്തപ്പോൾ യഹൂദ ക്രിസ്ത്യാനികളും അവരോടൊപ്പം പല സ്ഥലങ്ങളിലേക്കും കുടിയേറിപ്പാർത്തു. ക്നായിത്തോമ്മാ ദാവീദ് വംശത്തിൽപ്പെട്ട അനുയായികളെ കൂട്ടിച്ചേർത്ത് എ.ഡി. 345-ൽ കേരളത്തിൽ എത്തി.

എ.ഡി. 52-ൽ തോമാശ്ലീഹാ കൊടുങ്ങല്ലൂർ വന്നിറങ്ങി. കേരളത്തിൽ 7 പള്ളികൾ സ്ഥാപിച്ചു. അനേകരെ സ്നാനപ്പെടുത്തി. എ.ഡി. 72- ൽ മൈലാപ്പൂരിൽ കൊല്ലപ്പെട്ടു. അവിടെ അടക്കം ചെയ്ത തിരുശേഷിപ്പുകൾ എ.ഡി. 394-ൽ ഉറഹായിലേക്കു കൊണ്ടുപോയി മൂസലിലുള്ള കുടുംബ കല്ലറയിൽ അടക്കം ചെയ്തു. അവിടെ വിശുദ്ധ തോമാശ്ലീഹായുടെ നാമത്തിൽ പള്ളി സ്ഥാപിച്ചു. മലങ്കരയിൽ സഭ സ്ഥാപിച്ചെങ്കിലും കാലശേഷം ശരിയായ ഇടയനില്ലാതെ ശോഷിച്ചുപോയി. എ.ഡി. 339-ൽ ക്നായിത്തോമ്മാ മലബാറിൽ എത്തിയപ്പോൾ കുരിശു ധരിച്ചു ചിലരെ കണ്ടു. അവർക്ക് പുരോഹിതന്മാർ ഇല്ലാത്തതിനാൽ ആരാധന ഇല്ല എന്നു മനസ്സിലാക്കി സ്വദേശത്തു തിരിച്ചെത്തി ഈ വിവരം അവിടെയുള്ള പിതാക്കന്മാരെ അറിയിച്ചു. വിവരം അറിഞ്ഞ ഉറഹായിലെ യൗസേഫ് മെത്രാൻ ഇന്ത്യയിലേക്ക് പുറപ്പെടുവാൻ തയാറാവുകയും അദ്ദേഹത്തോടുകൂടി യഹൂദ ഗോത്രക്കാരായ ക്രൈസ്തവരായ 72 കുടുംബങ്ങളിൽപ്പെട്ട 400 പേർ പട്ടക്കാരോടും ശെമ്മാശന്മാരോടുകൂടി എ.ഡി. 345-ൽ കൊടുങ്ങല്ലൂരിൽ വന്നെത്തുകയും ചെയ്തു. ഇവരുടെ വരവോടുകൂടി മലങ്കരസഭയ്ക്ക് ഉണർവുണ്ടായി.

ക്നായിതൊമ്മന്റെ ശ്രമഫലമായി അന്നത്തെ നാട്ടുരാജാവായിരുന്ന ചേരമാൻ പെരുമാളിൽ നിന്നു ക്രിസ്ത്യാനികൾക്കുവേണ്ടി പല അവകാശങ്ങളും അധികാരങ്ങളും സമ്പാദിച്ചു. ഈവക അധികാരാവകാശങ്ങൾ രേഖപ്പെടുത്തിയ ചെമ്പുപായകൾ ക്നായിത്തൊമ്മൻ ചെപ്പേട്, എന്ന് അറിയപ്പെടുന്നു. ഈ രേഖകൾ മുഖേന ക്രിസ്ത്യാനികൾക്ക് 72 പദവികൾ അനുവദിച്ചുകൊടുത്തു. പാർക്കുന്നതിനും പള്ളികൾ പണിയുന്നതിനും 264 കോൽ ഭൂമി കരമൊഴിവായി പതിച്ചു കൊടുത്തു. ക്നായിതോമ്മായുടെയും പരിവാരങ്ങളുടെയും ആഗമനം ഇങ്ങനെ മലബാർ ക്രിസ്ത്യാനികളുടെ മതപരവും സാമൂഹികവുമായുള്ള നില അഭിവൃദ്ധിപ്പെടുത്തി. സുറിയാനി ക്രിസ്ത്യാനികൾ എന്ന നാമധേയവും ഇതിനു ശേഷമാണ് ആവിർഭവിച്ചത്. കൊടുങ്ങല്ലൂരിൽ ക്രിസ്ത്യാനികൾ താമസിച്ചുകൊണ്ടിരുന്ന പട്ടണത്തെ മഹാദേവർ പട്ടണം എന്നു പേർ പറഞ്ഞിരുന്നു. വിദേശത്തു നിന്നു വന്ന ക്രിസ്ത്യാനികൾ രാജധാനിയുടെ തെക്കുവശത്ത് പെരിയാറിന്റെ തെക്കേക്കരയിൽ താമസിച്ചു. നാട്ടു ക്രിസ്ത്യാനികൾ വലതു ഭാഗത്തു താമസിച്ചു പോന്നു. ഒരേ വിശ്വാസവും ആരാധനരീതികളും പരിപാലിച്ചു പോന്ന് ഈ രണ്ടു കൂട്ടരും വളരെ സഹകരണത്തിൽ തന്നെ ജീവിച്ചു.

സിറിയയിൽ നിന്നുവന്ന തെക്കുഭാഗ ക്രിസ്ത്യാനികൾ

ജാതീയമായ അവരുടെ ആചാരമര്യാദകൾ പാലിച്ചു ഇക്കാലമത്രയും നില നിന്നു കേരള സഭയുടെ ചരിത്രം പരിശോധിച്ചാൽ തെക്കുംഭാഗരും വടക്കുംഭാഗരും എക്കാലവും തങ്ങളുടെ മതവിശ്വാസം കാത്തു സൂക്ഷിച്ച് ഒന്നിച്ചു നിന്നിരുന്നതായി കാണാം. കൊടുങ്ങല്ലൂരിലും ഉദയംപേരൂരിലും മുളന്തുരുത്തിയിലും പിറവത്തും ഉഴവൂരും കോട്ടയത്തും കല്ലിശ്ശേരിയിലും റാന്നിയിലും എല്ലാം ഒരേ പള്ളിയിൽ ഒരുമിച്ച് കൂടിവന്നിരുന്നു. എന്നാൽ പോർച്ചുഗീസുകാരുടെ ആഗമനത്തോടെ 1599 ലെ ഉദയം പേരൂർ സുന്നഹദോസ് മലങ്കര നസ്രാണികളെ രണ്ടാക്കിത്തീർത്തു. എന്നാലും മാർത്തോമ്മായുടെ പിതൃത്വം അവകാശപ്പെടുന്ന ക്നാനായക്കാർ ഉറഹാ മാർ യൗസേഫ് മെത്രാന്റെ പിൻതുടർച്ചക്കാരായി റോമാ സിംഹാസനത്തിനു കീഴിൽ കോട്ടയം രൂപതയുടെ അഭി. മൂലേക്കാട്ട് തിരുമേനിയും അന്ത്യോ ഖ്യ സിംഹാസനത്തിൻ കീഴിൽ ക്നാനായ സുറിയാനി ഭദ്രാസനം അഭി. സേവേറിയോസ് തിരുമേനിയുടെ മേലദ്ധ്യക്ഷതയിലും തുടരുന്നു. ഇതിനു പുറമേ വിവിധ പെന്തക്കോസ്തു കൂട്ടത്തിൽ പോയിട്ടുള്ള ക്നാനായക്കാരുമുണ്ട്. ഒന്നായി ഒരുമയോടെ ഈ കാലഘട്ടത്തിൽ ജീവിക്കാൻ മാർത്തോമ്മാ ശ്ലീഹായുടെ വർഗത്തിൽപ്പെട്ട ക്നാനായക്കാർ നേതൃത്വം നൽകി. ●

# ജീവിതയാത്ര

**അമ്മാൾ രാജൻ പുളിമൂട്ടിൽ സീതത്തോട്**

മനുഷ്യ ചരിത്രത്തിന്റെ തുടക്കം മുതൽ നമ്മെ വേട്ടയാടുന്നതും ശാസ്ത്രത്തിനു ഉത്തരം നൽകാൻ കഴിയാത്തതുമായ ഒരു ചോദ്യമാണ് മരണം. ഒരു നിമിഷംകൊണ്ട് ശ്വാസം നിലച്ചിട്ട് ഉള്ളിലെ ഞാനെന്ന ഭാവം എങ്ങോട്ടോ പോകുന്നു. മരണം ഒഴിച്ചു കൂടാൻ കഴിയാത്ത ഒരു നിയമമാണ്. "ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിർമ്മിച്ചിരിയ്ക്കയാൽ" (എബ്രാ. 9:27) ഭൂമിയിൽ നാം നേടിയ സമ്പത്തും പ്രതാപവും അറിവും ജ്ഞാനവും സൗന്ദര്യവുമെല്ലാം കുഴിമാടംവരെ മാത്രം. ഭൂമിയിലുള്ള നമ്മുടെ ജീവിതം നിത്യതയുമായി താരതമ്യം ചെയ്യുമ്പോൾ കടൽ തീരത്തെ മണൽപോലെ ചെറുതാണെന്നാണ് പറയുന്നത്. ശരീരത്തിൽനിന്ന് ആത്മാവ് വേർപെടുമ്പോൾ നമ്മുടെ ഈ ഭൂമിയിലെ വാടകവീട് ഒഴിഞ്ഞു കൊടുക്കുന്നു എന്നു മാത്രം. നമ്മുടെ ഈ ശരീരം ഈ ലോകത്തു ജീവിക്കാനുള്ള ഒരു വസ്ത്രം മാത്രമാണ്. ആത്മാവ് വേർപെടുമ്പോൾ ശരീരമാകുന്ന ഈ കമ്പിളി പുതപ്പ് ഇവിടെ ഉപേക്ഷിക്കും. പുതിയ വീട്ടിലേക്കുള്ള വാതിലാണ് മരണം. ജനിച്ച ഏതു മനുഷ്യനും അത് ഉൾക്കൊണ്ടേ മതിയാവൂ. എത്ര കരഞ്ഞു പറഞ്ഞാലും ഉടമസ്ഥൻ സമയമായാൽ അല്ലെങ്കിൽ കാലാവധി കഴിഞ്ഞാൽ ഒരു സെക്കന്റു നേരത്തെപോലും സാവകാശം തരാതെ ഇറക്കിവിടും. എത്ര കൈക്കൂലി കൊടുത്താലും ആരെക്കൊണ്ടൊക്കെ റെക്കമെന്റു ചെയ്താലും ഒന്നും സ്വീകാര്യമല്ല. ഇവിടെ മാത്രം സമത്വം, എല്ലാവർക്കും ഒരേ വഴി, തിരിമറി ഇല്ലാത്തവഴി. മരണമെന്ന യാത്രയ്ക്ക് ചിരിച്ചു കൊണ്ടു ഭൂമിയിൽ കിട്ടാവുന്നിടത്തോളം വാരിക്കൂട്ടിവയ്ക്കുന്നു, കരഞ്ഞുകൊണ്ട് എല്ലാം ഉപേക്ഷിക്കുന്നു, മരണമെന്ന യഥാർത്ഥ്യത്തെ സ്വീകരിയ്ക്കാൻ. "ഹാ മായ മായ സർവ്വതും മായ എന്നല്ലാതെ എന്തെഴുതാൻ. വെള്ളത്തിലെ കുമിളപോലെ മിന്നിത്തിളങ്ങുന്ന ഈ ലോകജീവിതം കണ്ണടച്ചു തുറക്കുന്നതുപോലെ എല്ലാം കഴിയുന്നു.

ജീവിതം വിചിത്രമായ ഒരു യാത്ര തന്നെയാണ്. ഒന്നുമില്ലാതെ നമ്മൾ വന്നു. എല്ലാം നേടിയെടുക്കാനായി കിട്ടുന്ന സമയമത്രയും ഓടുന്നു ഈ രണ്ടു യാത്രയ്ക്കിടയിലുമുള്ള ഒരു ചെറിയ കാലം നമ്മൾ വന്നതുപോലെ തന്നെ ഒന്നുമില്ലാതെ തിരിച്ചു പോകുന്നു. നമ്മൾ നേടിയ സ്ഥാനമാനങ്ങളോ നമ്മൾ നേടിയ സ്വത്തുക്കളോ ഒന്നും കൂടെ വരില്ല. സമാധാനമുള്ള മനസ്സും ദയയുള്ള ഹൃദയവും നാം മറ്റുള്ളവർക്ക് നൽകിയ സ്നേഹവും അതാണ് നമ്മൾ നേടുന്ന ഏറ്റവും വലിയ സമ്പാദ്യം. മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുക എന്നുള്ളത് ഏറ്റവും വലിയ സമ്പാദ്യമാണ്. ഒരു വ്യക്തി ജീവിച്ചിരിക്കുമ്പോൾ അവനെപ്പറ്റിയുള്ള നന്മകൾ അറിയണമെന്നില്ല മരിച്ചു കഴിയുമ്പോഴായിരിക്കും അവരിലുള്ള നന്മകൾ പുറംലോകം ചൂണ്ടിക്കാണിക്കുന്നത്. അതാണ് നേടിയ വിലമതിക്കാൻ വയ്യാത്ത സമ്പത്ത്

എന്തിനലങ്കാരം മനുഷ്യാ
മന്നിൽ അഹങ്കാരം
ആറടി മണ്ണത്
മാടിവിളിക്കുന്നു,
ചെല്ലേണ്ട ആ നേരം
പൊന്നും പണവും, ആർഭാടകാരും
ചെന്നു കിടക്കുമ്പോൾ കൂട്ടിനില്ല

ചവിട്ടിക്കൊണ്ട് നടന്ന മണ്ണുമാത്രം കൂട്ടിന്, അല്പം കഴിയുമ്പോൾ കുറെ പുഴുക്കളും, കടിപിടി കൂടി തിന്ന് നമ്മളെ ഇല്ലാതാക്കി മണ്ണിനോടു ചേർക്കുവാൻ മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു തന്നെ തിരിച്ചു പോരും. കർത്താവിന്റെ വചനം പറയുന്നത് "ശരീരത്തിൽ വസിക്കുമ്പോഴൊക്കെയും കർത്താവിനോട് അകന്നു പരദേശികൾക്കായിരിക്കുന്നു എന്നറിയുന്നു (2 കൊരി 5:6). ശരീരത്തിലിരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് ന്യായാസനത്തിന്റെ മുമ്പിൽ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി. 5:10).നമ്മളു ശരീരത്തിൽ വസിക്കുമ്പോൾ എത്ര സുന്ദരന്മാരായിരുന്നാലും മിടുക്കന്മാരായിരുന്നാലും മന്ത്രി ആയിരുന്നാലും നമ്മളും പരദേശികളാണ്. കർത്താവിന്റെ രാജ്യത്തിൽ സ്വദേശികളായി എത്തിച്ചേരാൻ ശരീരം വിടണം.

കബറു തുറന്നു നിരീക്ഷിയ്ക്കാ
വീരന്മാരും സുന്ദരരും
നിശ്ശേഷം നാൾ പൂണ്ടു
അവരയ്യയ്യോ മണ്ണായി

●

# ഏവൻഗേലിയോൻ ദീപം



**MSOT സെമിനാരി, നോബിൻ ചെറിയാൻ ബിനു, കോട്ടൂർ**

## ദൈവിക പര്യാപ്തതയും കരുണയും/ Divine Sufficiency Compassion St. Mathaw. 14:14-23

ജീവിതത്തിൽ സമാധാനവും സന്തോഷവും കണ്ടെത്തുന്നതിനുള്ള രണ്ട് അടിസ്ഥാന തൂണുകളാണ് പര്യാപ്തതയും കരുണയും. പര്യാപ്തത എന്നത് ഭൗതികമായ സമ്പത്തിനപ്പുറം, നമ്മുടെ പക്കലുള്ളതിൽ സംതൃപ്തി കണ്ടെത്താനുള്ള കഴിവാണ്. "എനിക്ക് ഇത്രയും മതി" എന്ന് തിരിച്ചറിയുന്ന നിമിഷം ഒരാൾ അത്യാഗ്രഹത്തിൽ നിന്ന് മുക്തനാകുന്നു. ഈ മനോഭാവം മനസ്സിന് ശാന്തി നൽകുക മാത്രമല്ല, മറ്റുള്ളവർക്കായി പങ്കുവെക്കാനുള്ള ഒരു മനസ്സ് രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുന്നു.

"തൃപ്തിയുള്ള ദരിദ്രൻ സമ്പന്നനാണ് എന്നാൽ എപ്പോഴും കൂടുതൽ ആഗ്രഹിക്കുന്ന സമ്പന്നൻ ദരിദ്രനും"- വില്യം ഷേക്സ്പിയർ

ഇവിടെയാണ് കരുണ കടന്നുവരുന്നത്. തന്നിലുള്ളത് മറ്റൊരാൾക്ക് കൂടി ഉപകാരപ്പെടണമെന്ന് ആഗ്രഹവും, മറ്റുള്ളവരുടെ വേദനകളെ സ്വന്തം വേദനയായി കാണാനുള്ള മനസുമാണ് കരുണ. നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുന്നത് സ്വന്തം ആവശ്യങ്ങൾ നിറവേറ്റപ്പെടുമ്പോൾ മാത്രമല്ല, മറിച്ച് നമ്മുടെ സാന്നിധ്യം കൊണ്ട് മറ്റൊരാളുടെ ജീവിതത്തിൽ വെളിച്ചം വീശാൻ സാധിക്കുമ്പോഴാണ്.

'കരുണയുള്ളവരായിരിക്കുക, കാരണം നിങ്ങൾ കണ്ടുമുട്ടുന്ന ഓരോരുത്തരും കഠിനമായ ഒരു പോരാട്ടത്തിലാണ്"- പ്ലോറ്റാ

വേദപുസ്തകത്തിൽ ദൈവികമായ പര്യാപ്തതയും, കരുണയും പരസ്പരബന്ധിതമായ ആത്മീയ സത്യങ്ങളാണ്. നമ്മുടെ കുറവുകളിലല്ല, മറിച്ച് ദൈവത്തിന്റെ അളവറ്റ കൃപയിലാണ് നമ്മുടെ ജീവിതം പൂർണ്ണമാകുന്നത് എന്നതാണ് വേദപുസ്തകം നൽകുന്ന സന്ദേശം. മനുഷ്യന്റെ കഴിവുകൾക്കോ സാഹചര്യങ്ങൾക്കോ പരിമിതികൾ ഉണ്ടാകാം, എന്നാൽ ദൈവത്തിന്റെ കൃപ ആ പരിമിതികളെ മറികടക്കാൻ നമ്മെ പ്രാപ്തരാകുന്നു.

അങ്ങനെ നാം ചിന്തിക്കുമ്പോൾ പെന്തിക്കോസ്തിക്ക് ശേഷമുള്ള നാലാം ഞായറാഴ്ച വി. പിതാക്കന്മാർ നമുക്കായി ക്രമീകരിച്ചു തന്നിരിക്കുന്ന വി. ഏവൻഗേലിയോൻ ഭാഗം എന്നത് (മത്താ.14:14-23) വരെയുള്ള വാക്യങ്ങൾ ആണ്.

### 1. ദൈവത്തിന്റെ ആർദ്രതയും കരുണയും (മത്താ. 14:14-16)

യേശുക്രിസ്തു ജനക്കൂട്ടത്തെ കണ്ടപ്പോൾ അവർക്കായി മനസ്സലിഞ്ഞു (Moved with Compassion) എന്നാണ് സുവിശേഷം പറയുന്നത്. പ്ലോറ്റോയുടെ നിരീക്ഷണംപോലെ, ലോകത്തിൽ നാം കാണുന്ന ഓരോ വ്യക്തിയും നമുക്കറിയാത്ത വലിയ ജീവിത സമരങ്ങളിലൂടെയാണ് കടന്നു പോകുന്നത്. യേശുക്രിസ്തുവിന്റെ കരുണ വെറുമൊരു വികാരമല്ല, മറിച്ച് കർമ്മോത്സുകമായ ഒരു ഇടപെടലാണ്. അവൻ രോഗങ്ങളെ സൗഖ്യമാക്കുകയും അവരുടെ ആത്മീയ ദാഹം തീർക്കുകയും ചെയ്തു.

പഴയ നിയമത്തിൽ ദൈവം തന്റെ ജനത്തെ കരുണയോടെ വഴി നടത്തുന്ന ഇടയനായി നാം വേദപുസ്തകത്തിൽ വായിക്കുന്നു. " യഹോവ എന്റെ ഇടയനാകുന്നു.എനിക്ക് മുട്ടുണ്ടാകയില്ല"(സങ്കീ.23:1). എന്ന വചനം ഇവിടെ അർത്ഥവത്താകുന്നു. മരുഭൂമിയിൽ അലയുന്ന ജനത്തെ യേശു കാണുന്നത് ഇടയനില്ലാത്ത ആടുകളെപ്പോലെ ആണ്.

ഹെസെക്കിയേൽ പ്രവാചകനിലൂടെ ദൈവം അരുളി ചെയ്യുന്നു. "ഞാൻ തന്നെ എന്റെ ആടുകളെ മേയിക്കും കാണാതെ പോയതിനെ ഞാൻ തിരയും, തെറ്റിയതിനെ മടക്കി വരുത്തും, മുറിവേറ്റതിനെ കെട്ടുകയും ദിനമുള്ളതിനെ ബലപ്പെടുത്തുകയും ചെയ്യും (ഹെസെ. 34:15-16). യേശുക്രിസ്തുവിലൂടെ ഈ വചനം ആണ് പൂർത്തിയാകുന്നത്. യഥാർത്ഥ കരുണ എന്നത് മറ്റൊരാളുടെ ജീവിതത്തിൽ ക്രിയാത്മകമായ മാറ്റം വരുത്തുന്ന സ്നേഹമാണ്.

### 2). മാനുഷിക പരിമിതിയും ദൈവിക സമൃദ്ധിയും (വി.മത്തായി 14:17-19)

ശിഷ്യന്മാർ തങ്ങളുടെ പക്കലുള്ള വിഭവങ്ങളെ പരിമിതമായ മാനുഷിക ദൃഷ്ടിയിലൂടെയാണ് നോക്കിക്കണ്ടത്. അയ്യായിരം പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടങ്ങുന്ന വലിയൊരു ജനക്കൂട്ടത്തിന് മുന്നിൽ 'അഞ്ച് അപ്പവും രണ്ടു മീനും' വെറും നിസ്സാരമായിരുന്നു. എന്നാൽ ഷേക്സ്പിയർ പറഞ്ഞതുപോലെ, ഉള്ളതിൽ തൃപ്തി കണ്ടെത്തുന്നത് വലിയൊരു ആത്മിയ സമ്പന്നതയാണ്. ആ ചെറിയ വിഭവം യേശുക്രിസ്തുവിന്റെ കൈകളിൽ ഏൽപ്പിച്ചപ്പോൾ അത് സകലർക്കും മതിയായതായി മാറി. നമ്മുടെ 'ഇല്ലായ്മകളെ' ദൈവത്തിന്റെ കൈകളിൽ ചേർത്തു വെക്കുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്.

(പുറ. 16:16-18) മരുഭൂമിയിൽ ഇസ്രായേൽ ജനത്തിന് മന്ന നൽകിയപ്പോൾ, അധികം ശേഖരിച്ചവന് അധികമായില്ല, കുറച്ച് ശേഖരിച്ചവന് കുറഞ്ഞതുമില്ല. എല്ലാവർക്കും അവരവരുടെ ആവശ്യത്തിന് 'മതിയായത്' ലഭിച്ചു. ഇതേ ദൈവിക കരുതലിന്റെ തുടർച്ചയാണ് യേശുക്രിസ്തുവിലൂടെ കാണുന്നത്.

നമുക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെ നന്ദിയോടെ കാണുക. "ദൈവം തനിക്ക് മതിയായവനാണ്" എന്നു ഉറപ്പുള്ളവർക്ക് മാത്രമേ ലോകത്തിൽ പങ്കുവെക്കലിന്റെ സംസ്കാരം വളർത്താൻ കഴിയൂ. ഭൗതികമായ കുറവുകളെ നോക്കി ഭയപ്പെടാതെ, ദൈവത്തിന്റെ അദൃശ്യമായ കരുതലിനെ വിശ്വസിക്കാൻ നാം ശീലിക്കണം.

ഇന്നത്തെ ഭാരതീയ സാഹചര്യത്തിൽ ഈ സന്ദേശത്തിന് വലിയ പ്രസക്തിയുണ്ട്. സാമ്പത്തിക അസമത്വങ്ങളും പട്ടിണിയും നമ്മുടെ ചുറ്റുമുണ്ട്. പലപ്പോഴും മതപരമായും രാഷ്ട്രീയമായും വിഭാഗീയതകൾ ഉണ്ടാകുമ്പോൾ, യേശുക്രിസ്തു കാണിച്ചു തന്ന ആർദ്രമായ കരുണയാണ് നമുക്ക് ആവശ്യം. നമ്മുടെ രാജ്യം നേരിടുന്ന വെല്ലുവിളികളിൽ "എനിക്ക് ഇത്രയും മതി" എന്ന പര്യാപ്തതയുടെ മനോഭാവം നാം വളർത്തിയെടുക്കണം. നമ്മുടെ കുറവുകളെ ദൈവകൃപയിൽ സമർപ്പിക്കാം; അവൻ നമ്മുടെ ജീവിതത്തെ അനുഗ്രഹിക്കട്ടെ ആമ്മീൻ.

## സ്വർഗ്ഗീയ വിരുന്ന് (The Heavenly Banquet)
## (വി.ലൂക്കോ. 10-17) 28-06-2026

മനുഷ്യൻ പ്രപഞ്ചത്തിലെ ഏറ്റവും ബുദ്ധിയുള്ള ജീവിയാണെന്ന് അവകാശപ്പെടുമ്പോഴും, അറിവിലും കഴിവിലും വൈകാരിക തലത്തിലും അവൻ നേരിടുന്ന വലിയൊരു യാഥാർത്ഥ്യമാണ് മനുഷ്യ സഹജമായ അപൂർണ്ണത (Humon Inadeuacy). ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂർണ്ണത കൈവരിക്കാൻ ശ്രമിക്കുമ്പോഴും തന്റെ പരിമിതികളെ തിരിച്ചറിയുന്നിടത്താണ് മനുഷ്യന്റെ യഥാർത്ഥ വിനയവും വളർച്ചയും ആരംഭിക്കുന്നത്. എന്നാൽ, നമ്മുടെ ഈ കുറവുകൾ അവസാനിക്കുന്നിടത്താണ് ദൈവത്തിന്റെ അളവറ്റ കൃപയും ശക്തിയും പ്രവർത്തിച്ചു തുടങ്ങുന്നത്. ഇതിനെയാണ് 'ദൈവീകമായ പൂർണ്ണത Divine fullfiness എന്ന് വിളിക്കുന്നത്. നമ്മുടെ ബലഹീനതകൾ ദൈവത്തിന് ഒരു തടസ്സമല്ല, മറിച്ച് അവന്റെ മഹത്വം വെളിപ്പെടുത്താനുള്ള വഴികളാണ്. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിലെ ഏറ്റവും വിസ്മയകരമായ അടയാളങ്ങളിൽ ഒന്നാണ് അയ്യായിരങ്ങളെ പോഷിപ്പിച്ചത്.

അങ്ങനെ ചിന്തിക്കുമ്പോൾ പെന്തിക്കോസ്തിക്ക് ശേഷമുള്ള അഞ്ചാം ഞായറാഴ്ച വി. പിതാക്കന്മാർ നമുക്കായി ക്രമീകരിച്ച് തന്നിരിക്കുന്ന വി. ഏവൻഗേലിയോൻ ഭാഗം, വി. ലൂക്കോസ് 9:10-17.

### 1. മരുഭൂമിയിലെ മന്നയും ക്രിസ്തുവിന്റെ കരുണയും The Manna in the wilderness and the Compassion of Christ.

വിജനമായ സ്ഥലത്ത് ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരോട് അനുകമ്പ തോന്നി. ഇത് പഴയ നിയമത്തിൽ ഇസ്രായേൽ മക്കൾ മരുഭൂമിയിൽ അനുഭവിച്ച ദൈവിക കരുണയുടെയും, കരുതലിന്റെയും ആവർത്തനമാണ്. പുറപ്പാട് പുസ്തകത്തിൽ 16-ാം അദ്ധ്യായത്തിൽ ഇസ്രായേൽ മക്കൾ മരുഭൂമിയിൽ വിശന്നു വലഞ്ഞപ്പോൾ ദൈവം അവർക്ക് ആകാശത്തുനിന്ന് 'മന്ന' നൽകി പോഷിപ്പിച്ചു. മരുഭൂമിയിൽ വഴി മുട്ടി നിൽക്കുന്ന തന്റെ ജനത്തിന് ആഹാരം നൽകുന്ന യഹോവയായ ദൈവത്തിന്റെ അതേ ഭാവമാണ് യേശു ഇവിടെ പ്രകടിപ്പിക്കുന്നത്. "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് വരുന്ന ഓരോ വചനം കൊണ്ടും ജീവിക്കുന്നു'' (ആവർ. 8:3) എന്ന വചനം സാർത്ഥകമാക്കിക്കൊണ്ട്, യേശു ആദ്യം അവർക്ക് വചനം നൽകുകയും പിന്നീട് ശാരീരിക ആഹാരം നൽകുകയും ചെയ്തു.

### 2) ശിഷ്യന്മാരുടെ പരിമിതികളും ക്രിസ്തുവിന്റെ അപ്രമേയമായ സാധ്യതകളും

ശിഷ്യന്മാർ സാഹചര്യങ്ങളെ മാനുഷിക ദൃഷ്ടിയിലൂടെ കണ്ടപ്പോൾ (5 അപ്പവും, രണ്ട് മീനും മാ ത്രം). യേശുക്രിസ്തു അവരെ ദൈവിക സാധ്യതകളിലേക്ക് നയിച്ചു. 2. രാജ. 4:42 -44- ൽ എലിശാ പ്രവാചകൻ ഇരുപത് യവത്തപ്പവും കതിരുംകൊണ്ട് നൂറു പേരെ പോഷിപ്പിച്ച സംഭവം നാം വായിക്കുന്നു. അന്ന് എലിശായുടെ ദാസൻ ചോദിച്ചു. "ഇത് നൂറു പേർക്ക് എങ്ങനെ തികയും," എന്നാൽ ദൈവം അരുളിച്ചെയ്തതുപോലെ അവർ ഭക്ഷിക്കുകയും ബാക്കി വരികയും ചെയ്തു. ഏലിശയേക്കാൾ വലിയവൻ ഇവിടെയുണ്ട് എന്ന യേശു തെളിയിക്കുന്നു. നൂറു പേരെയല്ല, മറിച്ച് അയ്യായിരങ്ങളെയാണ് അവൻ പോഷിപ്പിക്കുന്നത്. നമ്മുടെ കയ്യിലുള്ള 'കുറവ്' ദൈവകരങ്ങളിൽ എത്തുമ്പോൾ അത് ധാരാളിത്തമായി മാറുന്നു.

### 3. ക്രമീകരിക്കുന്ന പാഠം Orderliness

ജനങ്ങളെ അൻപത് പേർ വീതം പന്തികളായി ഇരുത്താൻ യേശുക്രിസ്തു ആവശ്യപ്പെട്ടു. ദൈവം അരാജകത്വത്തിന്റെ ദൈവമല്ല ക്രമത്തിന്റെ ദൈവമാണ്. ഇസ്രായേൽ മക്കൾ മരുഭൂമിയിലൂടെ യാത്ര ചെയ്തപ്പോൾ അവർ എങ്ങനെ പാളയമടിക്കണം എന്ന് ദൈവം കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഓരോ ഗോത്രവും അവരവരുടെ സ്ഥാനങ്ങളിൽ ക്രമമായി നിൽക്കണമായിരുന്നു. ക്രമീകരണം ഉള്ളിടത്താണ് അനുഗ്രഹം പകരപ്പെടുന്നത്. വി. ലൂക്കോസ് 9:14- ൽ യേശുക്രിസ്തു ആവശ്യപ്പെട്ട ഈ സഭ എന്ന കൂട്ടായ്മയിൽ ഓരോരുത്തർക്കും അവരവരുടെ സ്ഥാനമുണ്ടെന്നും, ക്രമമായി നിൽക്കുന്നവർക്ക് ദൈവിക വിഭവങ്ങൾ തടസ്സമില്ലാതെ ലഭിക്കുമെന്നും നമ്മെ പഠിപ്പിക്കുന്നു.

### 4. ശേഷം വന്ന സമൃദ്ധി (Divine Abondance)

പന്ത്രണ്ട് കൊട്ട നിറയെ ബാക്കി വന്നു എന്നത് ദൈവത്തിന്റെ അളവറ്റ സമൃദ്ധിയെ സൂചിപ്പിക്കുന്നു. സങ്കീ. 23:5-ൽ ദാവീദ് പാടുന്നു. "നീ എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു; നിന്റെ പാനപാത്രം നിറഞ്ഞു കവിയുന്നു. പന്ത്രണ്ട് കൊട്ടകൾ എന്നത് യിസ്രയേലിന്റെ 12 ഗോത്രങ്ങൾക്കും ശേഷിപ്പുകൾ കണ്ടെതിനെ കാണിക്കുന്നു. അതായത്, ലോകത്തിന്റെ എല്ലാ കോണുകളിലുമുള്ള വിശ്വാസികളെ പോഷിപ്പിക്കാൻ യേശുക്രിസ്തു ആകുന്ന ജീവന്റെ അപ്പം മതിയായതാണ്.

### കൃതജ്ഞതയും വർദ്ധനവും (Gratitude & Multiplication)

യേശുക്രിസ്തു അപ്പം എടുത്ത് സ്വർഗ്ഗത്തിലേക്ക് നോക്കി സ്തോത്രം ചെയ്തു. സങ്കീ.104:27-28 ൽ പറയുന്നു "തക്കസമയത്ത് ആഹാരം നൽകേണ്ടതിന് ഇവയെല്ലാം നിന്നെ നോക്കിക്കൊണ്ടിരിക്കുന്നു. നീ നിന്റെ കൈ തുറക്കുന്നു, അവർ നന്മകൊണ്ട് തൃപ്തിപ്പെടുന്നു." സാരെഫാത്തിലെ വിധവയുടെ വീട്ടിൽ ഏലിയാവ് ചെന്നപ്പോൾ അവളുടെ പക്കൽ ഉണ്ടായിരുന്നത് ഒരു പിടി മാവും അല്പം എണ്ണയും മാത്രമായിരുന്നു. എന്നാൽ പ്രവാചകന്റെ വാക്കിൻ പ്രകാരം അവൾ അത് ദൈവഹിതത്തിനായി നൽകിയപ്പോൾ, ദൈവത്തിന്റെ കൃപയാൽ മാവ് തീർന്നുപോയില്ല എണ്ണ കുറഞ്ഞു പോയതുമില്ല (1 രാജ.17:16). സമർപ്പണവും കൃതജ്ഞതയും വർദ്ധനവിന്റെ താക്കോലുകളാണ്.

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, ഈ വചനഭാഗം ഇന്നത്തെ ഭാരത സാഹചര്യത്തിൽ വലിയ പ്രസക്തിയുള്ള ഒന്നാണ്. സാമ്പത്തിക അസമത്വങ്ങളും, പട്ടിണിയും, അനിശ്ചിതത്വങ്ങളും നിറഞ്ഞ നമ്മുടെ സമൂഹത്തിൽ ഈ വചനം നല്ല ഒരു പാഠം ആണ്. കോടിക്കണക്കിന് ജനങ്ങൾ ഇന്നും ഒരു നേരത്തെ ആഹാരത്തിനായി കഷ്ടപ്പെടുമ്പോൾ, യേശുക്രിസ്തു കാണിച്ച 'അനുകമ്പ' നമ്മുടെ ഉള്ളിലും ഉണ്ടാകണം. നമ്മുടെ പക്കലുള്ളത് എത്ര ചെറുതാണെങ്കിലും അത് മറ്റുള്ളവരുമായി പങ്കിടുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്. നമ്മുടെ പക്കലുള്ള ചെറിയ കാര്യങ്ങളെ അവനിൽ വിശ്വസിച്ച് ഏല്പിക്കുക അവൻ അത് സമൃദ്ധിയായി മാറ്റും ആമീൻ.

## മരുഭൂമിയിലെ സ്വർഗ്ഗീയ വിരുന്ന്: ദൈവിക കരുണയും സമൃദ്ധമായ പര്യാപ്തതയും
## (മത്താ.15:32-39) 5-7-2026

കരുണ, പര്യാപ്തത (Compassion Suffici-ncy) എന്നീ രണ്ട് ആശയങ്ങൾ മാനുഷിക മൂല്യങ്ങളിലും ആത്മീയ ചിന്തകളിലും വളരെ പ്രാധാന്യം വഹിക്കുന്നുണ്ട്. കരുണ എന്നത്

ഒരാളുടെ പ്രയാസമോ വേദനയോ കാണുമ്പോൾ ആ വ്യക്തിയോട് തോന്നുന്ന കേവലമായ സഹതാപമല്ല, മറിച്ച് അവരുടെ അവസ്ഥ മനസ്സിലാക്കി അത് പരിഹരിക്കാൻ നമ്മളെ പ്രേരിപ്പിക്കുന്ന ആഴത്തിലുള്ള സ്നേഹമാണ് അത് കേവലം വാക്കുകളിൽ ഒതുങ്ങാതെ മറ്റുള്ളവരുടെ ഭാരം ലഘൂകരിക്കാനും സഹായിക്കുന്നു.

പര്യാപ്തത, എന്നത് നമ്മുടെ പക്കലുള്ളത് അത് എത്ര ചെറുതാണെങ്കിലും അത് ആവശ്യത്തിന് തികയും എന്ന അവസ്ഥയെ സൂചിപ്പിക്കുന്നു. ആത്മീയമായ അർത്ഥത്തിൽ നമ്മുടെ കുറവുകളെ പരിഹരിക്കാൻ ദൈവത്തിന്റെ കൃപ മതിയാകും. നാം മറ്റുള്ളവരോട് കരുണ കാണിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും ദൈവത്തിന്റെ പര്യാപ്തത അനുഭവവേദ്യമാകുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ പെന്തിക്കോസ്തിക്ക് ശേഷമുള്ള ആറാം ഞായറാഴ്ചയിൽ വി. പിതാക്കന്മാർ നമുക്കായി ക്രമീകരിച്ചു തന്നിരിക്കുന്ന വി. ഏവൻഗേലിയോൻ ഭാഗം, വി.മത്താ. 15:32-39.

**1. നമ്മെ അറിയുന്ന ദൈവം**

വി.മത്താ. 15:32 ൽ യേശുക്രിസ്തു പ്രകടിപ്പിക്കുന്ന മനസ്സലിവ് (Compassion) വെറുമൊരു വികാരമല്ല, മറിച്ച് അത് ദൈവത്തിന്റെ രക്ഷാകരമായ പ്രവർത്തനത്തിന്റെ തുടർച്ചയാണ്. പുറപ്പാട് പുസ്തകത്തിൽ ദൈവം അരുളിച്ചെയ്യുന്നത്. "ഞാൻ നിന്റെ ജനത്തിന്റെ കഷ്ടത കണ്ടു". നൂറ്റാണ്ടുകൾക്ക് ശേഷം വിശന്നു തളർന്നു നിൽക്കുന്ന ജനക്കൂട്ടത്തെ നോക്കുമ്പോൾ യേശുവും ചെയ്യുന്നത് ഇതേ കാര്യമാണ്. ദൈവം സ്വർഗ്ഗത്തിൽ ഇരുന്ന് ഭൂമിയിലെ കാര്യങ്ങൾ നിസ്സംഗതയോടെ നോക്കിക്കാണുന്നവനല്ല. പുറപ്പാട്.3:7 ന്റെ രണ്ടാം ഭാഗത്ത് ദൈവം പറയുന്നു "അവരുടെ വിഷമം ഞാൻ അറിയുന്നു." ഇവിടെ 'അറിയുക' എന്ന വാക്കിന് ആഴത്തിലുള്ള അർത്ഥമുണ്ട്. അത് കേവലം ബുദ്ധിപരമായ അറിവല്ല, മറിച്ച് ആ വേദന സ്വന്തം വേദനയായി അനുഭവിക്കുക (Empathy) എന്നാണ് അർത്ഥം. പഴയ നിയമത്തിൽ ഇസ്രായേൽ ജനതയുടെ വിലാപം അറിഞ്ഞ ദൈവം തന്നെയാണ് ഇവിടെയും ജനത്തിന്റെ നിശ്ശബ്ദമായ വിശപ്പിനെ അറിയുന്നത്.

**2. കുറവുകളെ നിറവുകൾ ആക്കുന്ന ദൈവിക രഹസ്യം**

വി.മത്താ. 15:32-39- ൽ പര്യാപ്തത എന്ന ആശയം സെറാഫാത്തിലെ വിധവയുടെ ചരിത്രവുമായി ഈ സുവിശേഷത്തെ ബന്ധിപ്പിക്കുവാൻ സാധിക്കും. നമ്മുടെ പക്കൽ "എത്രയുണ്ട്" എന്നതിനേക്കാൾ, അത് "ആരുടെ കയ്യിലാണ്" എന്നതാണ് പ്രധാനം. ശിഷ്യന്മാർ ഏഴ് അപ്പത്തിലേക്കും കുറച്ച് മീനിലേക്കും നോക്കിയപ്പോൾ അവർ കണ്ടത് 4000 പേർക്ക് മുന്നിലുള്ള വലിയ കുറവാണ്. അതുപോലെ സെറാഫാത്തിലെ വിധവ തന്റെ കയ്യിലുള്ള ഒരു പിടി മാവിലേക്ക് നോക്കിയപ്പോൾ കണ്ടത് തന്റെയും മകന്റെയും അവസാനത്തെ ഭക്ഷണമാണ്. മനുഷ്യൻ എണ്ണുന്നത് ഉള്ളതിനെയാണ്. എന്നാൽ ദൈവം നോക്കുന്നത് സമർപ്പിക്കപ്പെട്ടതിനാണ്. യേശു അപ്പം വർദ്ധിപ്പിക്കുന്നതിന് മുൻപ് ചെയ്ത പ്രധാന കാര്യം "സ്തോത്രം പറഞ്ഞു" എന്നതാണ്. ദൈവത്തിന്റെ അനുഗ്രഹം കൂടെയുണ്ടെങ്കിൽ അത് എപ്പോഴും ആവശ്യത്തിന് മേൽ അധികമായിരിക്കും.

**3. മനുഷ്യന്റെ കയ്യിലുള്ളത്**

ചെങ്കടൽ വിഭജിക്കാൻ ദൈവം ഉപയോഗിച്ചത് ആകാശത്തുനിന്നുള്ള മിന്നലല്ല, മറിച്ച് മോശയുടെ കയ്യിലുണ്ടായിരുന്ന വടിയാണ്. അത്ഭുതത്തിന്റെ വിത്ത് പലപ്പോഴും നമ്മുടെ കയ്യിൽ തന്നെയാണ് ദൈവം വെച്ചിരുന്നത്.

ഇന്നത്തെ ഭാരതത്തിന്റെ സാഹചര്യത്തിൽ, സാമ്പത്തികമായി വളരുമ്പോഴും, ഒരു വശത്ത് വലിയ ആഡംബരങ്ങളും മറുവശത്ത് വിശപ്പും പട്ടിണിയും നിലനിൽക്കുന്നു. പട്ടിണി നിർമ്മൂലനം ചെയ്യാൻ ഭരണകൂടം മാത്രം വിചാരിച്ചാൽ പോരാ, ഓരോ പൗരനും തന്റെ കയ്യിലുള്ളത് പങ്കു വെക്കാനുള്ള മനസ്സലിവ് നാം കാണിക്കണം. ജാതിയുടെയും, മതത്തിന്റെയും പേരിൽ മനുഷ്യരെ വേർതിരിക്കുന്ന ഇന്നത്തെ ഭാരതീയ സാഹചര്യത്തിൽ, വിശക്കുന്നവന് ജാതിയില്ലെന്ന യേശുവിന്റെ മനോഭാവം സഭയ്ക്കും സമൂഹത്തിനും മാതൃകയാകണം.

മോശയുടെ വടിയെപ്പോലെ നമ്മുടെ കയ്യിലുള്ള ചെറിയ അധികാരങ്ങളും അവകാശങ്ങളും നീതിക്കുവേണ്ടി ഉപയോഗിക്കുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്. ദൈവത്തിൽ മാത്രം ഭരമേൽപ്പിച്ച് മാറിനിൽക്കാതെ, സാമൂഹിക മാറ്റത്തിനായി ദൈവത്തിന്റെ കൈകളിലെ ഉപകരണം ആകാൻ ഓരോ ഭാരതീയനും കടപ്പെട്ടിരിക്കുന്നു. ഇന്നും നമ്മുടെ ചുറ്റുമുള്ള ദാരിദ്ര്യത്തിന്റെയും അനീതിയുടെയും മരുഭൂമികളെ ദൈവിക സമൃദ്ധിയുടെ ഇടങ്ങളാക്കി മാറ്റാൻ നമുക്ക് സാധിക്കും.

**ബലവാനായവനെ കെട്ടുന്ന അതിബലവാൻ (മർക്കോ.3:20-30) 12-7-2026**

Recognition (അംഗീകാരം/തിരിച്ചറിവ്), Rejection (നിരസിക്കൽ) എന്നിവ വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും വളരെ വലിയ സ്വാധീനം ചെലുത്തുന്ന രണ്ട് വ്യത്യസ്ത അവസ്ഥകളാണ്.

അംഗീകാരം (Recognition) എന്നത് ഒരു വ്യക്തിയുടെ കഴിവിനെയോ, പ്രവൃത്തിയെയോ മറ്റൊരാൾ അല്ലെങ്കിൽ സമൂഹം വിലമതിക്കുന്ന പ്രക്രിയയാണ്. ഇത് കേവലം ഒരു പുകഴ്ത്തലല്ല, മറിച്ച് ഒരാൾ സമൂഹത്തിന് നൽകുന്ന സംഭാവനകളെ മറ്റുള്ളവർ സ്വീകരിക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്.

മറുഭാഗത്ത്, നിരസിക്കാൻ (Rejection) എന്നത് ഒരാളുടെ ആശയങ്ങളോ, ആവശ്യങ്ങളോ, സാന്നിദ്ധ്യമോ തള്ളിക്കളയപ്പെടുന്ന ഒരവസ്ഥയാണ്. ഒരു ജോലിക്ക് അപേക്ഷിക്കുമ്പോൾ അത് തള്ളപ്പെടുന്നത് മുതൽ വ്യക്തിപരമായ ബന്ധങ്ങളിൽ അവഗണിക്കപ്പെടുന്നതുവരെ ഇതിന്റെ വിവിധ രൂപങ്ങളാണ്. വേദപുസ്തകത്തിൽ അടിസ്ഥാനപരമായി ആത്മീയതയിൽ 'അംഗീകാരവും' 'നിരസിക്കപ്പെടലും' തമ്മിലുള്ള സംഘർഷം കേവലം ലൗകികമായ ഒന്നല്ല: മറിച്ച് അത് ആത്മീയ യാഥാർത്ഥ്യങ്ങളും മനുഷ്യന്റെ കാഴ്ചപ്പാടുകളും തമ്മിലുള്ള വലിയൊരു പോരാട്ടമാണ്.

"മനുഷ്യൻ നോക്കുന്നതുപോലെയല്ല: മനുഷ്യൻ കണ്ണിന് കാണുന്നത് നോക്കുന്നു, ദൈവം ഹൃദയത്തെ നോക്കുന്നു" (1 ശമു.16:7). കുടുംബാംഗങ്ങൾ പോലും ഒരു ഇടയബാലനായി മാത്രം കണ്ട ദാവീദിനെ ദൈവം ഇസ്രായേലിന്റെ രാജാവായി സ്വീകരിച്ചു.

സ്വന്തം സഹോദരങ്ങളാൽ വെറുക്കപ്പെടുകയും അടിമയായി വിൽക്കപ്പെടുകയും ചെയ്തവനാണ് യൗസേഫ്. തന്റെ സഹോദരങ്ങൾ തന്നെ നിരസിച്ചത് തന്നെ നശിപ്പിക്കാനാണെങ്കിലും, ദൈവം അത് അനേകരുടെ ജീവൻ രക്ഷിക്കാനുള്ള അംഗീകാരമാക്കി മാറ്റി എന്ന് യൗസേഫിന്റെ ജീവിതം സാക്ഷ്യം നൽകുന്നു (ഉല്പ.50:20).

അങ്ങനെ ചിന്തിക്കുമ്പോൾ പെന്തിക്കോസ്തിയ്ക്ക് ശേഷമുള്ള ഏഴാം ഞായറാഴ്ച വി. പിതാക്കന്മാർ നമുക്കായി ക്രമീകരിച്ച് തന്നിരിക്കുന്ന വി. ഏവൻഗേലിയോൻ വി.മർക്കോ. 3:20-30 വരെയുള്ള വാക്യങ്ങളാണ്. ഈ വേദഭാഗത്ത് യേശുവിനെതിരെ രണ്ട് തരം ആരോപണങ്ങൾ ഉയരുന്നുണ്ട്. അവന്റെ ബന്ധുക്കൾ അവനെ "ഭ്രാന്തൻ" എന്ന് വിളിക്കുന്നു, ശാസ്ത്രിമാർ അവൻ "പിശാചുബാധിതൻ" എന്ന്

ആരോപിക്കുന്നു.

**1) ദൈവത്തിന്റെ പ്രവാചകന്മാർ നേരിടുന്ന ഏകാന്തത**

ഒരു പ്രവാചകൻ നേരിടുന്ന ഏറ്റവും വലിയ വേദന ശത്രുക്കളുടെ പീഡനമല്ല, മറിച്ച് കൂടെ നിൽക്കുന്നവരുടെ തള്ളിക്കളയലാണ്. യേശുവിന്റെ ജീവിതവും അവന്റെ പ്രവൃത്തികളും, വചനപ്രഘോഷണവും കണ്ട ബന്ധുക്കൾക്ക് അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവർ അവനെ സംരക്ഷിക്കാനെന്ന് വ്യാജേന അവന്റെ ശുശ്രൂഷയെ തടയാൻ ശ്രമിച്ചു. യേശുക്രിസ്തുവിനെപ്പോലെ തന്നെ സ്വന്തം കുടുംബത്തിൽനിന്നും കഠിനമായി വിമർശനം നേരിട്ട വ്യക്തിയാണ് യിരെമ്യാവ് പ്രവാചകൻ. യിരെമ്യാവ് 12:6–ൽ ദൈവം അവനോട് പറയുന്നു. “നിന്റെ സഹോദരന്മാരും നിന്റെ പിതൃഭവനവും കൂടി നിന്നോട് വിശ്വാസപാതകം കാണിച്ചു. അവർ നിന്നോടു നല്ല വാക്കു പറഞ്ഞാലും നീ അവരെ വിശ്വസിക്കരുത്”.

യേശുവിനെ അവന്റെ കുടുംബം “ഭ്രാന്തൻ” എന്ന് വിളിച്ചപ്പോൾ, യിരെമ്യാവിനെ അവന്റെ ജനം “ദേശദ്രോഹി” എന്നും “ഭോഷൻ” എന്നും മുദ്രകുത്തി. സത്യം പറയുന്നവൻ സ്വന്തനാട്ടിൽ അന്യനാകുന്നു എന്ന പഴയ നിയമ യാഥാർത്ഥ്യം യേശുക്രിസ്തുവിലൂടെ പൂർത്തിയാകുന്നു.

**2). ബലവാനായവന്റെ ആയുധം പിടിച്ചെടുക്കുന്നവൻ**

പഴയനിയമത്തിൽ ഇസ്രായേൽ ജനത പലപ്പോഴും അടിമത്തത്തിലായിരുന്നു (ഈജിപ്ത്, ബാബിലോൺ). തങ്ങളേക്കാൾ ശക്തരായ ശത്രുക്കളുടെ കയ്യിൽ നിന്ന് രക്ഷപെടാൻ അവർക്ക് കഴിയില്ലെന്ന് അവർ വിശ്വസിച്ചു. ഈ സാഹചര്യത്തിലാണ് യെശയ്യാവ് 49:24–25 പ്രസക്തമാകുന്നത് “ബലവാന്റെ പക്കൽ നിന്ന് കൊള്ള പിടിച്ചുവാങ്ങാമോ?” എന്ന ചോദ്യം മനുഷ്യന്റെ നിസ്സഹായാവസ്ഥയെ കാണിക്കുന്നു. എന്നാൽ ദൈവം നൽകുന്നു. “ബലവാൻ പിടിച്ച തടവുകാരെയും പിടിച്ചുവാങ്ങും, ഭയങ്കരൻ പിടിച്ച കൊള്ളയും വിടുവിക്കും.” ഇവിടെ യേശുക്രിസ്തു സ്വയം വെളിപ്പെടുത്തുന്നത് യെശയ്യാവ് പ്രവചിച്ച ആ “വിമോചകൻ” (The Deliverer) ആയിട്ടാണ്. മോശയിലൂടെ ദൈവം ഫറവോനെ കീഴ്പ്പെടുത്തിയതും, ദാവീദ് ഗോലിയാത്തിനെ വീഴ്ത്തിയതും ഇതിന്റെ നിഴലുകളാണ്. ഗോലിയാത്ത് തന്റെ ആയുധങ്ങളിലും കരുത്തിലും വിശ്വസിച്ച “ബലവാൻ” ആയിരുന്നു. എന്നാൽ ദൈവനാമത്തിൽ വന്ന ദാവീദ് അവനെ വീഴ്ത്തി അവന്റെ തന്നെ വാളുകൊണ്ട് അവൻ ഇല്ലാതായി. നമ്മുടെ ജീവിതത്തെ അടിമപ്പെടുത്തുന്ന തിന്മയുടെ ശക്തികളേക്കാൾ വലിയവനായ ദൈവം നമ്മോടു കൂടെയുണ്ട്. അവന് നമ്മെ ഏത് തടവറയിൽനിന്നും വിടുവിക്കാൻ സാധിക്കും.

**3). ആത്മീയ അന്ധതയും ദൈവനിന്ദയും**
**Spiritnal Blindness**

ഇസ്രായേൽ ജനത മരുഭൂമിയിൽ വെച്ച് ദൈവത്തിന്റെ അത്ഭുതങ്ങൾ കണ്ടിട്ടും ദൈവത്തെ പരീക്ഷിക്കുകയും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയും ചെയ്തു. നന്മയെ തിന്മയായും വെളിച്ചത്തെ ഇരുട്ടായും കാണുന്ന അവസ്ഥയെ യെശയ്യാവ് ശപിക്കുന്നു. “തിന്മെക്കു നന്മ എന്നും നന്മെക്കു തിന്മ എന്നും പേർ പറയുന്നവർക്കു അയ്യോ കഷ്ടം” (യെശയ്യാ. 5:20). ദൈവത്തിന്റെ കൃപ നമ്മുടെ മുമ്പിൽ വെളിപ്പെടുമ്പോൾ അത് തിരിച്ചറിയാൻ കഴിയാത്തവിധം ഹൃദയം കഠിനമാക്കരുത്. പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കുന്ന വിനീതമായ ഒരു ഹൃദയം ഉണ്ടാകണം.

നാം ചിന്തിച്ചുവന്ന അംഗീകാരവും, നിരസിക്കപ്പെടലും കേവലം സാമൂഹികമായ അവസ്ഥകളല്ല, മറിച്ച് നമ്മുടെ ആത്മീയ വളർച്ചയുടെ അളവുകോലുകളാണെന്ന് വി. മർക്കോ. 3:20–30 വരെയുള്ള ഭാഗങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. സത്യത്തിനുവേണ്ടി നിൽക്കുമ്പോൾ ലോകം നമ്മെ “ഭ്രാന്തൻ” എന്ന് വിളിച്ചേക്കാം. എന്നാൽ മനുഷ്യരുടെ അംഗീകാരത്തേക്കാൾ പ്രധാനം ദൈവഹിതം നിറവേറ്റുക എന്നതാണെന്ന് ക്രിസ്തുവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യൻ സമൂഹത്തിൽ ജാതി, മതം, സാമ്പത്തിക നിലവാരം എന്നിവയുടെ അടിസ്ഥാനത്തിലാണ് പലപ്പോഴും ‘അംഗീകാരങ്ങൾ’ നൽകപ്പെടുന്നത്. എന്നാൽ, ഇടയബാലനായ ദാവീദിനെ രാജാവായി തിരഞ്ഞെടുത്ത ദൈവത്തിന്റെ കാഴ്ചപ്പാട് വിപ്ലവകരമാണ്. ലോകം നമ്മെ എങ്ങനെ അളക്കുന്നു എന്നതിലല്ല, ദൈവം നമ്മെ എങ്ങനെ കാണുന്നു എന്നതിലാണ് നമ്മുടെ വിജയം. അവന്റെ വിമോചന ശക്തിയിൽ വിശ്വസിച്ച് ആത്മീയ അന്ധത നീക്കി മുന്നോട്ട് നീങ്ങാം. ആമ്മീൻ ●

**ക്നാനായദീപം അറിയിപ്പുകൾ**

ക്നാനായദീപത്തിന്റെ വരിസംഖ്യ കുടിശിഖയായി ധാരാളം പൈസ കിട്ടാനുണ്ട്. നേരത്തേപോലെ കളക്ഷൻ ഏജന്റുമാർ ഇല്ല. ആയതിനാൽ എല്ലാവരും ദയവായി ദീപം ഓഫീസിൽ വിളിച്ചോ **8547584440** എന്ന നമ്പറിൽ WhatsApp ചെയ്താൽ കുടിശിഖ അടക്കുവാൻ സാധിക്കും.

SCAN & PAY

ക്നാനായദീപം മാസികയ്ക്കുവേണ്ടി റാന്നി, കല്ലിശ്ശേരി, ചിങ്ങവനം മേഖലകളിൽ കമ്മീഷൻ വ്യവസ്ഥയിൽ കളക്ഷൻ ഏജന്റുമാരെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ ക്നാനായ ദീപം ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജേക്കബ് കല്ലുകുളം,**
**(മാനേജിംഗ് എഡിറ്റർ)**
Mob. 8547584440, 9447563240



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**യൂദാശ്ലീഹായുടെ നാമത്തിൽ ഉദ്ധിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ**
**ഒരു വിശ്വാസി, റാന്നി**

**ഒരു വിശ്വാസി, മാമ്പുഴക്കരി**

**ഒരു വിശ്വാസി, മാമ്പുഴക്കരി**

**ദൈവമാതാവിന്റെ നാമത്തിൽ ഉദ്ധിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ**
**ഒരു വിശ്വാസി, റാന്നി**




## അനുസരണത്തിന്റെ ഗുണം – ചെറുകഥ

ഒരു ഗ്രാമത്തിൽ അപ്പുവെന്നൊരു കുട്ടി ഉണ്ടായിരുന്നു. അപ്പു വളരെ ചാഞ്ചാട്ടക്കാരനായിരുന്നു. അമ്മ പറയുന്ന കാര്യങ്ങൾ പലപ്പോഴും അവൻ കേൾക്കാറില്ലായിരുന്നു.

ഒരു ദിവസം അമ്മ പറഞ്ഞു:

“അപ്പൂ, മഴ വരാനിരിക്കുന്നു. പുറത്തേക്ക് പോകരുത്.”

പക്ഷേ അപ്പു അമ്മയുടെ വാക്ക് അനുസരിക്കാതെ കൂട്ടുകാരോടൊപ്പം കളിക്കാൻ പോയി. കുറച്ച് സമയത്തിനകം വലിയ മഴയും കാറ്റും തുടങ്ങി. അപ്പുവിന് വീട്ടിലേക്ക് തിരികെ വരാൻ ബുദ്ധിമുട്ടായി. അവൻ മുഴുവൻ നനഞ്ഞ് പനിയുമായി വീട്ടിലെത്തി.

അമ്മ അവനെ പരിചരിച്ചുകൊണ്ടു പറഞ്ഞു:

മക്കളേ, മുതിർന്നവരുടെ വാക്ക് നമ്മളുടെ നന്മയ്ക്കാണ്.”

അന്നു മുതൽ അപ്പു മാതാപിതാക്കളുടെ വാക്ക് അനുസരിക്കുന്ന നല്ല കുട്ടിയായി മാറി.

### ഗുണപാഠം

**അനുസരണം നമ്മെ അപകടങ്ങളിൽ നിന്ന് രക്ഷിക്കുകയും നല്ല ജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.**

### Answers for the month of May
### Book of Habakkuk

1. Habakkuk
2. 3
3. Babylon (Chaldeans)
4. Faith
5. Violence and injustice in Judah
6. Stringed instruments
7. Babylonians
8. Prayer/Psalm
9. Stands watch
10. Rejoice in the Lord

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

### ഹഗ്ഗായി

1. ഹഗ്ഗായി പ്രവാചകൻ ഏത് നിയമത്തിലെ പ്രവാചകനാണ്?
2. ഹഗ്ഗായി പുസ്തകത്തിൽ എത്ര അദ്ധ്യായങ്ങളുണ്ട്?
3. ഹഗ്ഗായി ആരോടാണ് ദൈവത്തിന്റെ സന്ദേശം അറിയിച്ചത്?
4. യെഹൂദന്മാർ എന്ത് പണിയാൻ മടിച്ചു പോയിരുന്നു?
5. “ഈ ആലയം പണിയുവിൻ” എന്ന് ദൈവം ആരിലൂടെ പറഞ്ഞു?
6. ഹഗ്ഗായി പ്രവചിച്ച കാലത്ത് രാജാവായത് ആര്?
7. യെഹോശാദിക്കിന്റെ മകനായ മഹാപുരോഹിതൻ ആരായിരുന്നു?
8. ശെയാൽത്യേലിന്റെ മകനായ യെഹൂദ ഭരിക്കുന്നവൻ ആരായിരുന്നു?
9. “നിങ്ങളുടെ വഴികളെ ചിന്തിച്ചുനോക്കുവിൻ” എന്ന് ഹഗ്ഗായി എത്ര പ്രാവശ്യം പറഞ്ഞു?
10. രണ്ടാം ആലയത്തിന്റെ മഹത്വത്തെക്കുറിച്ച് ഹഗ്ഗായി എന്ത് പ്രവചിച്ചു?

**മെയ് മാസത്തിലെ ഉത്തരങ്ങൾ**
**സെഫന്യാവ്**

1. യോശീയാവ്
2. കൂശി
3. യെഹൂദ
4. സെഫന്യാവ്
5. 3 അദ്ധ്യായങ്ങൾ
6. യെഹൂദയും മറ്റു ജാതികളും
7. സന്തോഷത്തോടെ തന്റെ ജനത്തെ സ്നേഹിക്കും. അവരുടെ മേൽ ആനന്ദിക്കും.
8. പശ്ചാത്താപത്തിലേക്ക് (Repentance)
9. രക്ഷയും പുനഃസ്ഥാപനവും
10. ന്യായവിധിയും ദൈവത്തിന്റെ കരുണയും

## Bible Quiz (English) For Children
## ZEPHANIAH

1. Who wrote the Book of Zephaniah?
2. In which Testament is the Book of Zephaniah found?
3. During whose reign did Zephaniah prophesy?
4. How many chapters are there in Zephaniah?
5. What major theme is emphasized in Zephaniah?
6. Which city was especially warned of judgment in Zephaniah?
7. What does “Day of the Lord” mean in Zephaniah?
8. Which nation besides Judah is mentioned for judgment in the book?
9. What did Zephaniah encourage the people to seek?
10. What promise did God give at the end of Zephaniah?



സണ്ടേസ്കൂൾ ചിങ്ങവനം ഡിസ്റ്റിക് അധ്യാപക സമ്മേളനം എറണാകുളം സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വികാരി Rev. Fr. ജിനു മാത്യു മേലേയിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ക്നാനായ സമുദായ ട്രസ്റ്റി T.C. തോമസ് തോപ്പിൽ ഉത്ഘാടനം ചെയ്തു. ചിങ്ങവനം മേഖലാ ഇൻസ്പെക്ടർ ബിനോ P ഏലിയാസ്, സെക്രട്ടറി സജി T തോമസ്, സണ്ടേസ്കൂൾ ഹെഡ്മിസ്ട്രസ് കുഞ്ഞുമോൾ തോമസ് തോപ്പിൽ, സെക്രട്ടറി Dr. സ്മിതാ സിജി എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ ചിങ്ങവനം ഡിസ്റ്റിക്കിലെ എല്ലാ ഇടവകയിൽ നിന്നും ഉള്ള അധ്യാപകർ പങ്കെടുത്തു.

# ആശംസകൾ



**കർണ്ണാടക സംസ്ഥാനത്തെ മന്ത്രിയായി**
**തിരഞ്ഞെടുക്കപ്പെട്ട കമാൻഡർ**
**കെ.ജെ. ജോർജ്ജ് കേളച്ചന്ദ്രയ്ക്ക്**
**മലങ്കര സുറിയാനി ക്നാനായ സമൂഹത്തിന്റെ**
**ആശംസകൾ**

# യാത്രയയപ്പ്



**എട്ടുവർഷത്തെ സേവനത്തിനുശേഷം സ്ഥലം മാറിപ്പോകുന്ന ക്ലീമിസ് പ്രസ്സ് മാനേജർ ഫാ. ഷെറിൻ സി. കൊല്ലംപറമ്പിലിന് യാത്രയയപ്പ് നല്കിയപ്പോൾ. ക്നാനായദീപം മാനേജിംഗ് എഡിറ്റർ ഫാ. ജേക്കബ് കല്ലുകുളം, ക്ലീമിസ് പ്രസ്സ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ കെ.കെ. ചാക്കോ കൂർക്കകാലായിൽ, കെ.എ. മാത്യു കൊമറത്തുംപറമ്പിൽ, മാത്യു ഏബ്രഹം പാരുമലയിൽ, സാബു ജേക്കബ് ചിറയിൽ, തമ്പി മാത്യു മുക്കാട്ട്, ഒ.സി. യാക്കോബ് ഒലിയപ്പുറത്ത് എന്നിവർ സമീപം**


# 5th Birthday in Heaven

11-06-2026



## Kuruvilla Sabu

**Kappiyaruseril House, Trivandrum**

Retd from Indian Air Force

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

*3rd Death Anniversary*

3- 06 - 2026



**Mariamma John**

**(Thankamma)**

**Kulamadayil, Ranni**

With love & Prayers

Family Members

Advt - O


**3rd Death Anniversary**

20-06-2026

**2nd Death Anniversary**

28-06-2026





**Biju Skaria**

**(Biju Vazhiyil)**

**Saramma Skaria**

Kochuparambil

Chingavanam

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

**1-ാം ചരമവാർഷികം**

01-06-2026



**N.T. മാത്യു (തങ്കച്ചൻ)**

**നടുവിലേപറമ്പിൽ, കോട്ടയം**


"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

**3-ാം ചരമവാർഷികം**

25-06-2026



**അമ്മിണി ജേക്കബ്**

വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

(കൈപ്പുഴ, റാന്നി)

'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ
അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ
സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങളും*
*എല്ലാ പ്രിയപ്പെട്ടവരും*

Advt - R

## 14 – ാം ചരമവാർഷികം

15 – 06 – 2026



### ചിന്നമ്മ കുര്യൻ (കുഞ്ഞമ്മ)

കുഴിപറമ്പിൽ സജിവില്ല, കറ്റോട്

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

സണ്ണി, സുജി, സജി, തോമസ്, ജോയൽ

Advt - O

## 16 – ാം ചരമവാർഷികം

28 – 06 – 2026 (5842 – ാം ചരമദിനം)



### ജോമോൻ ജേക്കബ്

കുന്നുംപുറത്ത്, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 3 – ാം ചരമവാർഷികം

20 – 06 – 2026

## 5th Death Anniversary

22- 11 - 2026





### T.O. Chacko (Aniyan)

### Jayamol Chacko

Thundiyil House, Eraviperoor

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 4 – ാം ചരമവാർഷികം

31 – 07 – 2026

## 12 – ാം ചരമവാർഷികം

19 – 06 – 2026



### കെ. റ്റി. കുറിയാക്കോസ്

### മോളി കുറിയാക്കോസ്

ആലഞ്ചേരിയിൽ

(ചെറുവേലിലായ കാരിയിൽ, കുറിച്ചി)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ, മരുമക്കൾ,
കൊച്ചുമക്കൾ

Advt -S

## 2 – ാം ചരമവാർഷികം

18 - 06 - 2026



## റ്റി. സി. ഏലിയാസ്

ചാലുങ്കൽ, വാകത്താനം

യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 10 – ാം ചരമവാർഷികം

26-06-2026



## P.A. Andrews (Kunjumon)

Panthrandamkuzhi
(Vakathanam) Thripunithura

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 9 – ാം ചരമവാർഷികം

12–06–2026



## എൻ. ഐ. കുര്യൻ

നെടുന്തറ താഴ്ചയിൽ, കുറ്റൂർ, തിരുവല്ല

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 1 – ാം ചരമവാർഷികം

26 - 06 - 2026



## പി.സി. ഏലിയാസ്

പ്ലാന്തോട്ടം, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# സ്വർഗ്ഗവീട്ടിൽ 3 വർഷം (12.06.2026)

## എന്റെ കുഞ്ഞുമാലാഖ

മണ്ണിൽ വിരിഞ്ഞൊരു പൂവെന്നപോൽ
എന്നുള്ളിൽ വിരിഞ്ഞൊരു പൊൻമലരേ
വിണ്ണിന്റെ ലോകം വിട്ടിറങ്ങി
മണ്ണിലിറങ്ങിയ പൂമലരേ

നക്ഷത്രക്കണ്ണുകൾ കാട്ടിയെന്റെ
നെഞ്ചകം പൂകിയ കുഞ്ഞുവാവേ
ചാരുറ്റകാഴ്ചകൾ സമ്മാനമേകി
ചങ്കോടു ചേർത്തെന്നെ പുൽകിയല്ലോ

കാലമാം മാന്ത്രികവീണതൻ നാദമായ്
കരളിലലിഞ്ഞൊരാ കുഞ്ഞുപക്ഷി
നിന്നിളം ചുണ്ടുകൾ ചൊല്ലിയകീർത്തനം
മായാതെയുള്ളത്തിൽ മന്ത്രിക്കുന്നു

ദൂരവേ പാറിപ്പറന്നൊരു കുഞ്ഞിളം
ചിറക് കുഴഞ്ഞ് തളർന്നനേരം
പൊള്ളിയടർന്നൊരെൻ ഹൃത്തടമിപ്പോഴും
പാതത്തിനുള്ളിലെ തീക്കനൽപോൽ

മാലാഖമാരൊത്തു പാടിസ്തുതിക്കുവാൻ
പാറിപ്പറന്നു നീ പോയതല്ലേ?
സർവ്വേശപുത്രന്റെ ചാരത്തിരുന്നു നീ
നാഥനെ വാഴ്ത്തി സ്തുതിക്കയല്ലേ?

**അമ്മച്ചി** (മറിയാമ്മ ജേക്കബ്, താഴ്ചയിൽ)



**ക്രിസ്റ്റാ മെറിൻ**
പച്ചാംകുളത്ത്, കറ്റോട്

സന്തപ്തകുടുംബാംഗങ്ങൾ

Advt - S

## 40 – ാം ചരമദിനം

24/05/2026



### ജോർജ് വർഗീസ് (ജെമ്മച്ചൻ 58)

**പുത്തൻപുരയ്ക്കൽ, ചിങ്ങവനം**

ഞങ്ങളുടെ പ്രിയപ്പെട്ട പാപ്പാ ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞിട്ട് 40 ദിനങ്ങൾ.
പാപ്പായുടെ സ്നേഹവും കരുതലും ഓർമ്മകളും ഇന്നും ഞങ്ങളുടെ ഹൃദയങ്ങളിൽ മായാതെ നിലനിൽക്കുന്നു.

കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ; അവരുടെ പ്രവൃത്തികൾ അവരെ അനുഗമിക്കുന്നു. (വെളിപാട് 14:13)

സ്നേഹസ്മരണകളോടെ മക്കളും കുടുംബാംഗങ്ങളും

Advt -S

## 5–ാം ചരമവാർഷികം

06-07-2026



### എം. എം. ഏലിയാസ്

**മടുക്കുംമൂട്ടിൽ, പൂവൻതുരുത്ത്**

"നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G


20th
REMEMBRANCE
15/6/2006
Jessy Reji (Jessymol)
Malloocheril house , vakathanam
Forever in our heart...
Your presence we miss, your memory we treasure,
Loving you always....
with prayers
Family members

Advt - O

Ever loving and Never Fading Memory of Our
Beloved Appachen, Amma, Kunjumon, Rajan and Mon

## Pulimoottil Ranni

**33rd Death Anniversary**
14-07-2026

**38th Death Anniversary**
15-06-2026



**Kunjamma Zachariah** **P.C. Zachariah**

**17th Death Anniversary**
16-09-2026

**8th Death Anniversary**
20-08-2026

**46th Death Anniversary**
25-10-2026



**P.Z. Cherian (Kunjumon)**



**P.S. Mathew (Rajan)**



**Shajimon P. Zachariah**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

With Prayers, Sorrowing Family

Advt - O

2nd Death Anniversary

01- 07 - 2026



## Joy Abraham

**Ampalappattu, Ernakulam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family

Advt - O




8th Birthday in Heaven

08 - 05 - 2026

1st Birthday in Heaven

16 - 07 - 2026





## P. K. Kurian    Alice Kurian

പള്ളിയമ്പിൽ, അഴിയിടത്തുചിറ, തിരുവല്ല

" നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

1st Birthday in Heaven

17- 06 - 2026



## ലാലു കുര്യാക്കോസ്

നെടുംഞ്ചിറ, കൊമരത്തുംപറമ്പിൽ,
ചെങ്ങളം സൗത്ത് പി.ഒ., കോട്ടയം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

23 –ാം ചരമവാർഷികം
29 – 03 – 2026

11 –ാം ചരമവാർഷികം
22 – 06 – 2026



## അച്ചാമ്മ ലൂക്കോസ്

## ഇ. റ്റി. ലൂക്കോസ്

ഇടവഴിക്കൽ, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 12 th Death Anniversary

16 – 06 – 2026

## Kurian Mathew

Vadavuparampil house, Karikulam P.O.
Parish -St. George Kurishpally, Ozhuvanpara,
Ranni

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



## 1 st Death Anniversary

05-06-2026

# Thankamma Kurian

**Moozhiparambil House**
**Chingavanam, Kottayam**

(06-02-1952 - 05-06-2025)

*"She was righteous*
*She was a pillar of strength*
*She was just.*
*She carried hope through everything - always, always.*
*Forever remembered. Forever missed."*

Lovingly remembered and deeply missed by her husband, sons, daughter-in-laws, grand-children and all who were close to her.

Advt - O



## 1-ാം ചരമവാർഷികം

23-06-2026

# ജേക്കബ് കുരുവിള

**(സാബു)**

**വെളുത്തേടത്ത്, പൂവൻതുരുത്ത്**
**(വെളിയനാട്)**

Advt - S

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

**16–ാം ചരമവാർഷികം**

09–06–2026



**മറിയാമ്മ ചാക്കോ**

DOB : 21-04-1933

ഒരിക്കലും മരിക്കാത്ത ഓർമകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ.

**വേർപാടിന്റെ 13–ാം വർഷം**

05–07–2026



**Er. James K. Jacob (Vinumon)**

B.Tech, M.S.

DOB : 27-04-1987

**Kandathil Kaleeckal, Thiruvanvandoor**

$4^{th}$ Death Anniversary

**12 - 08 - 2026**



**K.O. CHACKO**

DOB : 10-07-1924
DOD : 12-08-2022

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



## $6^{th}$ Death Anniversary
## $11^{th}$ July 2026

# Chev. P. Jacob Stephen


**Valanjanthuruthil**

($2^{nd}$ July 1922 - $11^{th}$ July 2020)

"And those the Lord has rescued will return. They will enter zion with singing; everlasting joy will crown their heads. Gladness and joy will overtake them and sorrow and singing will flee away"
Isaiah 35:10

A LION, WHO CONTINUES TO LIVE,
IN THE HEART OF THE BRAVE!!

Advt - S



## 10 –ാം ചരമവാർഷികം

21 – 06 – 2026

## എം. എ. കുഞ്ഞച്ചൻ

(കുഞ്ഞുമോൻ)

മാളിയേക്കൽ, ചെറുകുളഞ്ഞി,
റാന്നി

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 40 –ാം ചരമദിനം

19 – 05 – 2026



## അമ്മിണി ഫിലിപ്പ്

നക്കര, ചിങ്ങവനം

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*ഭർത്താവ് – എൻ. സി. ഫിലിപ്പ്*
*മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## In loving memory 1st Anniversary

17 – 06 – 2026



## Babu Kurian

Kizhakke Pullanthara, West Othera

Gone from sight, but not from heart

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# പ്രത്യാശയോടും ദൃഢവിശ്വാസത്തോടും അന്ത്യയാത്ര

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

മനുഷ്യ ജീവിതത്തിൽ സുനിശ്ചിതമായ ഒന്നുണ്ട് മരണം. അത് എപ്പോൾ എങ്ങനെ എന്നു മാത്രം ആർക്കും നിശ്ചയമില്ല. എന്നാൽ ചിലർ തികഞ്ഞ പ്രത്യാശയോടും ശുഭ പ്രതീക്ഷയോടും അന്ത്യത്തെ സ്വാഗതം ചെയ്യുന്നു. മറ്റു ചിലർ പാരവശ്യത്തോടും പരിഭ്രമത്തോടും കടുത്ത നിരാശയോടുമായിരിക്കും. ദൈവത്തിൽ സമ്പൂർണ്ണ വിശ്വാസവും അവിടുത്തെ വാഗ്ദാനങ്ങളിൽ ഉറപ്പുള്ളവർ സമാധാനമായും പ്രസന്നതയോടും അന്ത്യം വരിക്കും. മരണത്തെ അവർ കാണുന്നത് താൽക്കാലികമായ ഇവിടത്തെ ഭവനത്തിൽനിന്ന് ശാശ്വതമായ സ്വന്തം ഭവനത്തിലേക്കുള്ള പ്രയാണം എന്നാണ്.

മെഡിക്കൽ ബിരുദം എടുത്തശേഷം ത്വക് രോഗത്തിൽ ഉപരിപഠനം പൂർത്തിയാക്കി. റസിതികയ്ക്കുവാൻ ആറു മാസം മാത്രം അവശേഷിക്കുന്ന അവസരത്തിൽ രോഗബാധിതനായി മൂന്നു മാസത്തിനുള്ളിൽ അന്ത്യം വരിച്ച ഒരു ഉത്തമ വിശ്വാസിയുടെ അനുഭവം, ഒരു ഡോക്ടറായ പിതാവുതന്നെ വിവരിക്കുന്നത് ഹൃദയ സ്പർശിയാണ്.

പെട്ടന്നാണ് മകന് വലിയ ക്ഷീണവും അസ്വാസ്ഥ്യവും ശ്വാസ തടസ്സവും അനുഭവപ്പെട്ടത്. പരിശോധനയിൽ ശ്വാസകോശങ്ങൾക്കും അസ്ഥികൾക്കും രോഗം കഠിനമായി ബാധിച്ചിരിക്കുന്നു എന്നു കണ്ടെത്തി. ശക്തമായ ഔഷധങ്ങൾ നൽകി. പിന്നീട് കിഡ്നിയും തകരാറിലായി. ചികിത്സകൾക്കൊന്നും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയായി. ഡോക്ടറായ പിതാവ് മകൻ താമസിക്കാതെ ഒരു ത്വക്‌രോഗ വിദഗ്ധൻ ആകുമെന്ന് സ്വപ്നം കണ്ടുകഴിയുമ്പോഴാണ് ഈ അവസ്ഥ നേരിടേണ്ടിവന്നത്. രക്തദാനം പലവട്ടം നടത്തി ഡയാലിസിസ് ആരംഭിച്ചു. പക്ഷേ നിരാശാജനകമായ അവസ്ഥ തുടർന്നു. പിതാവ് തികഞ്ഞ ദൈവവിശ്വാസിയും ആത്മീയ വീക്ഷണവും ഉള്ളവനായിരുന്നു. ആ വിശ്വാസത്തിലും അനുഭവത്തിലുമാണ് മകനേയും വളർത്തിയത്. പിതാവിനെ ധൈര്യപ്പെടുത്തുന്നതും ആശ്വാസം പകരുന്നതുമായ വാക്കുകളാണ് മകനിൽനിന്ന് കേൾക്കുവാൻ കഴിഞ്ഞത്. അവർ തമ്മിലുള്ള സംഭാഷണത്തിൽ സഹനം, വിശ്വാസം, മരണം, മരണാനന്തരാനുഭവം ഇങ്ങനെയുള്ള വിഷയങ്ങൾ കടന്നു വന്നു. ഇരുവരുടേയും ചിന്താനിലവാരം അതു വെളിപ്പെടുത്തുന്നു. പിതാവ് അനുസ്മരിക്കുന്നു. "ആ സംഭാഷണം എന്റെ ജീവിതത്തിലെ അമൂല്യ നിധിയായി ഞാൻ കരുതുന്നു."

ആശുപത്രിയിൽ ഈ അവസ്ഥയിൽ തുടരുന്നതുകൊണ്ട് കൂടുതൽ പ്രയോജനമൊന്നുമില്ലെന്ന് ബോധ്യമായി. അത്തരം അവസ്ഥയിൽ ഭവനത്തിലേക്ക് കൊണ്ടുപോകുകയാണ് വേണ്ടത്. എന്നാൽ ചില ആശുപത്രിക്കാർ അതിനു സമ്മതിക്കാതെ വായിലും മൂക്കിലും എല്ലാം കുഴലുകളും ഘടിപ്പിച്ച് കൃത്രിമ ശ്വാസോച്ഛ്വാസവും നൽകി ഇന്റൻസീവ് കെയറിൽ കാത്തുവയ്ക്കും. ആർക്കും ഒന്നു കാണുവാൻപോലും അനുവാദമില്ല. ഏറ്റവും അടുത്ത ബന്ധുക്കൾക്ക് അന്ത്യനിമിഷത്തിൽ അടുത്തു നില്ക്കുന്നതിനോ ഒന്നു സ്പർശിക്കുന്നതിനോ തലോടുന്നതിനോ ഒന്നും സാഹചര്യമില്ല. ജീവൻപോയി കഴിയുമ്പോൾ മാത്രം വീട്ടുകാരെ അറിയിക്കും. ആശുപത്രിയ്ക്ക് ഭീമമായ ഒരു ബിൽ വീട്ടുകാർ അടയ്ക്കേണ്ടി വരികയും ചെയ്യും. ആശുപത്രിയിൽ അധികം ഒന്നും ചെയ്യാൻ ഇല്ലെന്നു ബോധ്യമാകുമ്പോൾ, യാന്ത്രികമായി കൂറെ സമയത്തേക്കു കൂടി ജീവൻ പിടിച്ച് നിറുത്തുന്നതിൽ അർത്ഥമൊന്നുമില്ല.

രോഗിയായിരിക്കുന്ന മകൻ പിതാവിനോട് "ഡാഡി എനിക്ക് ഭവനത്തിൽ പോകണം" പിതാവിന്റെ മറുപടി "മോനെ നീ നിന്റെ ശാശ്വത ഭവനത്തിലേക്ക് പോകുകയാണ്. മകന്റെ നിർബന്ധ പൂർവ്വമായ ആഗ്രഹം തന്റെ ശാശ്വത ഭവനത്തിലേക്ക്, എന്റെ താല്ക്കാലിക ഭവനത്തിൽനിന്നാണ് പോകേണ്ടത്." പിതാവ് അതിന് സമ്മതിച്ച് അവനെ ഭവനത്തിലേക്ക് കൊണ്ടുപോയി.

പിതാവ് സാക്ഷിക്കുന്നു അവൻ കാണിച്ച ധൈര്യവും പ്രത്യാശയും പ്രസന്നതയും പുളകം അണിയിക്കുന്നതായിരുന്നു. ആ അന്ത്യഘട്ടം ധൈര്യത്തോടും പ്രത്യാശയോടും നേരിടുവാൻ ഞങ്ങൾക്ക് പ്രാപ്തി നൽകി. ഞാൻ അവന്റെ അടുക്കൽ അവന്റെ കൈപിടിച്ച് കസേരയിൽ ഇരിക്കുമ്പോൾ അവൻ എന്റെ ഹൃദയഭാരം അറിഞ്ഞു പറയുകയാണ് "ഞാൻ നിങ്ങളുടെ അംബാസഡർ ആയി സ്വർഗ്ഗത്തിൽ പോകുക്കയാണ്. അതിൽ കൂടുതൽ എന്താണ് നിങ്ങൾക്ക് ആഗ്രഹിക്കാനുള്ളത്. മറ്റൊരു ദിവസം എന്റെ ഹൃദയവ്യഥയിൽനിന്ന് ഞാൻ പറഞ്ഞു. എന്റെ അമൂല്യനിധി എനിക്ക് നഷ്ടമാകുകയാണല്ലോ എന്ന്. അപ്പോൾ അവന്റെ ചോദ്യം അമൂല്യനിധി എവിടെയാണ് സൂക്ഷിച്ച് വയ്ക്കുക? ഈ നിധി സ്വർഗ്ഗത്തിൽ ആണ് സൂക്ഷിക്കുന്നത് എന്നോർക്കുക.

അവന്റെ അന്ത്യസമയമടുത്തപ്പോൾ ചോദിച്ചു "ഞാൻ അന്ത്യശ്വാസം വലിക്കുമ്പോൾ അതെങ്ങനെ ചെയ്യണം എന്റെ കയ്യിൽ ഒരു കുരിശു തരണം. അപ്പോൾ ഞാൻ പറയും കർത്താവെ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഭരമേൽപ്പിക്കുന്നു. ഡാഡ് എനിക്കപ്പോൾ ബോധമില്ലെങ്കിൽ എനിക്കുവേണ്ടി ഡാഡ് അതു പറയുമോ? 'തീർച്ചയായും മോനെ" എന്ന് പിതാവ് ഉറപ്പുനൽകി ഒരു ജനുവരി പതിനൊന്നിന് അവൻ തന്റെ ശാശ്വത ഭവനത്തിലേക്ക് യാത്രയായി.

ഹൃദയ സ്പർശിയായ ഈ സംഭവകഥ ചില സന്ദേശങ്ങൾ നമുക്ക് നൽകുന്നു.

1). മാതാപിതാക്കന്മാർ മക്കൾക്ക് പകർന്നു കൊടുക്കാനുള്ളത് സമ്പത്തും ഭൗതിക നേട്ടങ്ങളുമാണെന്ന് ധരിക്കുന്നവരുണ്ട്. അതിൽ തെറ്റൊന്നുമില്ല. പക്ഷെ അതു മക്കൾക്ക് ഉപകരിച്ചു എന്ന് വരുകയില്ല. എന്നാൽ ആത്മീയതയും ധാർമ്മിക മൂല്യങ്ങളുമെങ്കിൽ അത് അവരുടെ ജീവിതത്തെ ധന്യമാക്കും. പ്രതിസന്ധികളെ പ്രത്യാശയോടെ നേരിടാൻ പ്രാപ്തരാകും.

2) ജീവിതവും മരണവും തമ്മിൽ ബന്ധമുണ്ട്. ഉത്തമവും ആത്മീയവുമായ ജീവിതമെങ്കിൽ അന്ത്യ നിമിഷം പരിഭ്രമജനകമോ ഭയാനകമോ ആയി തോന്നുകയില്ല, പ്രശാന്തമായിരിക്കും.

3) മരണത്തെ ഭയപ്പെടേണ്ട ഒന്നല്ല എന്ന് പൗലോസ് അപ്പോസ്തോലൻ വിശ്വസിച്ചു. അദ്ദേഹം ചോദിക്കുന്നു. ഹേ മരണമെ നിന്റെ ജയമെവിടെ, ഹേ മരണമേ നിന്റെ വിഷമുള്ളെവിടെ (1.കോരി. 15:15). മരണത്തെ ലാഭമായി കാണുവാൻ സാധിക്കുന്നത് അതിനപ്പുറമുള്ള അനുഭവത്തിന്റെ ഔന്നത്യത്താലാണ് ശൂന്യതയിലേക്കോ ഒന്നുമില്ലായ്മയിലേക്കോ പോവുകയല്ല, വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെയുള്ളതാണ് ക്രിസ്തീയ വിശ്വാസികളുടെ നിർണ്ണയം.

"മരംകൊണ്ട് മണ്ണ് തണുക്കും
മൗനം കൊണ്ട് മനസ്സും"

# ജീവിത കൊടുങ്കാറ്റുകളെ ശാന്തമാക്കുന്ന ദൈവീക സാന്നിധ്യം

**Dn. അഖിൽ മനോജ്, പുന്നൂച്ചേരിൽ**

നമ്മുടെ ജീവിതമാകുന്ന കടലിൽ അപ്രതീക്ഷിതമായി പ്രതിസന്ധികളുടെ കാർമേഘങ്ങൾ ഉരുണ്ടു കൂടാം; തളർത്തിക്കളയുന്ന പരീക്ഷണങ്ങളുടെ കാറ്റുകൾ വീശിയടിക്കാം. എന്നാൽ ഭയപ്പെടാതെ വിശ്വാസത്തോടെ മുന്നേറാൻ ദൈവവചനം നമ്മെ പ്രോത്സാഹിപ്പിക്കുന്നു. മർക്കോ. 4:39–ൽ നാം വായിക്കുന്നു: "അവൻ എഴുന്നേറ്റു കാറ്റിനെ ശാസിച്ചു, കടലിനോടു അനങ്ങാതിരിക്കുക എന്നു പറഞ്ഞു; കാറ്റ് അമർന്നു, വലിയ ശാന്തത ഉണ്ടായി." ചിലപ്പോൾ യോനായെപ്പോലെ ദൈവകല്പനയെ ധിക്കരിച്ച് നാം അവനിൽനിന്ന് അകന്നുപോകുമ്പോൾ ജീവിതത്തിൽ അശാന്തിയുടെ കാറ്റുകൾ വീശിയടിച്ചേക്കാം. അത്തരം സാഹചര്യങ്ങളിൽ ആത്മാർത്ഥമായ മാനസാന്തരം നമ്മെ വീണ്ടും ദൈവസന്നിധിയിലേക്ക് നയിക്കുകയും ഹൃദയത്തിൽ വലിയ ശാന്തത പകരുകയും ചെയ്യും.

എന്നാൽ എല്ലാ കൊടുങ്കാറ്റുകളും നമ്മുടെ തെറ്റുകളുടെ ഫലമല്ല. ഇയ്യോബിനെപ്പോലെ നീതിമാനായി ജീവിക്കുന്നവർക്ക് ദൈവം തന്റെ മഹത്വത്തിനായി ചില പരീക്ഷണങ്ങൾ അനുവദിച്ചേക്കാം. സമ്പത്തും ആരോഗ്യവും നഷ്ടപ്പെട്ടപ്പോഴും ഇയ്യോബ് തന്റെ വിശ്വാസം കൈവിട്ടില്ല. "എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു" എന്ന അവന്റെ ഉറച്ച പ്രത്യാശ, ഏതു പ്രതിസന്ധിയിലും ദൈവമക്കൾക്ക് പ്രചോദനമാണ്. പരീക്ഷണങ്ങൾ നമ്മെ തകർക്കാനില്ല, മറിച്ച് കൂടുതൽ വിശുദ്ധരാക്കാനും ദൈവത്തോട് അടുപ്പിക്കാനുമാണ്.

ശത്രുക്കളുടെ ഭീഷണിയിൽ തകർന്നുപോയ ഏലീയാ പ്രവാചകൻ മരുഭൂമിയിലെ ചൂരച്ചെടിയുടെ തണലിൽ ഇരുന്ന് മരണം ആഗ്രഹിച്ചു. എന്നാൽ ദൈവം അവനെ കൈവിട്ടില്ല; ഹോറേബ് പർവ്വതത്തിലേക്ക് നയിച്ച് പുതുക്കി. അവിടെ ശക്തമായ കാറ്റും ഭൂകമ്പവും തീയും ഉണ്ടായെങ്കിലും അവയിലൊന്നിലും യഹോവ ഉണ്ടായിരുന്നില്ല. "തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി" (1.രാജ. 19:12). ഇന്നും നമ്മുടെ ഏകാന്തതകളിലും നിരാശകളിലും ആ മൃദുസ്വരം കേൾക്കാം. "ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്."

ജീവിതമാകുന്ന പടകിൽ തിരമാലകൾ ആഞ്ഞടിക്കുമ്പോൾ നമ്മുടെ ദൃഷ്ടി എവിടെയാണെന്നത് നിർണ്ണായകമാണ്. പത്രോസ് യേശുവിന്റെ കല്പന പ്രകാരം വെള്ളത്തിന്മേൽ നടന്നെങ്കിലും, കാറ്റിനെയും തിരമാലകളെയും നോക്കിയപ്പോൾ ഭയപ്പെട്ടു മുങ്ങിത്തുടങ്ങി. എന്നാൽ കർത്താവിനെ വിളിച്ചപ്പോൾ യേശു കൈ നീട്ടി അവനെ രക്ഷിച്ചു. അതുപോലെ, അപ്പസ്തോലനായ പൗലോസ് യാത്ര ചെയ്ത കപ്പൽ ഭീകര കൊടുങ്കാറ്റിൽ അകപ്പെട്ടപ്പോഴും ദൈവവാഗ്ദാനത്തിൽ ആശ്രയിച്ച് ധൈര്യത്തോടെ നിന്നു. "ഭയപ്പെടരുത്; നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു" (അപ്പൊ.പ്ര. 27:24). എന്ന ദൈവവചനം അവന് പ്രത്യാശ നൽകി. സാഹചര്യങ്ങളെയല്ല, സർവ്വാധികാരിയായ ദൈവത്തെയാണ് നാം നോക്കേണ്ടത്.

നമ്മുടെ മുമ്പിലുള്ള കഷ്ടതകൾ എത്ര വലുതായി തോന്നിയാലും അവ താല്ക്കാലികമാണ്. 2. കോരി. 4:17–18 നമ്മെ ഓർമ്മിപ്പിക്കുന്നു. "ക്ഷണനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു." അതിനാൽ കാണുന്ന പ്രതികൂല സാഹചര്യങ്ങളിലേക്ക് അല്ല, കാണാത്ത നിത്യമായ മഹത്വത്തിലേക്കാണ് നമ്മുടെ കണ്ണുകൾ ഉയരേണ്ടത്.

കൊടുങ്കാറ്റിനെ ശാസിച്ച് ശാന്തമാക്കാൻ അധികാരമുള്ള യേശുക്രിസ്തു ഇന്നും നമ്മുടെ ജീവിത പടകിലുണ്ട്. അവന്റെ സാന്നിധ്യത്തിൽ ഭയത്തിന് സ്ഥാനമില്ല; അവനിൽ വിശ്വസിക്കുന്നവർ ഒരിക്കലും നിരാശരാകുകയില്ല. കൊടുങ്കാറ്റ് എത്ര ശക്തമായാലും, കാറ്റിനെയും കടലിനെയും നിയന്ത്രിക്കുന്ന കർത്താവ് നമ്മോടുകൂടെയുണ്ടെങ്കിൽ നമ്മുടെ ജീവിതം സുരക്ഷിതമാണ്. ●


വിദേശത്തേക്ക് മരുന്നുകൾ അയയ്ക്കണോ, വിസിറ്റ് വിസ വേണോ, അതോ പ്രോപ്പർട്ടി സംബന്ധമായ ആവശ്യങ്ങളുണ്ടോ?

വിശ്വസ്തതയോടെയുള്ള മികച്ച സേവനങ്ങൾക്കായി ഇപ്പോൾ തന്നെ വാട്സാപ്പ് ചെയ്യൂ.

**+ 91 8606544199**

**House Plots for Sale**

Dream Valley, Saipppukavala
Chingavanam
1 KM from M.C. Road
Tel. 9744881237
Email: kelachandra@gmail.com

കവിത

# വിശ്വാസികൾ സൂക്ഷിക്കണം ഭയാനകമായ പാപം നമ്മുടെ ഇടയിലുണ്ട്

ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം

അല്ലയോ, മക്കളേ, അറിഞ്ഞീടുക
ആത്മീയ ജീവിതത്തിൽ ഉയരണമെങ്കിൽ
വിശുദ്ധജീവിതം നയിച്ചിടേണം
വിശുദ്ധിയിലേ 'തീ' (റൂഹ) ഇറങ്ങുകയുള്ളു
മക്കളേ, നിങ്ങൾ സൂക്ഷിച്ചീടു
ബലഹീന പാത്രത്തെ തേടിപ്പിടിച്ച്
ലോകയിമ്പങ്ങൾ കാണിച്ചുകൊണ്ട്
പിശാച്, പാപത്തിൽ കെട്ടിയിടും
തിന്മയുള്ളിടത്ത് 'തീ' ഇറങ്ങില്ല
ദൂഷണം, മോഷണം, വ്യഭിചാരം
പിണക്കം, വൈരാഗ്യം, ചതികൊണ്ട്
സാത്താൻ, മക്കളെ തോഴരാക്കും
ഉള്ളിൽ തിന്മയും പുറമേ വിശുദ്ധിയും
കാണിച്ച ആടുന്ന ആത്മീയ മക്കടെ
ശുശ്രൂഷവേലയിൽ റൂഹാ ഇറങ്ങില്ല
കേവലം അതൊരു ആദായമാർഗ്ഗം
ആത്മീയ വേഷം കെട്ടിക്കൊണ്ട്
ശുശ്രൂഷ വേല ചെയ്യുന്നമക്കളേ
സൂക്ഷിക്കു നിങ്ങൾ സൂക്ഷിക്കൂ!
സ്വർഗ്ഗം നിങ്ങൾക്ക് നഷ്ടമാകും
പാപത്തിൽ നിന്നെഴുന്നേറ്റു വന്ന്
ശുശ്രൂഷ വേല ചെയ്യുന്ന മക്കടെ
പ്രാർത്ഥന ദൈവം കേൾക്കില്ലല്ലോ
പരിശുദ്ധ റൂഹാ ഇറങ്ങില്ലപോലും
വിലങ്ങിട്ടു പ്രാർത്ഥിച്ചവന്റെ വിളിയിൽ
പരിദ്ധാത്മാവ് ഇറങ്ങിയല്ലോ
സമർപ്പണം കൊടുത്തവന്റെ വിളിയിൽ
പരിശുദ്ധ റൂഹാ, ഇറങ്ങുമല്ലോ
വിശുദ്ധി കൂടാതെ ദൈവത്തെ
പ്രസാദിപ്പിക്കാൻ പറ്റില്ല മക്കളേ
സഭാമക്കളിൽ പിശാച് താവളം ഉറപ്പിച്ചുകൊണ്ട്
തമ്മിലടിപ്പിച്ചു രസിക്കുന്നുവല്ലോ
വിശുദ്ധി അജയമായ പരിചയാണ്
ദാവീദ്, ഗോലിയാത്തിനെ തോല്പിച്ചുവല്ലോ
ജഡിക പാപത്തിനടിമയാകാതെ
സ്വകാര്യ ജീവിതം വിശുദ്ധമാകൂ!
കാപട്യ ജീവിതം നയിച്ചുകൊണ്ട്
ആത്മീയ വേല ചെയ്യുന്ന മക്കളേ
ലോകം നിങ്ങളെ തള്ളിപ്പറയും
സ്വർഗ്ഗരാജ്യം നിങ്ങൾക്ക് നഷ്ടമാകും
പരിശുദ്ധാത്മാഭിഷേകം കിട്ടിടുവാൻ
ദൈവത്തിന്റെ ശ്വാസം ഏറ്റതാം വചനം
ദിവസവും വായിച്ചു നിറഞ്ഞീടുക
ദൈവം ജീവിതം ഏറ്റെടുക്കും
വിശുദ്ധി ജീവിതം നയിച്ചിടുവാൻ
ലോക ജീവിതം ജയിച്ചുമടങ്ങാൻ
ആശയുണ്ട്, ഈശനെ ആശയുണ്ട്.
ആക്കമില്ല ഈശനെ ആക്കമില്ല
നിന്നുടെ രക്തത്താൽ എന്നെ കഴുകി
എന്നെ ചേർത്തു പിടിച്ചുകൊണ്ട്
ഞാൻ നിന്റെ മണവാട്ടിയായി, തീർന്നിടുവാൻ
നിൻകൃപ, എന്നിൽ ഒഴുക്കിടുക.

●



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകാംഗമായ മണക്കാട്ട് **അലീന അജന എബി** Shito Ryu Style-ൽ Ist Dan Black Belt കരസ്ഥമാക്കി. MSKI Dojo Pulladen's Academy ചിങ്ങവനത്താണ് പഠിച്ചത്.

# സേവനരംഗത്തെ ക്നാനായ മുഖം
# നസ്രേത്ത് ആശ്രമം, ഓതറ

**ഓതറ പി ഒ, തിരുവല്ല**

(Registered under the Travancore - Cochin Literary Scientific and Charitable Society's Registration Act XII of 1955)

ദിവംഗതനായ എടത്വ പുത്തൻപുരയ്ക്കൽ ശ്രീ. പി. റ്റി. മാത്യു ബി.എ.എൽ.റ്റി. സംഭാവനയായി നൽകിയ 5 ഏക്കർ സ്ഥലത്ത് 1962 ആഗസ്റ്റ് മാസം 15-ാം തീയതി നിർദ്ധനരായ 10 ബാലൻമാരെ താമസിപ്പിച്ചുകൊണ്ട് ബാലമന്ദിരമായി ആരംഭിച്ച ഓതറ നസ്രേത്ത് ആശ്രമം ഇന്ന് ക്നാനായ സമുദായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമുഹ്യക്ഷേമ കേന്ദ്രമാണ്.

## നസ്രേത്ത് ആശ്രമത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഇതര സ്ഥാപനങ്ങൾ

**1) നസ്രേത്ത് ഫാമിലി കൗൺസിലിംഗ് സെന്റർ (FCC)**

കേന്ദ്ര സാമൂഹിക ക്ഷേമ ബോർഡിന്റെ സഹായത്തോടുകൂടി 1987 ഡിസംബർ 1-ാം തീയതി മുതൽ ഫാമിലി കൗൺസിലിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തി കുടുംബ ഭദ്രത ഉറപ്പാക്കുന്നതിലൂടെ കുടുംബ ശിഥിലീകരണം തടയുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഈ സെന്ററിൽ 2 കൗൺസലേഴ്സിന്റെ സൗജന്യ സേവനം ലഭ്യമാണ്. ഈ സ്ഥാപനം പ്രവർത്തിക്കുന്നത് വള്ളംകുളം, നന്നൂർ ഗവ. ആശുപത്രിക്ക് സമീപം ആണ്.

**2) നസ്രേത്ത് സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ (SPC)**

2005-ലെ ഗാർഹിക പീഡന നിരോധന നിയമം സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വനിതാ ശിശുക്ഷേമ വകുപ്പിന്റെ സഹായത്തോടുകൂടി നസ്രേത്ത് സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ കൗൺസിലിംഗ് സെന്ററിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. ഇവിടെയും ഒരു അഡ്വക്കേറ്റിന്റെ സൗജന്യ സേവനം ലഭ്യമാണ്.

**3) നസ്രേത്ത് ഹോസ്റ്റൽ & മെസ്സ്**

ഫാർമസി കോളേജിൽ പഠിക്കുന്ന പെൺകുട്ടികൾക്കുവേണ്ടി ആശ്രമത്തിന്റെ മേൽനോട്ടത്തിൽ ഹോസ്റ്റലും മെസ്സും പ്രവർത്തിക്കുന്നു.

**4) നസ്രേത്ത് പാലിയേറ്റീവ് കെയർ സെന്റർ**

ആശ്രമത്തിന്റെ കീഴിൽ ഒരു പാലിയേറ്റീവ് കെയർ യൂണിറ്റും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

**5) നസ്രേത്ത് ബാലമന്ദിരം**

നസ്രേത്ത് ആശ്രമത്തിന്റെ കീഴിൽ വിവിധങ്ങളായ സാമൂഹിക പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും കൂടുതൽ പ്രാധാന്യം നൽകിവരുന്നത് ബാലമന്ദിരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ്. ഇപ്പോൾ 8 കുട്ടികൾ ഇവിടെ താമസിച്ച് പഠിക്കുന്നുണ്ട്. സ്കൂൾ വർഷം ആരംഭിക്കുമ്പോൾ കുറച്ച് കുട്ടികളെക്കൂടി നമുക്ക് ഈ സ്ഥാപനത്തിലേക്ക് ലഭിക്കുവാൻ ഇടയുണ്ട്. കുട്ടികളുടെ എല്ലാ ചെലവുകളും ആശ്രമമാണ് വഹിക്കുന്നത്. മുമ്പ് ധാരാളം സംഭാവനകളും സ്പോൺസർഷിപ്പുകളും ലഭിച്ചിരുന്നു, എങ്കിലും ഇപ്പോൾ നന്നേ കുറവാണ്. എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ സമുദായത്തിന് അഭിമാനകരമായി തല ഉയർത്തി നിൽക്കുന്ന ഈ പ്രസ്ഥാനത്തെ മുമ്പോട്ടുകൊണ്ടുപോകുവാൻ കഴിയുകയുള്ളു.

## ആശ്രമ പ്രവർത്തനങ്ങളെ താഴെപ്പറയുന്ന രീതിയിൽ സഹായിക്കാവുന്നതാണ്.

1) നിങ്ങളുടെ വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട് ബാലഭവനിലെ കുട്ടികൾക്ക് ഫീസ്റ്റ് സ്പോൺസർ ചെയ്യുക.
2) ഒരു കുട്ടിയെ സ്പോൺസർ ചെയ്ത് സഹായിക്കുക.
3) ബാലഭവനിലേക്ക് റിക്രിയേഷൻ ഉപകരണങ്ങൾ വാങ്ങി നൽകുക.
4) ആശ്രമം/ ബാലഭവനിലേക്ക് കസേരകൾ, മേശകൾ, മെത്തകൾ, ബഡ്ഷീറ്റ്, കുട്ടികൾക്ക് പഠനോപകരണങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ വാങ്ങി നൽകുക.
5) സംഭാവനകൾ നൽകി സഹായിക്കുക. (സംഭാവനകൾക്ക് 80 ജി പ്രകാരം ഇൻകം ടാക്സ് ഒഴിവ് ലഭിക്കുന്നതാണ്.)

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.**

**റ്റി കെ കുര്യൻ**
തേക്കാട്ടിൽ (മേപ്പാരത്തിൽ)
സെക്രട്ടറി, നസ്രേത്ത് ആശ്രമം, ഓതറ, ഫോൺ : 9447595097

# Nazareth Asramam, Othera

## List of Donations for the Period from 16/8/25 to 31/3/26

1. Leelamma punnose Thadathil house, Eraviperoor……… ................................................ Rs. 1500
2. Tinto Chacko Kaitholil house, Eraviperoor …. ............................................................ Rs. 15000
3. Joseph AI, Ambalapattu,Thiruvanvandoor chengannur……… ......................................... Rs. 6000
4. St. Stephens Church Bristol, U.K, Sunday School Students…. ........................................ Rs. 6000
5. Thomas Chacko, Paruthiyath…………………………………………… .................. Rs. 15000
6. Lukose Joseph, Edavazhickal, Kottayam.……………………….... ........................... Rs. 10000
7. Noel Reji , Pulikavil, Eraviperoor.………………………………………. ..................... Rs. 6560
8.Maveric Robin Abraham, Memanakaleekal (H),Thiruvanvandoor ..................................... Rs. 6000
9. Biju padiyara, Ennikkadu ........................................................................................ Rs. 7000
10.A Well wisher.……………………………………………………………………… ...... Rs. 3000
11.Achama Abraham, Kaliyikal (H) Thiruvanvandoor.……………… .................................. Rs. 5000
12.Avinash Varghese, Palipara (H) othera po.…………………………. ........................... Rs. 6500
13. Sarah Jacob ……………………………………………………………………….. .... Rs. 6000
14. K.A Abraham, kannankara vadakel, Angadi - Ranni........... ........................................... Rs. 6000

**To make your contributions: T.K Kurian Thekkattil**
**Secretary, 9544695097**

**Account Details**
M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : OtheraNazareth Asramam, Othera
List of Donations for the Period from 16/8/25 to 31/3/26
IFSC : FDRL0001729



ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളിയിൽ ക്നാനായ കോൺഗ്രസിന്റെ വിദ്യാജ്യോതി വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് മെമ്പർ ലിസി സണ്ണി നിർവ്വഹിച്ചു. ഏബ്രഹാം കെ .തോമസ്, കെ.എ. മാത്യു, സാബു സ്കറിയ, പി.റ്റി. മാത്തുക്കുട്ടി ചിറയിൽപീടിക, വിനു സ്കറിയ, ബിജു കുറിയാക്കോസ്, പ്രസിഡന്റ് ഫാ. സാജൻ സി അലക്സ്, സെക്രട്ടറി ലിജോ എന്നിവർ സമീപം.

# NAZARETH COLLEGE OF PHARMACY

## OTHERA,THIRUVALLA- 689546

PH:8547016938, 9495237292,

EMAIL: *nazarethpharmacy@yahoo.co.in*

**QUOTATION INVITED FOR THE FOLLOWING WORK**

1. **LIGHT ROOFING TO LADIES HOSTEK BUILDING AT NAZARETH COLLEGE OF PHARMCY**
   **TENDER FORM WILL BE AVAILBLE AT COLLEGE OFFICE FROM 15-06-2026.**
   **LAST DATE OF SUBMISSION OF TENDER 30.06.2026**


## *Congratulations*



**Preetha Mathew**
Professor, Department of Pharmaceutics,
Nazareth College of Pharmacy, Othera
Ph.D in Pharmacy from Vinayaka Missions Research Foundation, Salem



**Christina Das**
Associate Professor, Department of Pharmaceutics,
Nazareth College of Pharmacy, Othera
Ph.D in Pharmacy from Vinayaka Missions Research Foundation, Salem


## തസ്തിക ഒഴിവ്

**ഓതറ നസ്രേത്ത് ഫാർമസി കോളേജിൽ ഹോസ്റ്റൽ വാർഡൻ (വനിത) 1 തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അർഹരായ വ്യക്തികൾ 30/05/2026 നു മുമ്പായി അപേക്ഷ കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.**



ബാംഗ്ളൂർ ഹെന്നൂർ സെന്റ് മേരീസ് ക്നാനായ ദൈവാലയത്തിൽ യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 19 ഞായറാഴ്ച ലിജോ ജോർജ് മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റ് നടത്തപ്പെട്ടു. വികാരി ഫാ. ഡിബിൻ ജേക്കബ് കളത്തിൽ പറമ്പിൽ നേതൃത്വം നൽകി.

# ക്നാനായദീപം & ക്ലീമീസ് പ്രസ്സ് ഓഫീസ് മാറുന്നു

**ക്നാനായ ദീപത്തിന്റെയും ക്ലീമിസ് പ്രസ്സിന്റെയും നിലവിലുള്ള ഓഫീസ് അവിടെ നിന്നും മാറി ക്ലീമിസ് സെന്ററിന്റെ മുൻവശത്ത് വടക്ക് ഭാഗത്ത് രണ്ട് മുറികൾ ക്രമീകരിച്ച് എം.സി. റോഡിൽ നിന്നും പ്രവേശിക്കാവുന്ന രീതിയിൽ ആരംഭിച്ചിരിക്കുന്നു.**

## ആശംസകൾ



അൾട്രമാൻ ഓസ്ട്രേലിയ അൾട്ര എൻഡുറൻസ് റേസ് വിജയകരമായി പൂർത്തിയാക്കിയ **ജോമി ജേക്കബ്** (IRS അഡീഷനൽ കമ്മീഷണർ, ജിഎസ്ടി ആൻഡ് കസ്റ്റംസ് വകുപ്പ്, കൊച്ചി) റാന്നി വലിയപള്ളി ഇടവകാംഗവും, റാന്നി അങ്ങാടി അറയ്ക്കൽ എ.ടി. ജേക്കബ് വത്സമ്മ ദമ്പതികളുടെ മകനാണ്.

മൂന്നു ദിവസങ്ങളിലായി നീന്തൽ, സൈക്ലിങ്, ഓട്ടം എന്നീ ഇനങ്ങളാണ് റേസിൽ പൂർത്തിയാക്കേണ്ടത്. ഒന്നാം ദിവസം 10 കിലോമീറ്റർ കടൽ നീന്തൽ, തുടർന്ന് 145 കിലോമീറ്റർ സൈക്ലിങ്, രണ്ടാം ദിവസം 275 കിലോമീറ്റർ സൈക്ലിങ്, മൂന്നാം ദിവസം 85 കിലോമീറ്റർ അൾട്രാ മാരത്തൺ ഓട്ടം എന്നിവ പൂർത്തിയാക്കിയാണ് ജോമി ജേക്കബിന്റെ നേട്ടം. ഈ നേട്ടം കൈവരിച്ച കേരളത്തിൽ നിന്നുള്ള ആദ്യ വ്യക്തിയും സിവിൽ സർവീസിൽ നിന്നുള്ള രണ്ടാമത്തെ വ്യക്തിയുമാണ് ജോമി ജേക്കബ്. ഭാര്യ-ഡോ. അനു, മക്കൾ-ജോവാൻ, ജോർഡൻ

## ക്നാനായദീപം പുതുക്കിയ പരസ്യനിരക്ക്

| | |
|---|---|
| **ക്നാനായദീപം വരിസംഖ്യ** | |
| ഒരുവർഷം | – 200 |
| പത്തുവർഷം | – 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | – 4000 |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | – 450 |
| പേര് മാത്രം | – 350 |
| മാട്രിമോണിയൽ | – 750 |
| **ബ്ലായ്ക്ക്& വൈറ്റ്** | |
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | – 1000 |
| കാൽപേജ് | – 2000 |
| അരപേജ് | – 4000 |
| ഫുൾപേജ് | – 6000 |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | – 5000 |
| അരപേജ് | – 7500 |
| ഫുൾ പേജ് | – 12000 |
| കവർ ഇൻസൈഡ് | – 15000 |
| ബായ്ക്ക് കവർ | – 17500 |



## മല്പാനോടു ചോദിക്കാം

# ശിശുസ്നാനമോ- മുതിർന്ന സ്നാനമോ ഏതാണ് ശരി

**ശൈശവ പ്രായത്തിൽ സ്നാനം നൽകുന്നതിന്റെ കാരണങ്ങൾ**

വി. ബൈബിൾ സ്നാനപ്പെടുത്തി എന്നു പറയുന്ന സകല സംഭവങ്ങളും പരിശോധിച്ചാൽ ഒരു കാര്യം വളരെ വ്യക്തമാണ്. അപ്പോസ്തോലന്മാരുടേയോ അവരുടെ പിൻഗാമികളുടേയോ പ്രസംഗങ്ങൾ കേട്ട് യേശുവിൽ വിശ്വസിച്ച യഹൂദന്മാരോ, യവനന്മാരോ, നാനാജാതിമതസ്ഥരായ ആളുകളോ സ്നാനമേറ്റ സംഭവങ്ങൾ മാത്രമാണ് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അല്ലാതെ ഒരിക്കൽ സ്നാനം സ്വീകരിച്ച് വിശ്വാസികളായവരുടെ മക്കളെ സ്നാനപ്പെടുത്തിയ ഒരു സംഭവവും വിശുദ്ധ ബൈബിളിലില്ല. അതായത് ക്രൈസ്തവ സഭയിലെ ഒന്നാം തലമുറക്കാർ സ്നാനം സ്വീകരിച്ച സംഭവങ്ങൾ മാത്രമാണ് വി.ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരിക്കൽ വിശ്വസിച്ച് ക്രിസ്ത്യാനികളായവരുടെ മക്കളെ സ്നാനപ്പെടുത്തിയ സംഭവങ്ങളോ അവർക്ക് ഏതു പ്രായത്തിൽ സ്നാനം നൽകണമെന്ന ഉപദേശമോ അവർക്ക് മുതിർന്ന സ്നാനമോ, ശിശുസ്നാനമോ ഏതു നൽകണമെന്ന നിർദ്ദേശമോ വി. ബൈബിളിലില്ല. ആയതിനാൽ വി. ബൈബിളിന്റെ അടിസ്ഥാനത്തിൽ മുതിർന്ന സ്നാനം മാത്രമാണ് ശരി എന്ന് ആർക്കും പറയാനാവില്ല.

പുതിയ നിയമത്തിലെ സ്നാനത്തിനു പകരം പഴയ നിയമത്തിൽ നൽകിയിരുന്ന ശുശ്രൂഷ "പരിച്ഛേദന" എന്ന കർമ്മം ആയിരുന്നു. യഹോവ അബ്രഹാമിനോട് ''എനിക്കും നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും മധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആണിത്. നിങ്ങളിൽ പുരുഷ പ്രജയൊക്കെയും എട്ടു ദിവസം പ്രായമാകുമ്പോൾ പരിച്ചേദന ഏൽക്കണം. നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണം. അത് എനിക്കും നിങ്ങൾക്കും മധ്യേയുള്ള നിയമത്തിന്റെ അടയാളമാകും. തലമുറ തലമുറയായി നിങ്ങളിൽ പുരുഷ പ്രജയൊക്കെയും എട്ടു ദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കണം." (ഉല്പ. 17:10-12). അബ്രഹാം പരിച്ഛേദനയേറ്റപ്പോൾ ........... വയസ്സും തന്റെ മകനായ യിശ്മായേൽ പരിച്ഛേദനയേറ്റപ്പോൾ 13 വയസ്സും ആയിരുന്നു. അവരിരുവരും ഒരേ ദിവസം പരിച്ചേദനയേറ്റു. (ഉല്പ.17:24-25). പിന്നീട് 'യിസഹാക്ക് ജനിച്ചപ്പോഴും നമ്മുടെ കർത്താവിനു എട്ടു ദിവസം പ്രായമായപ്പോഴും അവരെ പരിച്ഛേദന കഴിപ്പിച്ചു (മത്തായി. 2:21) എന്നാൽ മറ്റുജാതികളിൽ നിന്ന് യഹൂദ മതാനുസാരിയായ ആരെങ്കിലും വന്നാൽ അവർ വരുന്ന പ്രായത്തിലും അവർക്ക് പരിച്ഛേദന നൽകിയിരുന്നു.

ഈ പരിച്ഛേദനയ്ക്കു പകരമാണ് പുതിയ നിയമത്തിൽ സ്നാനം എന്ന കൂദാശ വന്നതെന്നു മനസ്സിലാക്കാം കാരണം പരിച്ഛേദന ആൺകുട്ടികൾക്കു മാത്രമേ നൽകാനാവൂ. പഴയ നിയമകാലത്തും സഭയിൽ അംഗത്വം പുരുഷനാണ്. എന്നാൽ പുതിയ നിയമത്തിൽ സ്ത്രീ പുരുഷ ഭേദമെന്യേ എല്ലാവരും ക്രിസ്തുവിനോട് സംയോജിക്കണം (ഗലാത്യ.3:29). ആയതിനാൽ പഴയ നിയമത്തിലെ പരിച്ഛേദനയ്ക്ക് പകരം പുതിയ നിയമത്തിൽ സ്നാനം വന്നു എന്ന മനസ്സിലാക്കാം. പരിച്ഛേദനയും സ്നാനവും തമ്മിലുള്ള ബന്ധത്തെപ്പറ്റി കൊലോസ്യ ലേഖനത്തിൽ വി. പൗലോസ് പറയുന്നു ''അവനിൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നെ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു. (കൊലോസ്യർ 2:11).

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പോസ്തോലിക കാലത്ത് ആദിമ സഭയിൽ ഒരുവൻ ക്രിസ്ത്യാനിയാകണമെങ്കിൽ ആദ്യം പരിച്ഛേദന ഏറ്റശേഷം സ്നാനം സ്വീകരിക്കണമെന്ന് വി. പത്രോസ്ശ്ലീഹാ ഉൾപ്പെടെ പല ശിഷ്യന്മാരും യഹൂദ ക്രിസ്ത്യാനികളും വാദിക്കുകയും എന്നാൽ സ്നാനത്തിൽ ഹൃദയ പരിച്ഛേദന ഏറ്റശേഷം സ്നാനം സ്വീകരിക്കണമെന്ന് വി. പത്രോസ്ലീഹാ ഉൾപ്പെട്ട പല ശിഷ്യന്മാരും യഹൂദ ക്രിസ്ത്യാനികളും വാദിക്കുകയും എന്നാൽ സ്നാനത്തിൽ ഹൃദയ പരിച്ഛേദന ലഭിക്കുന്നതിനാൽ പരിച്ഛേദന ഇനി ആവശ്യം ഇല്ല, സ്നാനം മതി എന്ന് വി. പൗലോസും തമ്മിൽ നടന്നതായ തർക്കത്തിനൊടുവിൽ പ്രശ്ന പരിഹാരത്തിനായ് യറുശലേമിൽവച്ച് വി.യാക്കോബുശ്ലീഹായുടെ അദ്ധ്യക്ഷതയിൽ ആദ്യത്തെ അപ്പോസ്തോലിക സുന്നഹദോസുകൂടി ഇനി മേലിൽ ക്രിസ്തുവിനോടു ചേരുവാൻ പരിച്ഛേദന വേണ്ട സ്നാനം മതി എന്നവർ ഐക്യകണ്ഠേന തീരുമാനിച്ചതായും അപ്പോസ്തോല പ്രവൃത്തികളിൽ നാം വായിക്കുന്നു. അപ്പോ.(15:12-9).

ചുരുക്കത്തിൽ ആദിമസഭയിൽ പരിച്ഛേദനയും സ്നാനവും ഒരുമിച്ചു സ്വീകരിക്കുകയും പിന്നീട് സ്നാനം മാത്രം മതി എന്ന നിശ്ചയിക്കുകയും ചെയ്തതിനാൽ പരിച്ഛേദനയും സ്നാനവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാവുന്നതാണ്.

ഇന്ന് സഭയിൽ വിശ്വാസികളുടെ മക്കൾക്ക് നാം ശൈശവ പ്രായത്തിൽ സ്നാനം നൽകുന്നു. കാരണം ശിശുക്കളുടെ മാതാപിതാക്കൾ ക്രിസ്ത്യാനികളും വി. ദൈവാലയത്തിൽവച്ച് ക്രിസ്തു മദ്ധ്യസ്ഥനായി വിവാഹം എന്ന കൂദാശയിലൂടെ സംയോജിക്കപ്പെട്ടവരും കർത്താവിന്റെ ശരീരരക്തങ്ങൾ അനുഭവിച്ചിട്ടുള്ളവരുമാണ്. ഒരു ശിശുവിനെ ഉദരത്തിൽ വഹിച്ചുകൊണ്ട് അതിന്റെ അമ്മയും അപ്പനും ഒക്കെ പ്രാർത്ഥിച്ചിട്ടുള്ളത് വി. ത്രീത്വത്തോടെയാണ്.അപ്പോൾ ജനിക്കുമ്പോൾ തന്നെ യേശുക്രിസ്തുവിനോടുള്ള വൈകാരിക ബന്ധം ആ ശിശുക്കൾ ക്കുണ്ട്. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ വിശ്വാസിയാണെങ്കിൽപോലും അവർക്ക് ജനിക്കുന്ന ശിശു വിശുദ്ധനാണെന്ന് വി. പൗലോസ് പറയുന്നു. (1. കൊരി. 7:14-15). അങ്ങനെയെയങ്കിൽ മാതാപിതാക്കൾ ഇരുവരും വിശ്വാസികൾ എങ്കിൽ ആ കുഞ്ഞിന്റെ ജനനം എത്ര ശ്രേഷ്ഠതയുള്ളതാണെന്ന് മനസ്സിലാക്കണം. കുട്ടികൾ വിശുദ്ധരെങ്കിൽ പിന്നെ സ്നാനം എന്തിന് എന്നു ചോദിച്ചേക്കാം. സ്നാനം ക്രിസ്തുവിന്റെ മരണത്തോടും പുനരുദ്ധാനത്തോടും ഏകീഭവിക്കുവാനാണ് (റോമർ. 6:3-5, കൊലോ. 2:12, 3:1). അത് സ്ത്രീ-പുരുഷ ഭേദമെന്യേ എല്ലാവരും വ്യക്തിപരമായി സ്വീകരിക്കേണ്ടതുകൊണ്ടാണ് വിശ്വാസികളുടെ മക്കൾക്കും സ്നാനം നൽകുന്നത്.




## വരനെ ആവശ്യമുണ്ട്

**M. 801**

കേരളത്തിനു വെളിയിൽ ജനിച്ചു വളർന്ന B.Tech.MBA) (26) വിദേശത്ത് ജോലിയുള്ള ഉചിതമായ വിദ്യാഭ്യാസ യോഗ്യത ഉള്ളതുമായ ക്നാനായ യുവതിയ്ക്ക് അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9446369087, 6238877914

**M. 802**

B.Sc Nursing കഴിഞ്ഞ് O.E.T. പാസ്സായി നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/155cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. U.K., Australia ഉള്ളവർക്ക് മുൻഗണന

Ph. 7736865204, 8301971154

**M. 803**

Knanaya parents invite proposals for their daughter (27/158cm) masters in physics from Christ University Bangalore, working as data analyst in a US based company at Hyderabad, from parents of God fearing professionally qualified well settled working boys, preferably from India or GCC countries. Ph. 9847059538, 9400495477

**M. 804**

Knanaya parents invite proposals for their daughter (26 /153), MBBS currentyy working as a doctor in NHS England. We seek a suitable alliance from parents of professionally qualified Knanaya boys.

Whats App + 447868540373, 9207187746, 9746315349

**M. 805**

We would be glad to hear from families of a Christian Malayali girl, preferably brought up or educated outside Kerala, professionally qualified, and someone with her own interests and aspirations."Ph. 7558055204, 8157988255

## വധുവിനെ ആവശ്യമുണ്ട്

**M.806**

Knanaya parents invite proposals for their son (28, 5'10"), born and brought up in India, a U.S. citizen currently working in U.S. federal government service. Seeking proposals from parents of God-fearing girls. He will be coming to India during the last week of June. Please contact through WhatsApp:+12679010285

**M. 807**

Knanaya parents invite proposals for their son (31/178cm) who has completed his Master's degree in the UK ad is currently working with the UK Civil Service. Seeking alliance from parents of professionally qualified Knanaya girls, preferably based in the UK, Europe, USA, or Australia. Ph. +91 9605951175

**M. 808**

കേരളത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/172cm) (ഫോർ ലിഫ്റ്റ് ഓപ്പറേറ്റർ ഇലട്രീഷ്യൻ വിദ്യാഭ്യാസം ITI (electrical) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. പുനർ വിവാഹം (ബാധ്യതകൾ ഇല്ലാത്തത്) പരിഗണിക്കുന്നതാണ്. താലപര്യമുള്ളവർ ബന്ധപ്പടുക. Ph. 9747941753

**M. 809**

Civil engineerig- ൽ B.Tech പാസ്സായി ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/166 cm) l) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 7034431732, 9562949769

**M. 810**

UK-ൽ Specialist Occupational ആയി NHS ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/162) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. UK-യിൽ Nursing/Paramedical ഫീൽഡിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന. Ph. 9495540854, 9446600422

**M. 811**

പ്രൈവറ്റ് ബാങ്കിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് B.Com (27/162) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9544975681

**M. 812**

UAE-ൽ 12 വർഷമായി പ്രമുഖ കമ്പനിയിൽ സൂപ്പർവൈസറായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/174) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph : 9656795721

**M. 813**

Knanaya parents invite proposal for their son, Education: MBA (Finance, IMT Ghaziabad) and B.Tech in Computer Science (Indore), (29/170cm.Work: Recently moved to Banglore as an Associate in Goldman Sachs (Investment Bank), Prior to this worked 3 years at Deloitte Hydera -bad. Proposals are invited from parents of God fearing professionally qualified knanaya girls (preferably comfortable with Hindi). Ph. (Father): 9425366602

**M.814**

UK-യിൽ വളർന്ന citizenship ഉള്ള ക്നാനായ യുവാവ് (27/5'7") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (UK-യിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന).

Mob. 00447961086161, 00447706914811

**M. 815**

UK-യിൽ MBA കഴിഞ്ഞതും work permint ഉള്ളതുമായ ക്നാനായ യുവാവ് (26/168cm) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. നേഴ്സ്മാർക്കും മെഡിക്കൽ ഫീൽഡിലുള്ളവർക്കും മുൻഗണന).

Whats App +916238790576
+ 1860-978-7262, +971521569336

**M. 816**

Knanaya parents invite proposals for their son, 28, 5'11" (181 cm), born and raised in Saudi Arabia, B.Tech in EEE. After a strong career in technology sales with leading global firms, he now leads O&G industrial sales and distribution at Al Rashed Group, Dammam. Easy-going, career and family-oriented, he enjoys travelling, cooking, and staying fit through cricket, padel, and training.

**M. 817**

B.Com (TATA) കഴിഞ്ഞ് Medical Reprecentative ആയി MNC company യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9497224149, 7025931886

**05 – ാം ചരമവാർഷികം**
**12 - 06- 2026**



**ഷീല ജോസഫ്**
**കാടാത്ത് പുറത്തേരിൽ**
**നീലംപേരൂർ**


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**18 – ാം ചരമവാർഷികം**
**2 - 06- 2026**



**എം. എ. തോമസ് (തോമാച്ചൻ)**
**കളത്തിൽ,**
**നീലംപേരൂർ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**16 – ാം ചരമവാർഷികം**
**08 - 05- 2026**



**പി. എം. തോമസ് (ബേബി)**
**പാട്ടാശ്ശേരിൽ, ചിങ്ങവനം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

## 1 – ാം ചരമവാർഷികം

30 – 06 – 2026



## എം. ഐ. മാത്യു

മടുക്കമൂട്ടിൽ, ചിങ്ങവനം

തന്റെ ഭക്തന്മാരുടെ മരണം
യഹോവയ്ക്ക് വിലയേറിയതാകുന്നു
സങ്കീ. 116:15

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 35th Death Anniversary

13 – 06 – 2026



## Kuruvilla Sunny

Palamoottil House
Thengeli

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

ഇമ്പങ്ങളുടെ പറുദീസയിൽ

## 1 – ാം ചരമവാർഷികം

13 – 06 – 2026



## ലില്ലിക്കുട്ടി ജോസ്

തലപ്പാല, മണ്ണടിശാല

നിങ്ങൾക്കെല്ലാം ഞാൻ പ്രിയപ്പെട്ടവളായിരുന്നു. എന്നാൽ നിങ്ങളിലുപരി എന്നെ
ഇഷ്ടപ്പെടുന്ന എന്റെ കർത്താവ് എന്നെ നിത്യ ജീവിതത്തിലേയ്ക്ക് ക്ഷണിച്ചു.
ഇനി ഞാൻ വിശ്രമിക്കട്ടെ എന്റെ കർത്താവിന്റെ പക്കൽ.
നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നേയും ഓർക്കേണമേ.

മക്കൾ – ലിജി മോൾ, ലിജോ മോൻ
മരുമക്കൾ – സന്തോഷ് അമ്പലപ്പാട്ട്, ആശമോൾ തോപ്പിൽ കിഴക്കേതിൽ
കൊച്ചുമക്കൾ – ഡാനി മോൻ, ഡെന്നി മോൻ, ഡെൽനാമോൾ, ലിഡിയാമോൾ, ലിയോൺ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## *5th Death Anniversary*

13 - 06 - 2026



## Mathew Kuriakose (Raju)

Kdaithara, Chingavanam

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ


Advt -G




Advt -O




Advt -O




Advt - R

**5–ാം ചരമവാർഷികം**
4-06-2026

**26–ാം ചരമവാർഷികം**
25-06-2026

**19–ാം ചരമവാർഷികം**
14-06-2026







**ശോശാമ്മ ഏബ്രഹാം**

**ചാക്കോ ഏബ്രഹാം**
**(തങ്കച്ചൻ)**


**കെ.എ. പുന്നൂസ്**
**(ജോയി)**

**കൊറ്റുചാലിൽ, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R




Advt -O

**8–ാം ചരമവാർഷികം**
13-06-2026

**39–ാം ചരമവാർഷികം**
03-05-2026



**കുഞ്ഞമ്മ ചാണ്ടി**   **എം. യു. ചാണ്ടി**

മേപ്രത്ത്, അഞ്ചാനി, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

**29–ാം ചരമവാർഷികം**
27-06-2026



**ലീലാമ്മ ബേബി**

മേപ്രത്ത്, അഞ്ചാനി, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

**വേർപാടിന്റെ 30–ാം ദിവസം**
26-06-2026



**മോൻസി എം. ഒ. (54)**

(കുറിച്ചി, തടത്തിൽ)
മേപ്രത്ത്, ഐത്തല, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

3rd Death Anniversary
30th July 2026



**K. T ABRAHAM (AVARACHAN)**
**KARIYIL ALANCHERIL, KURICHY**
*സന്തപ്ത കുടുംബാംഗങ്ങൾ*

---

12 – ാം ചരമവാർഷികം
26-06-2026



**ഉതുപ്പാൻ തോമസ്**
(തങ്കച്ചൻ)
കുളത്തുങ്കര, കുറ്റൂർ
*സന്തപ്ത കുടുംബാംഗങ്ങൾ*

---

5 – ാം ചരമവാർഷികം
02-07-2026



**ബേബി ഫിലിപ്പ്**
(കൊച്ചുബേബി)
ഇടശ്ശേരിവാക്കൽ, റാന്നി
സന്തപ്ത കുടുംബാംഗങ്ങൾ

---

08 – ാം ചരമവാർഷികം
16-06-2026



**വി. എം. ഏബ്രഹാം**
വടക്കേമുറിയിൽ
ഐത്തല, റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

---


9 – ാം ചരമവാർഷികം
14-06-2026



**T.I.Thomas (Kunjachen)**
(Rtd. Asst. Engineer, KSEB)
തോട്ടുപുറത്ത് എം. എം. വില്ല
തോലശ്ശേരി, തിരുവല്ല
സന്തപ്ത കുടുംബാംഗങ്ങൾ

---

24 – ാം ചരമവാർഷികം
25-06-2026



**ഫിലിപ്പ്കുട്ടി അലക്സ്**
കാവുങ്കൽ
അങ്ങാടി, റാന്നി
സന്തപ്ത കുടുംബാംഗങ്ങൾ


---

**ഒരിക്കലും മരിക്കാത്ത**
**ഓർമ്മകളുമായി**
**നിത്യതയുടെ തീരത്ത് വീണ്ടും**
**കാണാമെന്നുള്ള പ്രത്യാശയോടെ**

---

09 – ാം ചരമവാർഷികം
11-06-2026

15 – ാം ചരമവാർഷികം
13-07-2026





**കെ.കെ. തോമസ് (പപ്പ)** **അമ്മിണി തോമസ്**
**മുണ്ടയ്ക്കൽ, തിരുവൻവണ്ടൂർ**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

1st July 2026
8th Death anniversary



**Mariamma Chacko**
**Cherutharayil**
**Melekkutte, Kaviyur**
സന്തപ്ത കുടുംബാംഗങ്ങൾ

---

"കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ"

"നിന്റെ
മഹത്വമുദിക്കും
നാൾ
നിൽക്കണമിവർ
വലഭാഗത്തിൽ "

**05 – ാം ചരമവാർഷികം**
**29-06-2026**




**K. M. Thomas**
(Rtd.Engineer, Coal India, Bihar)
**Karkadakompallil House**
**Thuruthicadu**
**Sorrowing Family**

**1st Death Anniversary**
**26- 06- 2026**




**Aliyamma Alex**
**Thythara House**
**Chingavanam**
**Sorrowing Family**

**24 – ാം ചരമവാർഷികം**
**14-06-2026**




**പി. പി. ഏബ്രഹാം** (കുഞ്ഞവറാച്ചൻ)
**പുല്ലമ്പള്ളിൽ, റാന്നി**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**25 – ാം ചരമവാർഷികം**
**26-06-2026**



**എ. കെ. ഫിലിപ്പ്** (ബേബി)
**കണ്ടക്കോട്ട്, രാമമംഗലം**
ഭാര്യ: അമ്മിണി ഫിലിപ്പ്
മക്കൾ: വിജി, സാബു, ഷാജു, ബീന
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**


**വേർപാടിന്റെ 29-ാം വർഷം**
**21-06-2026**



## P. K. THOMAS
**PAZHAYAPEEDIKAYIL**
**KALLISSERY**
**Inserted by: Sorrowing Family**


MADONA
MARBLES & GRANITES
M.C.Road, Pakkil P.O., Pallom, , Kottayam- 12
T.K. Road, Kumbanad, Thiruvalla

**30th Death Anniversary**
**10-07-2026**



**K. C. Chacko** (Rtd. Ex.Engineer)
**Kunnirickal**
**Thiruvananthapuram**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**22 –ാം ചരമവാർഷികം**
**27-06-2026**



**പി.സി. തോമസ്** (തോമ്മാച്ചൻ)
**വളഞ്ഞൻതുരുത്തിൽ**
**റാന്നി**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**26 –ാം ചരമവാർഷികം**
**15-06-2026**



**കെ.കെ. കുരുവിള**
**ആറൊന്നിൽ, റാന്നി**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**18th Death Anniversary**
**19- 06- 2026**



**കെ. സി. ചാക്കോ (കുഞ്ഞൂഞ്ഞ്)**
**കല്ലുകുളത്തിൽ**
**ചിങ്ങവനം (കൊട്ടാരക്കര)**

**By Sorrowing Family**

**07 – ാം ചരമവാർഷികം**
**03-06-2026**



**ജയ്നമ്മ സ്കറിയ**
**നെടുംപറമ്പിൽ (ചക്കാലയിൽ)**
**കുറിച്ചി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**33 – ാം ചരമവാർഷികം**
**22- 06 -2026**



**വി. ഒ. ജോസഫ്**
**വെളുത്തേടത്ത് മാവേലിൽ**
**ചിങ്ങവനം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**ദുഖാർത്തരായ കുടുംബാംഗങ്ങൾ**

**20 – ാം ചരമവാർഷികം** **12 – ാം ചരമവാർഷികം**
**04-07-2026** **02-06-2026**



**T. M. Mathew** **Lizzykutty Mathew**

**Theverkuzhy**
**Jagathy, Trivandrum**

**സന്തപ്ത കുടുംബാംഗങ്ങൾ**

## 4 – ാം ചരമവാർഷികം
13 – 06 – 2026




# K.T.THOMAS
Kunnumpurathu (H), Thazhathangady,
Kottayam

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 19 – ാം ചരമവാർഷികം
26-06-2026

## 11 – ാം ചരമവാർഷികം
12-05-2026





**കുര്യൻ കുര്യൻ** **മറിയാമ്മ കുര്യൻ**

**വെച്ചൂപറമ്പിൽ**
**വാകത്താനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

## 25 – ാം ചരമവാർഷികം
15 – 06 – 2026



# K.K.Abraham
Kochethu, Anchani, Ranni

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം
30- 05 -2026



# സജു കുറിയാക്കോസ്
**കല്ലൂപ്പറമ്പിൽ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

18 –ാം ചരമവാർഷികം
**05-06-2026**

10 –ാം ചരമവാർഷികം
**24-05-2026**





**റ്റി.സി. ഇട്ടിയവിര**
**(ജോയി)**

**ശോശാമ്മ ജോയി**

**തൈക്കുറിഞ്ഞിയിൽ തോപ്പിൽ**
**തിരുവൻവണ്ടൂർ**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

**സന്തപ്ത കുടുംബാംഗങ്ങൾ**

8 –ാം ചരമവാർഷികം
**27-06-2026**

16 –ാം ചരമവാർഷികം
**24-05-2026**





**E.O. Punnoose**
**(George)**

**Achamma Punnoose**

**Elampallil, Thiruvanvandoor**

മാമോദീസയെനിക്കോർത്താൽ–
മുങ്ങാത്തൊരു നൌ–ക, നാഥാ! നിൻ കൃപ
കാണണമേ–ഞാനുത്ഥാനത്തിൽ

**സന്തപ്ത കുടുംബാംഗങ്ങൾ**

18 –ാം ചരമവാർഷികം
**04-11-2026**

15 –ാം ചരമവാർഷികം
**17-07-2026**



**എൻ. ഐ. ഏബ്രഹാം**

**അച്ചുകുട്ടി ഏബ്രഹാം**

**നെടുവേലിൽ**
**കല്ലിശ്ശേരി**

**സന്തപ്ത കുടുംബാംഗങ്ങൾ**

03 –ാം ചരമവാർഷികം
**05-07-2026**



**അമ്മിണി ഏബ്രഹാം**
**നെടുവേലിൽ**
**കല്ലിശ്ശേരി**

**സന്തപ്ത കുടുംബാംഗങ്ങൾ**




## 50 – ാം ചരമവാർഷികം
**01-06-2026**

# ഏലിയാമ്മ ചാക്കോ

**കോടത്തുപറമ്പിൽ**
**വെസ്റ്റ് ഓതറ പി. ഒ.**
**തിരുവല്ല**
മുളയ്ക്കാംതുരുത്തി പാറയിൽ
കുടുംബാംഗമാണ്

**സന്തപ്ത കുടുംബാംഗങ്ങൾ**

## 01 – ാം ചരമവാർഷികം
**09-06-2026**



## പി.കെ. ജോസഫ് (ഔസേഫ്)
**പുലയംകാട്ടിൽ (പുതിയേടത്ത്)**
**രാമമംഗലം**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

## 04 – ാം ചരമവാർഷികം
**13-06-2026**



## എം. റ്റി. കുറിയാക്കോസ്
**മുരിക്കനാടി**
**മുണ്ടപ്പുഴ, റാന്നി**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**


1 –ാം ചരമവാർഷികം
3-06-2026



**P.K. SKARIA (JOY)**
പുത്തൻപറമ്പിൽ,
കുഴിമറ്റം, നെല്ലിക്കൽ

സന്തപ്ത കുടുംബാംഗങ്ങൾ

17 –ാം ചരമവാർഷികം
09-06-2026



**ഷൈൻ ബിജു** (ബാവച്ചി)
പാറയിൽ
ആനത്തടം, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

39 –ാം ചരമവാർഷികം
22-06-2026



**തങ്കമ്മ തോമസ്**
ചെറുവട്ടക്കാട്ട്
ഐത്തല, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

03 –ാം ചരമവാർഷികം
09-06-2026



**അന്നമ്മ ജോസഫ്**
കുന്നുംപുറത്ത്, ഇരവിപേരൂർ
തോട്ടപ്പുഴ

സന്തപ്ത കുടുംബാംഗങ്ങൾ

17 –ാം ചരമവാർഷികം
09-06-2026



**മറിയാമ്മ തോമസ്**
മുക്കാട്ട്
കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ


17 –ാം ചരമവാർഷികം
08-06-2026



**കെ. പി. തോമസ്**
എട്ടൊന്നിൽ (തോട്ടത്തിൽ)
കുലശേഖരം

സന്തപ്ത കുടുംബാംഗങ്ങൾ


25 –ാം ചരമവാർഷികം
11-06-2026



**സി.കെ. ഏബ്രഹാം**
(അവറാച്ചൻ)
ചിറയ്ക്കൽ, കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

8 –ാം ചരമവാർഷികം
04-06-2026



**കുഞ്ഞൂഞ്ഞമ്മ മാത്യു**
കൊടിഞ്ഞൂപള്ളത്ത്
മഴുക്കീർ

സന്തപ്ത കുടുംബാംഗങ്ങൾ

21 –ാം ചരമവാർഷികം
19-06-2026



**C.K. Mathew**
Chandanappalliyil,
West Othera

സന്തപ്ത കുടുംബാംഗങ്ങൾ

40 –ാം ചരമദിനം
02-06-2026



**ചാച്ചിക്കുട്ടി**
ചെട്ടിയാറയിൽ
കുറ്റൂർ, തലയാർ

സന്തപ്ത കുടുംബാംഗങ്ങൾ


2 –ാം ചരമവാർഷികം
24-06-2026



**V.S. Elias**
**Vattathakidiyil,**
**Chingavanam**

സന്തപ്ത കുടുംബാംഗങ്ങൾ

14 –ാം ചരമവാർഷികം
26-06-2026



**സി.പി. തോമസ്** (ബേബി)
ചെട്ടുവള്ളിൽ
തുരുത്തിക്കാട്

സന്തപ്ത കുടുംബാംഗങ്ങൾ

*In loving memory*

*First Anniversary of Departure*

**23rd June 2026**



# Fr. Punnoose Abraham

## Kallamparampil

Kallamparambil Achen was a visionary, a skilled administrator, and a dedicated servant of the church. His sacrificial services at our Boston & Hartford parishes, and to the North American Knanaya Community was remarkable. May his legacy of faithfulness, good works and service inspire and guide us!

*ആചര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോ*
*ആചാര്യന്മാർ ക്കേകുക പുണ്യം നാഥാ സ്തോത്രം*

**Members of St. Stephen's**
**Knanaya Church Boston, USA**

Advt - O

Registered No. KL/CHC/29/2024-26
Published on 15 June 2026
License No. KL/CR/CHC/WPP-3/2024-26
Licensed to Post Without Prepayment

**KNANAYA DEEPAM**
Chingavanam

PRGI No. KERBIL/2006/19210
Vol. 37, Issue: 6 ₹20

Posted at RMS Kottayam


## 3 – ാം ചരമവാർഷികം

24 – 06 – 2026



Advt - O

# Thomas V. Abraham
## (Excel Sabu)
### Valanjanthuruthil, Ranni

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*


Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**